# കാത്തിരുന്ന കണ്ണുകൾ

ഈ പുസ്തകം വായിച്ച് [illegible]
വായനക്കാരൻ സമയം നഷ്ടപ്പെടുന്നതു്.
എന്നാൽ [illegible] വായനക്കാരിക്ക് സമയം
കളയണമെന്നാഗ്രഹമുള്ളതുകൊണ്ട് തീർച്ചയായും
ഈ സുന്ദരമായ പുസ്തകം
വായിക്കണം

31/10/75

CLS

NATIONAL BOOK STALL

# കാത്തിരുന്ന കണ്ണുകൾ

എൻ. കെ. കുരുവിള

ആമല്ലൂർ.

KOTTAYAM PUBLIC LIBRARY
KOTTAYAM
49964
85

ഈ സ്നേഹത്തിന്റെ
കവർ പേജ് കാണുമ്പോൾ കഥ എങ്ങനെയുള്ളതാണെന്ന്
മനസ്സിലാക്കാം

What a story is this?

THE CHRISTIAN LITERATURE SOCIETY

MALAYALAM BRANCH

TIRUVALLA.

The Christian Literature Society
(In association with the united Society for
Christian literature)
Post Box 501, Park Town, Madras-3 & at:
Mysore, Bangalore, Tiruvalla, Kodaikanal,
Coimbatore, Tiruchirappally.

KATHIRUNNA KANNUKAL
(Malayalam)

BY N. K. KURUVILLA

First Impression 1970.

No. of Copies 2000.

PRINTED AT
*The K. P. Press,*
Kottayam.

Price: 1. 45.

## പ്രസാധകക്കുറിപ്പ്

ശ്രീ. എൻ. കെ. കരുവിളയുടെ 5 പുസ്തകങ്ങൾ സി. എൽ. എസ്സ്. ഇതിനോടകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആറാമത്തെ ഗ്രന്ഥമാണ് കാത്തിരുന്ന കണ്ണുകൾ എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുന്ന ഈ നോവൽ.

ഇരുളടഞ്ഞതും നിരാശ നിറഞ്ഞതുമായ പടുകുഴിയിലേക്ക് നിപതിച്ചുപോയ മനുഷ്യജീവിതത്തെ ആത്മികപ്രസരത്താൽ എങ്ങനെ രൂപാന്തരപ്പെടുത്തുവാൻ സാധിക്കുമെന്ന് സമർത്ഥിക്കുവാൻ ഗ്രന്ഥകർത്താവ് ഈ നോവലിൽക്കൂടി പരിശ്രമിക്കയാണ്.

തിരുവല്ലാ,
30–11–70.

പ്രസാധകർ.

# സമൎപ്പണം

ഒരു ഞെട്ടിൽ പൊട്ടി വിടൎന്നു
ഇരു മൊട്ടുകളിൽ,
എൻെറ കൊച്ചനുജൻ
കൊച്ചുണ്ണൂണ്ണിക്കു്.

# കാത്തിരുന്ന കണ്ണുകൾ

## ഒന്നു്

ആലിശ്ശേരിക്കുടുംബത്തിന്റെ അഭിമാനസ്തംഭമാണു് ലോലമ്മ. ആറ്റുനോറ്റുണ്ടായ മകൾ. ആലിശ്ശേരി മത്തായിച്ചനും ഭാര്യ മറിയാമ്മയും തങ്ങളുടെ വിവാഹത്തെത്തുടർന്നു് നീണ്ട പതിനാറു വർഷങ്ങൾ കാത്തിരുന്നു, ഒരു കൊച്ചുകാലു കാണാൻ. കാഴ്ചകളും നേർച്ചകളും വളരെ കഴിച്ചു. വെച്ചൂട്ടും തേച്ചുകുളിയും വർഷങ്ങളായി നടത്തി. വസ്ത്രദാനവും പിടിപ്പണവും ഒട്ടും കുറിച്ചില്ല. പുണ്യസ്ഥലദർശനവും, നേർച്ചയിടീലും, നോയിമ്പാചരണവും അവർക്കു നിത്യമെന്നോണം പതിവായിത്തീർന്നു. ഏതായാലും ദൈവം പ്രസാദിച്ചു് അവർക്കു കൊടുത്ത ഏക സന്താനമായിരുന്നു ലോലമ്മ. അവൾ ആകൃതിയിലും പ്രകൃതിയിലും ഒന്നുപോലെ മെച്ചപ്പെട്ടവളായിരുന്നു.

ലോലമ്മ ക്ലാസ്സിൽ മിടുമിടുക്കിയായി പഠിച്ചു. ഓരോ ക്ലാസ്സിലും ഒന്നാമതായി ജയിച്ചു. പടിപടിയായി കയറിപ്പോയ ലോലമ്മ ബി. എസ്സ്‌സി. പരീക്ഷയ്ക്കു ക്ലാസ്സെടുത്തുതന്നെ പാസ്സായി. അവധിക്കാലങ്ങളിൽ സംഗീതവും തയ്യലും പഠിക്കാൻ അവൾ ഒട്ടും ഉപേക്ഷ വിചാരിച്ചില്ല. ഒരുദിവസം മൂളിപ്പാട്ടും ആലപിച്ചുകൊണ്ടു് വീടിന്റെ കോലായിൽ ഇരുന്നു് ലോലമ്മ വിചിത്രമായ ഒരു തയ്യൽപണി നടത്തുകയായിരുന്നു.

അപ്പോഴാണു് നടുവിലേത്തു് ഉമ്മച്ചൻ ആ വീട്ടിലേക്കു കയറിവന്നതു്. പാട്ടിൽ ലയിച്ചു് തുന്നൽപ്പണിയിൽ ദത്തശ്രദ്ധയായിരുന്ന ലോലമ്മ ഉമ്മച്ചൻ കയറിവന്നതു കണ്ടില്ല. അവൾ അവിടെത്തന്നെയിരുന്നു തുന്നൽ

പണി തുടന്നു. ഉമ്മച്ചനും മുററത്തു പടന്നുനിന്ന കമ്പിളി നാരകത്തിൻെറ തണലിൽ ചില മിനിററുകൾ നിന്നിമേഷനായി നോക്കിനിന്നു. അദ്ദേഹം അല്പംകൂടെ മുമ്പോട്ട ടുത്തു. കാൽപെരുമാററം കേട്ടു് ലോലമ്മ തിരിഞ്ഞുനോക്കി. അവൾ വേഗത്തിൽ എഴുനേററു് ആഗതനോടുള്ള ആദരവു കാട്ടി.

ഉമ്മ:—എന്താ കുഞ്ഞേ! മത്തായിച്ചൻ ഇവിടെ ഇല്ലയോ?

ലോല:—ഇല്ല. അപ്പച്ചൻ വൈകിട്ടേ വരൂ.

ഉമ്മ:—ഉം. എവിടാ പോയിരിക്കുന്നതു്?

ലോല:—എനിക്കറിഞ്ഞുകൂടാ—അമ്മച്ചിക്കറിയാം.

ഈ ശബ്ദംകേട്ടു് മറിയാമ്മ ഇറങ്ങിവന്നു. കണ്ടമാത്രയിൽ തന്നെ മറിയാമ്മ മനസ്സിലാക്കി എന്തിനാണു് ഉമ്മച്ചൻ വന്നതെന്നു്. ഉമ്മച്ചനെ അറിയാത്തവർ അടുത്ത കരയിലെങ്ങും ആരുമില്ല. എല്ലാ വീട്ടും ഉമ്മച്ചനറിയാം. ഓരോ വീട്ടിലേയും യുവതീയുവാക്കന്മാരുടെ പേരും അവരേക്കുറിച്ചുള്ള വിശദീകരണവും ഉമ്മച്ചൻെറ ഉടുപ്പിൻെറ പോക്കററിൽ കിടക്കുന്ന ഡയറിപ്പുസ്തകത്തിലുണ്ടു്. ആ നാട്ടിലെ ചെറുപ്പക്കാരുടെ പേരും, നാളും, വയസ്സും, തൊഴിലും, വിദ്യാഭ്യാസയോഗ്യതയും, ഉദ്യോഗവും, ശമ്പളവും എന്നുവേണ്ടാ എല്ലാററിനും സാക്ഷ്യംവഹിക്കുന്നതാണു് ഉമ്മച്ചൻെറ ഡയറിപ്പുസ്തകം. അയാളുടെ ഉദ്യോഗത്തിനു് ആ പുസ്തകം അപരിത്യാജ്യവുമാണു്.

ഉമ്മച്ചൻെറ ജോലിക്കു ശമ്പളമല്ല, കമ്മീഷനാണു്. തൻെറ ജോലിയിൽ ഉള്ള നൈപുണ്യം അത്ഭുതാവഹമത്രേ. ആരെയും പറഞ്ഞു് വളക്കാനുള്ള കഴിവു് ഉമ്മച്ചൻെറ ഒരു പ്രത്യേകതയാണു്. നടുവിലേത്തു് ഉമ്മച്ചൻെറ ആലോചനയിൽ പല കല്യാണങ്ങളും ആ നാട്ടിൽ നടന്നിട്ടുണ്ടു്. അദ്ദേഹത്തെ നടുവിലേത്തു് ഉമ്മച്ചൻ എന്നറിയുന്നതിൽ അധികമായി പലരും അറിയുന്നതു് "കല്യാണകൃഷ്ണൻ'' എന്ന പേരിലാണു്. ആ പ്രത്യേക പേരുപറഞ്ഞാൽ പ്രായഭേദമെന്യേ സകലക്കും അദ്ദേഹ

ഞ്ഞ അറിയാം. അറിയാത്തവർ ആരും അടുത്ത പ്രദേശത്തെങ്ങും കാണുകയില്ല. ആ പേരു കേഠംക്കുമ്പോഠം ആദ്യകാലത്തു് ഉമ്മച്ചനു് അല്പം 'കില്ലി' തോന്നുമായിരുന്നെങ്കിലും ഇന്നു് ആ നാമം ഉമ്മച്ചൻ അഭിമാനത്തോടെ അംഗീകരിക്കുന്ന ഓമനപ്പേരായിത്തീന്നിരിക്കുകയാണു്. ഉമ്മച്ചൻെറ ആലോചനയിൽ നടന്നിട്ടുള്ള കല്യാണങ്ങഠം കുറച്ചൊന്നുമല്ല.

അവസരോചിതമായി സംസാരിക്കാൻ ഉമ്മച്ചനു കഴിയും. യുവതീയുവാക്കന്മാരുടെ വയസ്സു കൂട്ടാനോ കുറയ്ക്കാനോ ഉമ്മച്ചനു പ്രയാസമില്ല, പ്രായമായ പെൺമക്കളുള്ള തള്ളമാരുടെ പഠംസ് ഒററനോട്ടത്തിൽ പിടിച്ചെടുക്കാനുള്ള കഴിവു് നമ്മുടെ കല്യാണകൃഷ്ണനു് വളരെ അധികമുണ്ടു്.

മറി:--എന്താ ഉമ്മച്ചാ മുററത്തുതന്നെ നില്ക്കുന്നതു്?

ഉമ്മ:--ഓ! ഒന്നുമില്ല, രാഗം മൂളിക്കൊണ്ടിരിക്കുന്ന ലോലമ്മേടെ സംഗിതമാധുരിയിൽ ലയിച്ചുനിന്നുപോയെന്നേയുള്ളു.

മറി:--കയറി ഇരിക്കാമല്ലോ. വാചകക്കസെർത്തു് പിന്നാട്ടെ.

ഉമ്മ:--അതേ, അതേ, കസത്തൊന്നുമല്ല. ഉള്ളതാ പറഞ്ഞതു്. ഭയങ്കരദാഹം, നല്ല വെയിലല്ലേ--?

ഉമ്മച്ചൻ അവിടെക്കിടന്ന കസേരയിലിരുന്നു.

മറി.--കുടിക്കാൻ....തണുത്തതു വല്ലതുമാണോ .......അതോ ചൂടാണോ....?

ഉമ്മ.--അതെ, അതെ, ആദ്യം തണുത്തതാകട്ടെ. ദാഹം തീർന്നു് അല്പംആശ്വസിച്ചിട്ടു് ചൂടുപുറകെആകാം.

ലോല:--അപ്പോഠം പിന്നത്തേക്കുള്ളതിനും ചൂണ്ട എറിഞ്ഞല്ലോ.

ഉമ്മ:--ഉവ്വു്..ആളൊട്ടുംമടുപ്പല്ല! ഉമ്മച്ചനെ വർരുകയു്, അല്ലേ, ആട്ടെ, ആട്ടെ, നിങ്ങളു പഠിച്ചവരല്ലേ, സാഹിത്യം ഒട്ടും കുറയത്തില്ല. സംഗീതോം ഉണ്ടു്.

മറിയാമ്മ കൊണ്ടുവന്ന ക്കുംഡ്രിംഗ്സ് ഉമ്മച്ചൻ വാങ്ങി രണ്ടുമൂന്നു പിടിക്കു് അകത്താക്കി. ഒഴിഞ്ഞ ഗ്ലാസ് മറിയാമ്മയുടെനേക്കു നീട്ടി. ഉമ്മച്ചൻ തുടന്നു: ഇത്തരം ഗ്ലാസുണ്ടല്ലോ അതിൽ കുടിക്കേണ്ടതു് സുഖിമാന്മാരാണു്. ഞങ്ങളെപ്പോലുള്ള അദ്ധ്വാനികാംക്കു് ഈ ഗ്ലാസൊക്കെ വെറും കണ്ണങ്ങാക്കുടക്കയാ.

മറി:—എന്താ കുറേക്കൂടെ വേണോ?

ഉമ്മ:—വേണോന്നു്. അതേ അതേ, ഇത്തരം ഒന്നോ രണ്ടോ പാത്രംകൂടെ പോരട്ടെ. ഒന്നു തണുക്കട്ടെ. ഒന്നു മില്ലേ ഒരു നല്ലകാര്യമല്ലേ വരാമ്പോന്നെ.

മറി:—എന്താ വല്ലതുമായോ?

ഉമ്മ:—കൊള്ളാം. നല്ല ഒരു പാർട്ടി വന്നുവലേവീണിട്ടുണ്ടു്. ഒത്താൽ പററിയ പണിയാ.

മറി:—എവിടാ കോക്കട്ടെ.

ഉമ്മ:—ഒരു സിംഗപ്പൂരുകാരനാ—എന്താ പോരേ? പണി പററിയാ......പഞ്ഞം തീന്നില്ലേ!! എൻെറ ഉടയ് വനെ—രൂപാ ചെക്കകണക്കല്ലെ. അവൻെറ കൈ കുട ഞ്ഞാ പണമാ.......

കൊച്ചനെന്താ കണ്ടാൽ ...?

ഉമ്മ:—കൊച്ചനോ, കൊള്ളാം കൊള്ളാം. സൂര്യനുദിച്ചപോലല്ലേ. പ്രകൃതമോ, ഒന്നാംതരം. അവനെ കാണാൻ കൊടുക്കണം കാശു്.

മറി:—എന്തു കൊടുക്കണം? വല്ലോം പറഞ്ഞോ.

ഉമ്മ:—അഹ്—ഹ്—ഹാ പറഞ്ഞോന്നു്. പിന്നെ ചുമ്മാതാണോ. എല്ലാം പറഞ്ഞു് ഒരുക്കിവച്ചിരിക്കുകാ. പക്ഷേ........

മറി:—എന്നാ—പക്ഷേ........?

ഉമ്മ:—അതോ—പറയാം. പലരും എങ്ങനാന്നറിയാമോ. പാലം കടക്കുവോളം നാരായണ നാരായണാ, പാലം കടന്നാപ്പിന്നെ കൂരായണ കൂരായണാന്നാ, മനസ്സിലായോ? എന്തിനാ പൊളിച്ചുപറേന്നെ.

മറി:—എന്താ പറ, കേക്കട്ടെ.

ഉമ്മ:—അതേ, അതേ, പറയാം, നമ്മളെ ഒന്നു ശരിക്കു മൈൻറുചെയ്താ മതി—കാര്യം എന്നക്കി കയ്യീത്തരാം. ഈ ഉമ്മച്ചനാരും ഒന്നും എങ്ങുന്നും കൊണ്ടുവന്നു തരണ്ടാ. വക യൊക്കെ ഞാനൊണ്ടാക്കിത്തരാം. ലാഭം വരുത്തിത്തരുന്ന തേൽ ഒരു വീതം മതി.

മറി:—ഞാൻ ചോദിച്ചതിൻെറ മറുപടി പറഞ്ഞി ല്ലല്ലോ. എന്തോ കൊടുക്കണം?

ഉമ്മ:—എന്തോ കൊടുത്താലെന്നാ, മുപ്പത്തഞ്ചോ, നാല്പതോ, അമ്പതോ കൊടുത്താലെന്നാ. അമ്പതിനൊ ണ്ട് പുള്ളി. എങ്കിലും ഒരു ഇരുപതിനായിരത്തേൽ ഒതു ക്കിത്തീക്കാം. അതിനു ഞാൻ ഒരു പതിനഞ്ചേൽ പിടി ച്ചിരിക്കുകാ. മത്തായിച്ചൻകൂടെ വന്നാമതി—നമുക്കു പണി എണക്കാം.

മറി:—അയ്യോ അതിനൊന്നും ഇവിടില്ലേ. വേറേ ആർക്കും പവുക്കെണ്ടോല്ലോ. ഒള്ളത് അവക്കല്ലേ. പിന്നെ ചെലവിനു വല്ലോം അഞ്ചോ ആറോ കൊടുക്കാം.

ഉമ്മ:—താണ്ടെ കണ്ടോ. ഇതാ ഇന്നത്തെ ലോകം. കൊടലെടുത്തുകാണിച്ചാപ്പറേം വാഴച്ചപ്പാന്ന്. എന്തവാ യിച്ചൂട വല്ലതുമായോ?

മറി:—കുടിക്കാനാണോ?

ഉമ്മ:—കുടിച്ചാലും വേണ്ടില്ല, കഴിച്ചാലും വേണ്ടില്ല, എങ്ങനേലും കാര്യം നടക്കണം. പെങ്കൊച്ചുങ്ങളെ അതാ തിൻെറ പരുവത്തിൽ എറക്കിവിടണം. പരുവം തെററി യാലൊണ്ടല്ലോ—എന്തു വെഷമമാന്നറിയാമോ. ഒരു പരുവം കഴിഞ്ഞാപ്പിന്നെ തറിഒത്തുകിട്ടാനാ പ്രയാസം. അതിൻെറ പാട് ഈ ഒള്ളോക്കല്ലേ അറിയാവൂ.......

ഇങ്ങനെ സമയം കുറേക്കഴിഞ്ഞു. ഉമ്മച്ചൻ മുഷ്ടാന്ന മായി ഉച്ചഭക്ഷണം കഴിഞ്ഞു നീണ്ടുനിവന്നുകിടന്ന് ഒന്നു റങ്ങി. രണ്ടുമണിക്കൂർ നേരത്തെ ഉറക്കം കഴിഞ്ഞു് എഴു നേററിരുന്ന ഉമ്മച്ചൻ നീട്ടി ഒരു കോട്ടുവാ വിട്ടു മറിയാമ്മ

ഒരു കപ്പ് കാപ്പിയുമായി വന്നു. ഉമ്മച്ചൻ അതു വാങ്ങി സാവകാശത്തിൽ കുടിച്ചു. വഴിച്ചെലവിന് അഞ്ചു രൂപയും വാങ്ങി അവിടെനിന്നും പുറപ്പെട്ടു അയാാം മുററത്തിറങ്ങിനിന്നു ചോദിച്ചു: ലോലമ്മേ, മോളേ പോട്ടെ. ഉമ്മച്ചനെ മറക്കരുത്; നല്ലകാലം വരുമ്പം ... ...

ഉമ്മച്ചൻ കുറച്ചു മുമ്പോട്ടു നടന്നിട്ട് തിരിഞ്ഞുനിന്നു പറഞ്ഞു: അപ്പഴേ—മറിയാമ്മേ, പറേണ്ട ഒരു കാര്യം പറയാൻ വിട്ടുപോയല്ലോ. എപ്പഴാ അങ്ങോട്ടു പോന്നെ. മത്തായിച്ചൻ വരുമ്പം പറയണം മറേറന്നാ നെലം വെളുക്കമ്പം ഞാൻ ഇവിടെ വരുമെന്ന്. അങ്ങോട്ടു പോകാൻ ഒരുങ്ങിയിരിക്കണം. അയാാം നടന്നകന്നു. മകളോടുള്ള സ്നേഹവായ്പിനാൽ, മറിയാമ്മ— എൻെറ ദൈവമേ നീ മാത്രം തൊണ, എന്നുപറഞ്ഞ് ഒരു നെടുവീർപ്പോടെ ഉമ്മച്ചൻെറ പോക്ക് നോക്കിനിന്നു. ഉമ്മച്ചൻ കണ്ണിൽനിന്നു മറയുന്നതുവരെ മറിയാമ്മ അവിടെനിന്നു മാറിയില്ല.

ലോല:—അമ്മയെന്നാമ്മെ അവിടെത്തന്നെ അങ്ങ് നില്ക്കുന്നത്. കല്ല്യാണം നടത്തിയേ അമ്മ അവിടെനിന്നു മാറുകയുള്ളെന്നു തോന്നുന്നല്ലോ?

അമ്മ:—നിനക്കെന്നാ പെണ്ണേ? ബാക്കിയുള്ളവക്കറിയാം അകത്തെ വെഷമം.

ലോല:—കല്ല്യാണകൃഷ്ണനെ അമ്മേയ്ക്കറിയാമോ? അവക്ക് മുടക്കൊന്നുമില്ല. സുഖമായ ഭക്ഷണം. നല്ല സ്വീകരണം—വഴിച്ചെലവിനു കാശ്. നടന്നുകഴിഞ്ഞാൽ അപ്പുറത്തോട്ടും ഇപ്പുറത്തോട്ടും കൈ നീട്ടും. കണക്കു പറഞ്ഞു വാങ്ങും.

മറി:— എടീ പെണ്ണേ! നിനക്കു കൊച്ചുവർത്തമാനം കുറെ കൂടുതലാ. തമ്പുരാൻതന്ന നാക്കു വായിൽ കെടക്കട്ടെ.

ലോല:— അമ്മേ! അമ്മേം അപ്പച്ചനേം ഒന്നും ഞാൻ കുററം പറകയല്ല, ഇയാാം ഒരു കല്യാണ'കൊത്ത'നല്ലേ? ആരായാലും വേണ്ടില്ല ഒരു കല്യാണംനടന്ന് കുറെ 'തെറ്റുല്' അടിക്കണമെന്നും അത്രയുംകാലം സുഖമായി 'ക

ഴിക്കണം' എന്നും അല്ലാതെ ഇക്കൂട്ടൎക്ക് വേറെ എന്താണ് സാധിക്കേണ്ടതു്. നാം ചെയ്യേണ്ടതു ചെയ്യണം എന്നേ പറഞ്ഞുള്ളു.

മറി:— ആ മനുഷ്യനു് എന്തു ബദ്ധപ്പാടുവന്നു. ഈ നട്ടുവെയിലത്തു് അയാൾ വെട്ടിവിയൎത്താ വന്നതു്. നിനക്കു വായിവരുന്നതൊക്കെപ്പറയാം. മനുഷ്യരെക്കൊണ്ടു് അധികപ്രസംഗിയെന്നു പറയിക്കരുതു്.

ലോല:— എൻെറ അമ്മേ! അമ്മയുടെ ശുദ്ധഗതി ഓൎത്തു ഞാൻ അത്ഭുതപ്പെടുകയാണു്. സത്യം എന്നു തോന്നുന്ന കാൎയ്യങ്ങൾ തുറന്നുപറയാൻ മടിച്ചു നല്ലപിള്ള ചമയുന്നവരുടെ എണ്ണം വൎദ്ധിച്ചതാണു് ലോകത്തിനു് ഇന്നു പററിയിരിക്കുന്ന വലിയ വിപത്തു്.

മറി:— ഓ! അവൾ തുടങ്ങിയല്ലോ അദ്വൈതം. ചുമ്മാതല്ല പഴവന്മാർ പറയുന്നതു് അടുക്കളയിൽ കിടക്കേണ്ടതിനെ അടുക്കളയിൽ കിടത്തണം എന്നു്. എഴുതാനും വായിക്കാനും കണക്കുകൂട്ടാനും പഠിച്ചാൽ പെമ്പിള്ളാരെ പിന്നെ പഠിക്കാൻ മുന്നോട്ടുവിടരുതെന്നു്. നല്ല കാൎയ്യമാ. "പെമ്പിള്ളാരെ ഹൈസ്കൂളിൽ വിട്ടു പഠിപ്പിച്ചാൽ അവരു നരകത്തിപ്പോകാൻ പിന്നെ വേറെ വഴി വേണ്ടാന്നും കോളേജിൽ വിട്ടാൽ അവർ നരകത്തിൻെറ വേലിപൊളിച്ചു് ഭൂമീലോട്ടു നീട്ടിക്കെട്ടു"മെന്നും ഇവിടുത്തെ വല്യപ്പച്ചൻ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു്.

ഇത്രയുമായപ്പോഴേക്കു് മത്തായിച്ചൻ ദൂരെനിന്നു മടങ്ങിവരുന്നതു് മറിയാമ്മ കണ്ടു. അവൾ പറഞ്ഞു: അതാ വരുന്നു നിൻെറ അപ്പച്ചൻ. നിൻെറ ഈ വായാടിത്തരം ഞാൻ ഇന്നു നിൎത്തുന്നുണ്ടു്. മത്തായിച്ചൻ അപ്പോഴേക്കും വീട്ടുമുററത്തു വന്നുകയറി. അപ്പച്ചാ എന്നു വിളിച്ചുകൊണ്ടു് ഓമനമകൾ സ്നേഹനിധിയായ പിതാവിൻെറ അടുക്കലേക്കു ചെന്നു. വാത്സല്യമകളുടെ സമീപനം ആ അപ്പനെ ആനന്ദനിൎവൃതി അണയിച്ചു.

മത്താ:— എന്താ മകളെ! ഇന്നൊരു പ്രത്യേകത. നീ ഒരുപാടു തയിച്ചോ. നിൻെറ കണ്ണു് വിളിച്ചുപറേന്നല്ലോ നീ വളരെ ക്ഷീണിച്ചാണെന്നു്.

ലോല:– ഇല്ലപ്പച്ചാ. ഞാൻ ക്ഷീണിച്ചോന്നുമല്ല, ആ കുഷ്യൻതയ്യലിന്നു കുറെ മിനക്കെട്ടെന്നേ ഉള്ളൂ.

മത്താ:– അങ്ങനെ ഒരേ ഇരുപ്പിൽ ഇരുന്ന് അത്രയേറെ ബദ്ധപ്പെടേണ്ട. കണ്ണിനു കേടാ. അധികം ബദ്ധപ്പെട്ടാൽ തലവേദന വരും.

മറി:–ഓ! അപ്പൻെറ ഒരു പുന്നാരമോള്. കൊഞ്ചിച്ചു കൊഞ്ചിച്ചു കൊച്ചിനെ വെറുതെ കളഞ്ഞു.

മത്താ:–ആ–ഇന്നു കാര്യം വല്ലാതല്ലാ. എന്തുപററി–ഏതാണ്ടുണ്ടല്ലോ.

മറി:– ഓ! ഉണ്ട്. ഇങ്ങോട്ടു വന്നവഴി ആ ഉമ്മച്ചനെ കണ്ടോ?

മത്താ:– ഏതുമ്മച്ചനാ.

ലോല.– (ചിരിച്ചുകൊണ്ട്) അപ്പച്ചാ കല്യാണകൃഷ്ണൻ.

മത്താ:– ഓ! ഓ! ഞാൻ കണ്ടു. അങ്ങേ വളവിനു വച്ചു കണ്ടു.

മറി:– വിവരം പറഞ്ഞോ.

മത്താ:– പറഞ്ഞു. മറേറന്നാറം വെളുപ്പിനുവരും. ഒരുങ്ങിയിരിക്കണം എന്നു പറഞ്ഞു.

മറി:- എന്നിട്ട്?

മത്താ:– എന്നിട്ടെന്താ–ഏതായാലും ഒന്നു പൊയ്ക്കളയാം. ചെന്നു കാണട്ടെ കേട്ടിടത്തോളം തരക്കേടില്ലെന്നാ തോന്നുന്നതു്.

മറി:– ഒരു സിംഗപ്പൂരുകാരനല്ലേ. നാഴിയരിക്കു മുട്ടു വരാതെ കഴിയാമല്ലോ.

ലോല:– ദൈവമില്ലാത്ത സിംഗപ്പൂരുകാരനോ പേർഷ്യക്കാരനോ ആണേൽ .. ..നാഴിയരിക്കു മാത്രമല്ല നാലു തൊഴിക്കും മുട്ടുവരികയില്ല.

AYAM PUBLIC LIB

അപ്പനും മകളും പൊട്ടിച്ചിരിച്ചു. അമ്മയുടെ കണ്ണു ചുവന്നു. ഇതാ ഞാൻ പറഞ്ഞതു്, ഇവളുടെ നാക്കിനു നീളം കുറേ കൂടുതലാന്നു്.

മത്താ:— എങ്ങനെ നാക്കിനു നീളം കുറയും! ഏത്ര മ്മേടെ മോളാന്നു് ഓക്ക്ണ്ടോ?

മറി:–ചുമ്മാതല്ല ഈ അപ്പൻ ഒരുത്തനാ ഈ പെണ്ണിനെ ഇങ്ങനെ കളഞ്ഞതു്. ഇരുത്തികൊഞ്ചിച്ചുകൊഞ്ചിച്ചു് ഇന്നതേ പറയാവെന്നില്ല. ഇന്നാരോടേ പറയാവെന്നില്ല!!

മത്താ:— എടീ! അവരു നല്ല വിവേകമുള്ളവളാണു്. ആരോടും ആവശ്യമില്ലാത്തതു് ഒന്നും പറകയില്ല. പറഞ്ഞിട്ടുമില്ല.

മറി:– നേരാ! ആ ഉമ്മച്ചൻ വന്നതിനെക്കുറിച്ചു പറഞ്ഞതൊക്കെ കേക്കണമാരുന്നു.

മത്താ:— എന്തുപറഞ്ഞു?

മറി:— പറഞ്ഞതോ. അയാരു ഉണ്ണാനും പണം ഒണ്ടാക്കാനും നടക്കുകയാണെന്നു്.

മത്താ:– ആഹാ! അത്രേയുള്ളോ. മുഴുവൻ ശരിയല്ലെങ്കിലും അതിലും കാര്യം ഉണ്ടു്.

ലോല:- അപ്പച്ചാ! ഇക്കൂട്ടൎക്കു് കല്യാണം നടത്തണം എന്നല്ലാതെ മറെറാരു ചിന്തയുമില്ല. എത്രഎത്ര പേരുടെ ആയുസ് ഇക്കൂട്ടരു നരകതുല്യമാക്കിയിട്ടുണ്ടെന്നറിയാമോ? ഞങ്ങളുടെ കോളജിൽത്തന്നെ അനുഭവമുണ്ടു്.

മറി:– പിന്നേം അവരു തുടങ്ങി. കേട്ടാട്ടെ. അപ്പൻ ചെവി തുറന്നു കേട്ടാട്ടെ.

ലോല:— കേരുക്കാനൊന്നുമില്ല–ഇതു സത്യമാണു്. നല്ലവണ്ണം ചിന്തിക്കേണ്ടതാണു്. ഒരു കല്യാണം ആലോചിച്ചാൽ പണം മാത്രം നോക്കിയാൽ പോരാ! ഉദ്യോഗം മാത്രം നോക്കിയാൽ പോരാ! തിരക്കേണ്ടതും അറിയേണ്ടതും പലതും ഉണ്ടു്. അവയെല്ലാം നല്ലവണ്ണം ആലോചിക്കണം.

മറി:– പഠിച്ചാട്ടെ—പഠിച്ചാട്ടെ. അപ്പൻ ശിഷ്യപ്പെട്ടാട്ടെ. മകളെ പഠിപ്പിക്കും.

മറിയാമ്മ കലിതുള്ളി അക്ഷമയോടെ പറഞ്ഞു.

ലോല:– എൻെറ അമ്മേ പണം!! പണംനോക്കിപ്പോയ എത്രപേർ നരകവേദന അനുഭവിക്കുന്നുണ്ടെന്നറിയാമോ? ദൈവമില്ലാത്തവൻെറ കയ്യിലെ പണം. അതു തീയാണു്!! അതു വിഷമാണു്!! അതു നരകവേദനയാണു്! സുബോധമില്ലാത്തവൻെറ കയ്യിലെ ആയുധം എന്ന വണ്ണം അതിനെ ഭയപ്പെടണം.

മത്താ:– മകളെ! ഒന്നു ഞാൻ പറയാം. മാനംകോയിക്കൽ തറവാട്ടുകാരാണു്. അവർ ആഭാസന്മാരൊന്നുമല്ല. പേരും പെരുമയും ഉള്ളവരാണു്. അവരോടുള്ള ബന്ധം എന്തുകൊണ്ടും നമുക്കു നല്ലതാണു്.

ലോല:– അപ്പച്ചാ! അപ്പച്ചനെങ്കിലും എന്നെ തെററിദ്ധരിക്കരുതു്. അനേക തറവാട്ടുകാരുടെയും തറ ഇന്നു വാടിക്കെടുകയാണു്. ശപിക്കപ്പെട്ട തലമുറ അങ്ങനെയുള്ളിടത്തു ധാരാളം മുളച്ചുവരും. ഏതനീതിയും ചെയ്യാൻ അവർ മടിക്കയില്ല. പണം അതിനു വളമിടും. ദുരഭിമാനം അതിനു തണൽ കുത്തും. അങ്ങനെ അനേകഭവനങ്ങളിൽ മുള്ളും പറക്കാരയും ഇന്നു വളൎന്നിരിക്കയാണു്. അതുകൊണ്ടു് ധൃതിയൊന്നുംവേണ്ടാ. നല്ലവണ്ണം, സാവകാശത്തിൽ എല്ലാം അന്വേഷിക്കണം. കൊത്തന്മാരെയല്ല, ദേശത്തു കൊള്ളാവുന്നവരുമായി ആലോചിക്കണം. ഇതു കച്ചവടമല്ല. മാറി എടുക്കാവുന്നതുമല്ല. വളരെ പ്രാൎത്ഥിക്കണം. ദൈവഹിതത്തിൽ കാര്യങ്ങൾ പുരോഗമിക്കണം. നല്ലവണ്ണം ആലോചിക്കണം. ഉമ്മച്ചൻെറ വാക്കു് അതിൻെറ മുഖവിലയിൽ എടുക്കരുതു്.

മത്താ:– മകളെ നീ പറഞ്ഞതു മുഴുവൻ ശരിയാണു്. എനിക്കതിൽ യാതൊരഭിപ്രായവ്യത്യാസവും ഇല്ല. കാക്കച്ചുണ്ടെലും പൊന്നു് ഇരുന്നെന്നു വരാമല്ലോ. നമുക്കു് അതുകൊണ്ടു് ആലോചിക്കാം. അംഗീകരിപ്പാനും നിരാകരിപ്പാനും ഉള്ള അവകാശം നമുക്കാണു്.

ഹാ!— അപ്പനും മകളുംകൂടെ ചേൎന്നു് മുഖത്തുവന്ന മഹാലക്ഷ്മിയെ തുത്തെറിഞ്ഞുകളയരുതു്. എനിക്കത്രേയുള്ളൂ പറയാൻ.

രണ്ടു്

മാനംകോയിക്കൽ വീട്ടിലെ ഇളയമകനാണു് സുകു. ചുരുണ്ട മുടി, ചുവന്ന കണ്ണു്, നീണ്ട മൂക്കു്, വട്ടമുഖം, കറുത്തിരുണ്ട തഴച്ചുതിങ്ങിയ മേൽ മീശ. അതു് അരയിഞ്ച്യ വീതിയിൽ വളൎന്നു് മേൽചുണ്ട മുഴവൻ മൂടിയിട്ടുണ്ടു്. കാതുകളുടെ അടിനിരപ്പിനു സമംവച്ചു വടിച്ചൊതുക്കി വളൎത്തിയ കൃതാവും ആ മേൽമീശയുംകൂടി ഒററനോട്ടത്തിൽ തന്നെ സുകുവിൻെറ മുഖത്തിൻെറ ഗൗരവത്തിനു മാററു കൂട്ടുകയും ഹൃദയത്തിൻെറകാളിമ വിളിച്ചറിയിക്കയും ചെയ്യും. ശരീരം അത്ര തടിച്ചതല്ലെങ്കിലും തീരെ ശോഷിച്ചതല്ല. നീണ്ടു് ഒതുങ്ങിയ ശരീരം, നല്ലനിറം, ഒററനോട്ടത്തിനു് തറവാട്ടമഹത്വം വെളിപ്പെടുന്ന ഒരു തന്മ, പൊതുവെ നല്ല ആകാരവടിവു്.

അയാറം പുകഞ്ഞു നീറിക്കൊണ്ടിരുന്ന ഒരു സിഗററും പിടിച്ചുകൊണ്ടു് മുററത്തുനില്ക്കുമ്പോഴാണു് ആലിശ്ശേരി മത്തായിച്ചനും നമ്മുടെ കല്യാണകൃഷ്ണനുംകൂടി അങ്ങോട്ടു കയറിച്ചെന്നതു്.

സുകുവിൻെറ അപ്പൻ കുഞ്ചാണ്ടിച്ചൻ ഗേററുകടന്നു കയറിവരുന്ന ഉമ്മച്ചനേയും കൂട്ടുകാരനേയും കണ്ടു് മുററിയിൽ നിന്നു് ഇറങ്ങിച്ചെന്നു് അഭിവാദനത്തോടെ സ്വീകരിച്ചു.

കുഞ്ചാ:—— രാവിലെ തിരിച്ചെന്നു തോന്നുന്നല്ലോ.

ഉമ്മ:— അതേ, അതേ, രാവിലെതന്നെ പോന്നു. മകൻ സിംഗപ്പൂരിൽനിന്നു വന്നല്ലോ.

കുഞ്ചാ:— വന്നു. ഇന്നലെ പത്തുമണിക്കു വന്നു.

മത്താ:— മകനായിരിക്കും മുററത്തുനില്ക്കുന്നതു്.

കുഞ്ചാ:— അതേ. അവൻതന്നെ.

ഉമ്മച്ചൻെറ ശബ്ദംകേട്ട് കുഞ്ചാണ്ടിച്ചൻെറ ഭാര്യ ഏലാമ്മ അടുക്കളയിൽനിന്ന് പൂമുഖത്തേക്കു വന്നു. അവർ ഒരു പുഞ്ചിരിയോടെ ചോദിച്ചു. അല്ല, ഉമ്മച്ചൻ രാവിലെതന്നെ പോന്നല്ലോ. കൂടുള്ള ആരാ?

ഉമ്മ:– അറികയില്ലേ? അദ്ദേഹമല്ലേ നമ്മുടെ മത്തായിച്ചൻ. ആലിശ്ശേരി മത്തായിച്ചൻ എന്നു കേട്ടിട്ടില്ലേ? മത്തായിച്ചനെ അറിയാത്തവർ ചുരുക്കമൊ.

കുഞ്ചാ:– കേട്ടിട്ടുണ്ട്. ഇടപെട്ടിട്ടില്ലെന്നേയുള്ളു.

അവക്ക് നാട്ടുവത്തമാനങ്ങരം പലതും പറയാനുണ്ടായിരുന്നു. കാർഷികവും, രാഷ്ട്രീയവും, സാമുദായികവും, വ്യാവസായികവും ആയ വിഷയങ്ങരം എല്ലാം അതിൽ ഉരംക്കൊണ്ടിരുന്നു. പൂർവ്വാപരബന്ധങ്ങളോ പ്രത്യേക ഉദ്ദേശ്യങ്ങളോ ഒന്നുംതന്നെ ആ സംസാരത്തിലില്ലായിരുന്നെങ്കിലും അതു് ഇടമുറിയാതെ നീണ്ടുനിന്നു. ഇടയ്ക്കിടെ സുകുവും അതിൽ പങ്കുകൊള്ളാതിരുന്നില്ല. നീറിക്കത്തി നശിച്ചുകൊണ്ടിരുന്ന സിഗററുകരം നീളം കുറയുമ്പോരം വലിച്ചെറിഞ്ഞിട്ട് പുതിയതുപുതിയതു് ആ സ്ഥാനം അലങ്കരിപ്പിക്കുവാൻ സുകു ഒട്ടും ഉദാസീനത കൈക്കൊണ്ടില്ല. തനിസ്വഭാവത്തിൻെറ പ്രതിച്ഛായ എന്നവണ്ണം സുകുവിൻെറ പക്കൽനിന്നു സിഗററും കുഞ്ചാണ്ടിച്ചൻെറ ചെല്ലത്തിൽ നിന്നു മുറുക്കാനും ഏററുവാങ്ങി ആതിഥ്യം അംഗീകരിപ്പാൻ ഉമ്മച്ചൻ ഉത്സുകനായിരുന്നു.

സുകുവിൻെറ കയ്യിലെ സിഗററു് എന്നവണ്ണം അവൻെറ ഹൃദയവും പുകഞ്ഞുനീറിക്കൊണ്ടാണിരുന്നതു്. സുകുവിൻെറ ദർശനമാത്രയിൽതന്നെ മത്തായിച്ചൻെറ ഹൃദയത്തിലും എന്തെന്നില്ലാത്ത ഒരു അസ്വാസ്ഥ്യം ആരംഭിച്ചു. കാരണം നിശ്ചയമില്ല. ഏതോ ഒരു അസ്വസ്ഥത. സുകുവിൻെറ ചുവന്ന കണ്ണും നീണ്ട കൃതാവും വളന്ന മേൽമീശയും എല്ലാംകൂടി കണ്ടിട്ടോ എന്തോ? മത്തായിച്ചൻെറ മനസ്സിൽ ഒരു നീററൽ. തൻെറ പ്രിയ മകരം ലോലമ്മ ഒരു വശത്തു്. സുന്ദരനെങ്കിലും സദാചാരനിഷ്ഠ നിഴലിച്ചിട്ടില്ലാത്ത സുകുവിൻെറ രൂപം മറുവശത്തു്. ഇരുവരും മത്തായിച്ചൻെറ മനോമുകുരത്തിൽ തെളിഞ്ഞു.

കാർമേഘാവൃതമായ ആകാശംപോലെ ഒരു ഇരുളിമ മത്തായിച്ചൻെറ ഹൃദയത്തിൽ തിങ്ങിക്കൂടി. ആ കാളിമയുടെ വ്യാപാരം ഹൃദയത്തിൽ മാത്രമല്ല, മത്തായിച്ചൻെറ മുഖത്തും നിഴലിച്ചു. അറിയാതെ ഒന്നുരണ്ടു് ചൂടേറിയ നെടുവീർപ്പുകൾ മത്തായിച്ചനിൽനിന്നു ബഹിർഗമിച്ചു. അയാൾ ഇരുന്ന ഇടത്തുനിന്നു് എഴുന്നേററു മുററത്തേക്കിറങ്ങി സുകുവിനോടു സംഭാഷണം ആരംഭിച്ചു. മത്തായിച്ചൻെറ പരിചയത്തിൽപെട്ടവരും സിംഗപ്പൂരിൽ ജോലിയുള്ളവരുമായ പലരെയും കുറിച്ചു് അവർ സംസാരിച്ചു.

മാങ്കോത്തു ലൂയീസ് അവരുടെ സംഭാഷണവിഷയമായ പലരിൽ ഒരുവനായിരുന്നു. തൻെറ അടുത്ത സ്നേഹിതനായ ഈപ്പൻമുതലാളിയുടെ മകനായിരുന്നു ലൂയീസ്കുട്ടി. ലൂയീസ്കുട്ടിയെ സുകു അറിയും എന്നു പറഞ്ഞപ്പോൾ മത്തായിച്ചൻെറ മുഖം തെളിയുകയും സുകുവിൻെറ മുഖം ഇരുളുകയും ചെയ്തു. അധികം ജിജ്ഞാസയോടെ അയാൾ ലൂയീസ്കുട്ടിയെക്കുറിച്ചു് പലതും ചോദിച്ചു. ലൂയീസിനെക്കുറിച്ചുള്ള ഓരോ അന്വേഷണവും സുകുവിൻെറ കാതുകളിൽ നാരായം ചുട്ടുപഴുപ്പിച്ചിറക്കുന്നതുപോലെ വെറുപ്പും വേദനയും ഉളവാക്കി. ലൂയീസിനറിയാം സുകുവിൻെറ ജീവിതരഹസ്യം മുഴുവൻ. ആ സംസാരത്തിനു വിരാമമിടാൻ സുകു കിണഞ്ഞുപരിശ്രമിച്ചു. ലൂയീസ്കുട്ടിയുടെ പേക്കു് ഒന്നെഴുതിയാൽ സുകുവിനെ സംബന്ധിച്ചുള്ള സകല വിവരങ്ങളും അറിയാൻ കഴിയുമല്ലോ എന്നോർത്തു് മത്തായിച്ചൻ ആശ്വസിച്ചു. കീരിയുടെ വലയത്തിൽനിന്നു് ഒഴിഞ്ഞുമാറാൻ വെമ്പൽകൊള്ളുന്ന പന്നഗത്തെപോലെ സുകു ഉഴറി. അയാൾക്കു് ലൂയീസിനെക്കുറിച്ചു് ഒരു നല്ലവാക്കുപോലും പറയാനില്ലായിരുന്നു. ഏററം ഹീനമായി ജീവിക്കുന്ന വഷളനായ ഒരു ചെറുപ്പക്കാരനായി സുകു ലൂയീസിനെ ചിത്രീകരിച്ചു.

മത്തായിച്ചൻെറ അറിവിലും പരിചയത്തിലും ഏററം ഉത്തമനായിരുന്ന ലൂയീസ്കുട്ടിയെക്കുറിച്ചുള്ള അഭിപ്രായങ്ങൾ കേട്ടപ്പോൾ അദ്ദേഹം അമ്പരന്നുപോയി. അ

യാം പരിചയിച്ച ലൂയീസിന്റെ കാര്യംതന്നെയാണോ സുകു പറയുന്നതു് എന്നുപോലും മത്തായിച്ചൻ സംശയിച്ചു.

മത്താ:— ലൂയീസ് വളരെ നല്ലവനും ആദർശസമ്പന്നനുമായ ഒരു യുവാവായിട്ടാണല്ലോ ഞാൻ അറിഞ്ഞിട്ടുള്ളതു്.

സുകു:— നേരാ! നേരാ! ആള് വളരെ പിശകനാ. അവന് ആദർശോമില്ല—സമ്പത്തുമില്ല.

മത്താ:— അവൻ അവധിക്കു വന്നു തിരിച്ചുപോയിട്ട് ആറു മാസത്തിൽ കൂടുതലായില്ലല്ലോ. അന്നും ഞങ്ങൾ തമ്മിൽ സംസാരിച്ചതാണ്. വളരെ നല്ല ചെറുപ്പക്കാരനായിട്ടാണ് അപ്പോഴും ഞങ്ങൾക്കു് അനുഭവപ്പെട്ടതു്.

സുകു:— കൊള്ളാം. ആരോടും വഴക്കുണ്ടാകും. ആരെക്കുറിച്ചും എന്തും പറയും, എന്നിട്ട് സത്യത്തിനു സാക്ഷി നിൽക്കുന്ന സ്ഥാപകയോഹന്നാനെന്നാ ഭാവം.

മത്താ:— ചെറുപ്പത്തിലെ നീതിക്കു നില്ക്കുന്ന പ്രകൃതമാണു്.

സുകു.— ഓ നീതി. ഇവനെല്ലാം കള്ളന്മാരാ. മനുഷ്യരെ കളിപ്പിക്കാനുള്ളതെല്ലാം കയ്യിലുണ്ടു്.

ഇത്രയുമായപ്പോഴേക്കു് ഏലാമ്മ മുററത്തേക്കു് ഇറങ്ങി വന്നു. 'അല്ലേലും മത്തായിച്ചാ എവനു് ആരേം പിടുത്തമല്ല' എന്നു പറഞ്ഞുകൊണ്ടു് അവരുടെ സംസാരത്തിനു വിരാമം ഇട്ടു. മത്തായിച്ചനെ കാപ്പി കുടിക്കാൻ ക്ഷണിച്ചു. അത്ര സന്തോഷത്തോടെയല്ലെങ്കിലും മത്തായിച്ചൻ ക്ഷണം സ്വീകരിച്ചു. കാപ്പികുടിക്കിടയിൽ അവർ സുകുവിന്റെയും ലോലമ്മയുടെയും വിവാഹം നടത്തുന്നതുസംബന്ധിച്ചു പലതും പറഞ്ഞു. പരസ്പരം ആശയങ്ങൾ ധരിപ്പിച്ചു. സൈഡുതിരിയാതെയും ആരെയും പിണക്കാതെയും ഉമ്മച്ചൻ ചതുരതയോടെ ഇരുപാട്ടുകാരുടെയും ആശയം പരസ്പരം ഗ്രഹിപ്പിച്ചു. അധികം താമസിയാതെ മത്തായിച്ചനും ഉമ്മച്ചനുംകൂടെ യാത്ര പറഞ്ഞു് മാനംകോ

യിക്കൽനിന്നു പുറപ്പെട്ടു. അവർ കുറെ മുമ്പോട്ടു നടന്നപ്പോഠം മത്തായിച്ചൻ ഉമ്മച്ചനോടായി പറഞ്ഞു.

മത്താ:— ഉമ്മച്ചാ! കാരണം എന്താണെന്നു് അറിഞ്ഞുകൂടാ എൻെറ മനസ്സിനു് എന്തോ ഒരു വല്ലായ്മ.

ഉമ്മ:—എന്താ കൊച്ചനെ പിടിച്ചില്ലേ?

മത്താ.— അതല്ല, കൊച്ചൻ തരക്കേടില്ല.

ഉമ്മ:— തരക്കേടില്ലെന്നല്ല ചരക്കു മെച്ചമാ, കുടുംബമോ! നാട്ടിൽ പേരും പെരുമയുമുള്ള തറവാട്ടുകാരാ മാനം കോയിക്കക്കാരു്. പിന്നെ ഒന്നും അങ്ങു മിണ്ടാതിരുന്നാ മതി, ഒത്തുക്കിഎടുത്തു പണി എണക്കിത്തരുന്ന കാര്യം ഉമ്മച്ചനേററു. നമ്മളിതെത്ര കണ്ടതാ.

ഉമ്മച്ചൻെറ വാചാലതയുടെ മുമ്പിൽ യാത്രക്ലേശം അറിയാതെ അവർ മത്തായിച്ചൻെറ വീട്ടിൽ എത്തി. പോയ വിവരവും മകളുടെ ഭാവിയും അറിയാനുള്ള ആകാംക്ഷയോടിരുന്ന മറിയാമ്മ ചോദിച്ചു: കാര്യങ്ങഠം എത്തററമായി.

ഉമ്മ:— എന്നാ ആകാനാ. ഉമ്മച്ചൻ ഇതുവരെ മുന്നോട്ടു വച്ച കാലു് പുറകോട്ടു വച്ചിട്ടില്ല. ചോദിച്ചാട്ടെ കേക്കണോലു്. പവിഴം പോലൊരു കൊച്ചൻ. കാണണോ കൊട്ടക്കണ്ണം കാശു്.

ലോലമ്മ:— അങ്ങനാണോ? എന്നാൽ വല്ല പ്രദർശനശാലേലെങ്ങാനും വല്ലവരും തട്ടിക്കൊണ്ടുപോയാ നമ്മളു ചുററുമല്ലോ.

മത്താ.— കൊച്ചൻ കാഴ്ചയ്ക്കു തരക്കേടില്ല. ആകൃതി കൊണ്ടു് പ്രകൃതികൂടെ വരണം. അല്ലേൽ മഹാ കൊഴപ്പമാ.

ഉമ്മ:— എന്താ പ്രകൃതക്കേടു്. എന്തോ കണ്ടു ദോഷം.

മറി:— അപ്പോഠം, കണ്ടാൽ തരക്കേടില്ല; അല്ലേ. അങ്ങനാ വേണ്ടിയതു്. പണ്ടേ എൻെറ ആഗ്രഹം കണ്ടാൽ കൊള്ളാവുന്ന ഒരു ചെറുക്കനൊരിക്കണമെന്നാ. തമ്പുരാൻെറ കൃപയാൽ അതൊത്തു.

ഉമ്മ:– പിന്നെ ഒക്കാഞ്ഞതെന്നാ കുടുംബമാണോ? പണമില്ലയോ? ഉദ്യോഗമില്ലയോ? പിന്നെന്നാ പോരാത്തതു്.

ലോല:–ഉമ്മച്ചൻെറ വർത്തമാനം കേട്ടിട്ടു് സകലവും തികഞ്ഞ ലക്ഷണമാ. 'മിന്നുന്നതെല്ലാം പൊന്നാ'ണെന്നു വിചാരിക്കരുതു്.

ഉമ്മ:-ഇതെന്തൊരു കൊച്ചാ കുഞ്ഞു് ആ കൊച്ചനെ ഒന്നുകാണണം .. പിന്നെ .. കമാന്നു മിണ്ടുകേല.

ലോല:– എന്നാ നമുക്കു് ആ കല്ല്യാണമേ വേണ്ട. കണ്ടാ മിണ്ടുകേലേ പിന്നെന്നാ.

ഉമ്മ:– ഇതാ പറേന്നതു് വല്ല്യോരെ കുഴിച്ചിട്ടന്നിടത്തു് പിള്ളേരെ കുഴിച്ചിടരുതെന്നു്.

ലോല:–ഉമ്മച്ചാ പറഞ്ഞതൊക്കെ കൊള്ളാം. സുന്ദരക്കുട്ടൻ ആയിരിക്കും. എം. ഏ എൽ. എൽ. ബി ആയിരിക്കും. പണം ധാരാളം ഉണ്ടെന്നുവരാം. ദൈവമില്ലാതെ ദുർവൃത്തനായി നടക്കുന്ന ഒരു ചെറുപ്പക്കാരനാണെങ്കിൽ!!

മറി:-അതുകൊണ്ടു് ഇപ്പോ എന്തോ വേണമെന്നാ നീ പറേന്നെ. ചക്കയാണോ തുന്നിച്ചുനോക്കാൻ. അല്ലേ! നിൻേറൽ ദൈവമുണ്ടല്ലോ. അവനേക്കൂടെ നീ അങ്ങു് ദൈവമുള്ളോനാക്കണം.

മത്താ:– ഞ വറം പറഞ്ഞതു ശരിയാ കാലക്കേടിനു് അങ്ങനങ്ങു് ആയാൽ നരകമല്ലേ.

മറി:– അല്ലേലും പണ്ടേ പതിവാ, അപ്പനും മോളും ഒരു കയ്യാ. വെറുതെ പെണ്ണിനെ കൊഞ്ചിച്ചു കൊഞ്ചിച്ചു വഷളാക്കുവാ.

ഉമ്മ;–അതാ ഞാനും പറേന്നെ. മുഖത്തു വന്ന മാലെക്ഷിമി തുത്തുകളയരുതു്. വിതിയില്ലാത്തോക്കു നിതി കിട്ടിയാലെന്നു പറഞ്ഞോണക്കാ! എന്തിനു പറേന്നു. ബാക്കിയൊള്ളോനറിയാം പെട്ടപാടു്.

മറി:– ഉമ്മച്ചാ നമുക്കു് ആ കല്യാണം മതി. അതങ്ങു നടക്കണം. ഒന്നുമില്ലേലു്... പെങ്കൊച്ചിനു വെഷമി

ക്കെണ്ടാല്ലോ. ഓരോ സിംഗപ്പൂരുകാരും പേർഷ്യാക്കാരു മൊക്കെ കെട്ടിയ പെമ്പിള്ളാരു നടക്കുന്ന നടപ്പ് കണ്ടാൽ കൊതി വരും ...

ലോല:- അമ്മേ, പറയുന്നതിനു കടകം പറകയല്ല. ഒടുവിൽ വിഷമിക്കാതിരിക്കണേൽ നല്ലവണ്ണം തിരക്കി അറിഞ്ഞിട്ടേ കാര്യത്തിൽ കടക്കാവു പേർഷ്യാക്കാരനെ ന്നും സിംഗപ്പൂരുകാരനെന്നും പറഞ്ഞുകൊണ്ടായില്ല. വീട്ട വിട്ടുമാറി പണത്തിനുപരുവവുമുള്ള ഓരോരുത്തരു നടക്കു ന്നതു തെരക്കി അറിയണം. എങ്ങനൊക്കെയൊണെന്നു്.

ഉമ്മ:- അങ്ങനെ പറ. ആള മാറിയല്ലോ. അതുപോ ലെ നടക്കണേ മതി. ഇപ്പം പൂച്ച വെളിക്കു ചാടിയല്ലോ.

ലോല:-ഉമ്മച്ചൻ കണ്ട പൂച്ചയല്ല ഞാൻ കണ്ട പൂച്ച. ആരേയും പേടിക്കാത, ദൈവത്തെ ഭയവും മനുഷ്യരെ ശങ്കയുമില്ലാതെ നടക്കുന്ന അനേകരുണ്ടു്. അവരുടെ പുറ കെ എറങ്ങിത്തിരിച്ചു്കണ്ണുനീരും കയ്യുമായി നടക്കുന്ന എത്ര എത്ര എണ്ണത്തെ എനിക്കറിയാം. അങ്ങനെ വരാ തിരിക്കണമെന്നാ പറഞ്ഞതു്.

മറി:- പണ്ടത്തേക്കാലത്തു് ഇങ്ങനെ വല്ലോമാന്നോ. അവനോൻെറ തന്തമാരുപോയി ആലോചിക്കും. അതങ്ങു നടക്കും അതിനു പകരം ഇപ്പം........അല്ല ഞാനോക്കകാ രുന്നു. പതിമൂന്നാമത്തെ വയസ്സിലിവിടെ വന്നതാ. അവ നോൻെറ തലേവിതി പോലാ ഓരോ അനുഭവം.

ലോല:-അമ്മെ, അങ്ങനെ തലേവിധി ഒന്നുമില്ല. ആരും തലേല് ഒന്നും എഴുതീട്ടുമില്ല. മനുഷ്യൻ ചെയ്യേ ണ്ടതു് മനുഷ്യൻ ചെയ്യണം. പാമ്പിനേപ്പോലെ ബുദ്ധി യും പ്രാവിനെപ്പോലെ കപടമില്ലായ്മയും വേണം.

ഉമ്മ:- കമ്മമുള്ളോരു വല്ലോരുംഅടിച്ചോണ്ടുപോന്നേ നുമുമ്പ് ചെവിക്കുചെവി അറിയാതെ അങ്ങു നടത്തിയാ നടക്കും.അല്ലേൽ... കാര്യം ഉളുക്കും. ഞാൻ പറഞ്ഞേക്കാം. ഞാനെറങ്ങുകാ. കയ്യിലിരിക്കുന്ന കല്ല് എറിഞ്ഞുകളഞ്ഞാ പിന്നെ പിടിക്കാനൊക്കുകേലാ.

മറി:– ഉമ്മച്ചാ; ഇത്തറ തിറുതി എന്നാ... ഇറങ്ങാമല്ലോ കാപ്പി കുടിച്ചിട്ടാട്ടെ.

ഉമ്മ:– ഓ! കാപ്പി....... അല്ലേൽ എളുപ്പമാട്ടെ.

മറിയാമ്മ വേഗത്തിൽ അടുക്കളയിലേക്കുപോയി. ചൂടാക്കിവച്ചിരുന്ന വെള്ളം എടുത്തു വേഗം കാപ്പിയുണ്ടാക്കി. പലഹാരങ്ങൾ സേഫിൽനിന്നെടുത്തു. ഉമ്മച്ചൻ കാപ്പികുടി കഴിഞ്ഞു. രഹസ്യമായി മറിയാമ്മ കൊടുത്ത സംഭാവനയും പരസ്യമായി മത്തായിച്ചൻ വഴിച്ചെലവിനെന്നുംപറഞ്ഞു കൊടുത്ത പൊതിക്കെട്ടും വാങ്ങി യാത്രയായി. മറിയാമ്മ ഒന്നുകൂടെ ഓപ്പിച്ചു: 'അപ്പഴേ എങ്ങനേലും കാര്യം നടത്തണം കേട്ടോ'. ഉമ്മച്ചൻനടന്നകന്നു.

ലോല:– അമ്മേ, എങ്ങനേലും നടത്തണം എന്നുവച്ചു നടത്തിയ കല്യാണം പലതും കണ്ണുനീരിലാ അറിയാമോ. ഉമ്മച്ചനു് ഇതിലുള്ള താല്പര്യം കുറെ പണമാണു്. അതിൽ കവിഞ്ഞ ലക്ഷ്യമൊന്നും അയാൾക്കില്ല. ഭക്ഷണോം കിട്ടും. അനുഭവിക്കേണ്ടതു നമ്മളാ. കാളെ മാറി വാങ്ങുന്നതുപോലെ ഇതു മാറാവുന്നതല്ല. നാം ക്രിസ്ത്യാനികളല്ലേ.

മത്താ:–അതാ ഞാനും പറയുന്നതു്. മാങ്കോത്തെ ലൂയീസുകുട്ടി അവിടാ. അവനോടു തിരക്കിയാൽ കാര്യങ്ങൾ അറിയാം. ഞാൻ മാങ്കോത്തുചെന്നു് ലൂയീസുകുട്ടിയുടെ മേൽവിലാസം വാങ്ങിച്ചു് ഒന്നെഴുതാം. ഉള്ളതു് അറിയാ..

മറി:– ഇതാ ഞാൻ പറേന്നെ. ഇവിടെല്ലാം അറിയാം ഒന്നും അറിയാമ്മേലാതാനും. അവൻെറ പെങ്ങമ്മാരു കലയോ പുലിയോപോലെ രണ്ടുന്നെണ്ണം നിസ്സുന്നു, മലപോലെ. അവൻ അറിഞ്ഞാ വെച്ചേക്കുമോ,... തെരക്കാമ്പോന്നു,....ഒന്നും തെരക്കെണ്ടാ. അങ്ങു നടത്തിയാ മതി.

മത്താ:–നടത്തേണ്ടാ എന്നോ, നടത്തുകേലെന്നോ ആരാണ്ടു പറഞ്ഞോ? കാര്യങ്ങൾ നല്ലവണ്ണം തിരക്കി അറിയണം എന്നല്ലേ പറഞ്ഞൊള്ളു.

— മറി:— തെരക്കിത്തെരക്കി കാലം ഇത്രേമായി. പെണ്ണു മററിംഗ്ദ്രീഷു പാസ്സായപ്പോഴേ ഞാൻ പറഞ്ഞതാ, മതി....വല്ലടത്തും പറഞ്ഞയയ്ക്കണമെന്നു്. ''ആറിഅനന്ന കഞ്ഞീം, കീറി നനഞ്ഞ വെറകും, മൂത്തു നരച്ച പെണ്ണും'' ഒരുപോലാന്നു പഴവന്മാരു പറേന്നതു കേട്ടിട്ടില്ലേ....

മറിയാമ്മ ദൂരേക്കു നോക്കിക്കൊണ്ടു പറഞ്ഞു: ഉമ്മച്ചനല്ലേ ആ വരുന്നതു്. വല്ലോം മറന്നുപോയോ ...എന്നാതിരിച്ചു വരുന്നതു്. അതു് ഉമ്മച്ചന്റെ മറെറാരു അടവാണെന്നു മനസ്സിലാക്കാതെ മറിയാമ്മ പറഞ്ഞു. പാവം! അയാൾക്കു വരുന്ന കഷ്ടപ്പാടു്. 'തിന്ന വായിക്കു നന്ദിയുള്ളോനാ' ഉമ്മച്ചൻ വന്നു വീട്ടിൽ കയറി. വളരെ അടക്കമായി പറഞ്ഞു. പിന്നേ ഒരു കാര്യം.... മത്തായിച്ചൻ ഇങ്ങോട്ടു നീങ്ങി നിന്നേ....ഞാനങ്ങോട്ടു ചെന്നപ്പഴൊണ്ടല്ലോ... ഒരു പാർട്ടി വരുന്നു. ഞാൻ ചോദിച്ചു: എങ്ങോട്ടാന്നു്. എന്തിനു പറേന്നു....ഞാൻ കാര്യം മണത്തറിഞ്ഞു. അവർ പോകുകാരുന്നു മാനംകോയിക്കലോട്ടു്. ആ കൊച്ചനെ കാണാൻ....ഒരാലോചനേംകൊണ്ടു്. ഞാൻ പറഞ്ഞു: കൊച്ചൻ വന്നില്ലെന്നു്. അടുത്താഴ്ചേലേ വരത്തൊള്ളെന്നു്. ഒരുകണക്കിൽ ഞാൻ അവരെ തിരിച്ചുവിട്ടേച്ചു വരുകാരുന്നു, അതൊന്നു പറയാൻ. ആറിയകഞ്ഞി പഴങ്കഞ്ഞിയാ കേട്ടോ....കാര്യം നടക്കണേൽ 'ചടപിടോ'ന്നു വേണം. ഞാൻ എറങ്ങട്ടെ. എവരടെ അപ്പന്റേം മോടേം താളത്തിനു നിന്നാലൊണ്ടല്ലോ....'നേരം വെളുക്കുവോളം പന്നി നിക്കുകേല' കേട്ടോ. വിളിച്ചുചൊല്ലിയില്ലേലും ലൈസൻസ് എടുത്താണേലും ചെവിക്കുചെവി അറിയാതെ കല്യാണം നടത്തണം.

ലോല:— ചിരിച്ചുകൊണ്ടു പറഞ്ഞു: നേരാ ഉമ്മച്ചാ 'ഇപ്പം പൂച്ച പുറത്തുവന്നു' 'പന്നിയാ' അല്ലിയോ ഉമ്മച്ചാ.

മറുപടി പറയാതെ ഉമ്മച്ചൻ നടന്നകന്നു. മറിയാമ്മ കണ്ണിമയ്ക്കാതെ നോക്കിനിന്നു. അവർ ഒരുനെടുവീർപ്പിട്ടു... എൻെറ ദൈവമേ .. വല്ലവിധത്തിലും ഇതങ്ങു നടക്കണേ. അവർ അറിയാതെ പറഞ്ഞുപോയി. മത്തായിച്ചനും ലോലമ്മയും പൊട്ടിച്ചിരിച്ചു.

X X X X

മറി:—ഒരുകാര്യം; ലൂയീസിനും എഴുതെണ്ടാ....ഇവിടെ മേവിലാസം വാങ്ങുകേം വേണ്ട. എത്രേം എളുപ്പം കല്യാണം അങ്ങുറപ്പിക്കണം. അധികം നീട്ടിയിടാതെ നടത്തുകേം വേണം. ഇപ്പഴത്തേ കാലമല്ലേ....ഒന്നിനൊന്നില്ലാത്ത കാലം.

## മൂന്നു്

മത്തായിച്ചനും ഉമ്മച്ചനും മാനംകോയിക്കൽനിന്നു് ഇറങ്ങിപ്പോയി. അവർ വീടിൻെറ ഗെയിററുകടന്നു് കുറെ മുൻപോട്ടു പോകുന്നതുവരെ ഏലാമ്മ സഹിച്ചുനിന്നു. ക്ഷമയ്ക്കുമില്ലേ ഒരതിരു്. അവർ കലികൊണ്ടുതുള്ളി. വന്ന പോരായ്മയ്ക്കു് ഒരു പരിഹാരം ഉണ്ടാക്കാൻ അവർ എത്ര ശ്രമിച്ചിട്ടും വഴി കാണുന്നില്ല. അവർ പറയാൻ തുടങ്ങി, ചിറപൊട്ടിമറിയുന്ന ജലപ്രവാഹംപോലെ. ആ ഒഴുക്കിൽ പെടുന്നതു് ആരുതന്നെയായാലും വേണ്ടില്ല, ഒരു നിലപതവും കിട്ടുകയില്ല. ഭർത്താവെന്നോ മകനെന്നോ വേലക്കാരെന്നോ അയല്ക്കാരെന്നോ ഒരു നോട്ടവുമില്ല. ഏലാമ്മയ്ക്കു കോപം വന്നുകഴിഞ്ഞാൽപിന്നെ. അതു് ഏലാമ്മെ പരിചയിച്ചിട്ടുള്ള എല്ലാവർക്കും അറിയാവുന്ന കാര്യമാണു്. വല്ല നിവർത്തിയുമുണ്ടെങ്കിൽ ഏലാമ്മയുടെ മുഖത്തു കാറു കൊണ്ടുകഴിഞ്ഞാൽ കുഞ്ചാണ്ടിച്ചനും ആ മഴ പെയ്തു് കുറെക്കഴിഞ്ഞേ എന്തെങ്കിലും പറയാറുള്ളു. അല്ലാതെ ഇടപെട്ടിട്ടുള്ള പല സന്ദർഭങ്ങളിലും കുഞ്ചാണ്ടിച്ചൻെറ ക്ഷമ അററുപോയിട്ടുണ്ടു്. പ്രിയ ഭാര്യയുടെ നാക്കു് ചൊറിയൻ

നാക്കാണെന്നറിഞ്ഞിട്ടും ബുദ്ധിപൂർവ്വം മാറിക്കളയാതെ ഇരുന്നതിൻെറ ഫലമായി പരസ്പരം ഉണ്ടായിട്ടുള്ള വക്കാണത്തേയും കയ്യേററത്തേയും ഓർത്തു് കുഞ്ചാണ്ടിച്ചൻ മന:സ്താപപ്പെട്ടിട്ടുമുണ്ട്.

ഏലാ:-ഇവിടെ പണ്ടേ പതിവാ, വല്ലോം ഒരാവശ്യമുള്ളപ്പോഠം അവരം തിരിഞ്ഞുകയറുകയില്ല. കൊള്ളാവുന്ന രണ്ടുപേരല്ലേ വന്നേച്ചുപോയതു്... തിന്നുമുടിക്കാനല്ലാതെ ഇവിടെ ആളില്ലല്ലോ ...നന്ദികെട്ട പരിഷയെ ഇവിടെ കയററരുതെന്നു ഞാൻ പറഞ്ഞിട്ടുള്ളതാ.

കുഞ്ചാ:—നീ എന്താ ഈ പറയുന്നതു്? ആരു കയറിയില്ലെന്നാ.

ഏലാ:—ആരാ! ആരാണെന്നറിയാമ്മേലേ....തിന്ന വായിക്കു നന്ദിയില്ലാത്ത ആ തെണ്ടിക്കൂട്ടം.

കുഞ്ചാ:— പതിയെപ്പറ. വല്ല മനുഷ്യരും കേഠക്കും.

ഏലാ:— ഓ! ഒരു പുണ്യവാളൻ. കൊണതോഴിക്കാൻ വന്നിരിക്കുന്നു. ബാക്കിയുള്ളോരു കെടന്നു മടച്ചുമടച്ചു പരിചയമായിപ്പോയി.

കുഞ്ചാ:— പറയുന്നതു മററുള്ളവരുടെ മനസ്സിലാകട്ടെ.

ഏലാ:— എന്നാ മനസ്സിലാക്കാനാ....നിങ്ങടെ പൊന്നുങ്കൊടത്ത അയല്ക്കാരി . എളച്ചിപ്പെണ്ണിൻെറ കാര്യമാ പറഞ്ഞതു്. അവളെ കെട്ടിയെടുത്തു് ഇങ്ങോട്ടുകൊണ്ടുവരാൻ ഒത്തില്ലേൽ അവടെ തന്തതിപ്പെണ്ണൊണ്ടോരുന്നല്ലോ. ആ ശൃംഗാരിപ്പെണ്ണു്. ആരുടെ തോളേൽ കേറണമെന്നു കരുതി എത്തിക്കുത്തി നടക്കുന്ന കൊച്ചുകൊച്ചു്....ആ പട്ടത്തക്കാരി.

സുക:--ഈ അമ്മയ്ക്കെന്താ....അവരു വന്നില്ലെങ്കിൽ? കാര്യങ്ങഠം നടന്നില്ലെ. ഇനീം ലഹള വയ്ക്കണോ.

ഏലാ:-വന്നിരിക്കുകയാണോ ഒമ്പതാം കൊല്ലത്തിൽ എന്നെ മര്യാദപഠിപ്പിക്കാൻ. എനിക്കിവിടെ മിണ്ടാനൊക്കത്തില്ലെന്നല്ലോ വന്നിരിക്കുന്നതു്. ഇന്നാളു് ഇതുപോ

ലെ അവരുടെ കാര്യം ഏതാണ്ടോന്നു മിണ്ടിപ്പോയി. അപ്പത്തൊടങ്ങിയല്ലോ അപ്പൻ ഇന്നു മോനും തൊടങ്ങിയിരിക്കുകാണോ. രണ്ടുപേരും കൂടങ്ങോട്ടുചെല്ല്. അപ്പനും മോനും. അവിടൊണ്ട് അമ്മേം മോളും... എന്നെക്കൊണ്ടൊന്നും പറേമ്പല്ല്.

കുഞ്ചാ:—വർത്തമാനം പറയുന്നതിന് ഒരതിരുവേണം കേട്ടോ... കുഞ്ചാണ്ടിച്ചൻ മുഖം കറുത്തു പറഞ്ഞു.

ഏലാ:— അല്ലേല്

കുഞ്ചാ:— അല്ലേൽ ഇന്നാളത്തേതിൻെറ ബാക്കി നീ വാങ്ങിക്കും.

ഏലാ:— ബാക്കി എൻേറലും ഉണ്ട്.

പെരുമഴ പെയ്യുന്നതിനിടയ്ക്ക് ഇടിയുടെ മുഴക്കവും ഉണ്ടായി. അതുകേട്ട് സൂകു ഓടി അകത്തുചെന്നു തടസ്സം പിടിക്കാൻ— അമ്മയുടെ അടിയും കടിയും ഒന്നു രണ്ട് അവനും കിട്ടി... ഹേമം ഏലാമ്മയ്ക്കും മുറിവ് അപ്പനും. അങ്ങനെ കൊണ്ടുകോള് കുറെ പെയ്ത് ഒന്നവസാനിച്ചു. രംഗം ശാന്തമായി.

കല്ല്യാണക്കാർ വന്നപ്പോഴം അടുക്കളയിൽ വേലക്കാരില്ലായിരുന്നു എന്നതാണ് അന്നത്തെ വഴക്കിനു കാരണം എന്ന് കുഞ്ചാണ്ടിച്ചനും സൂകുവും മനസ്സിലാക്കി. ഏലാമ്മയ്ക്ക് അടുക്കളയിൽ പണിയെടുക്കേണ്ടിവന്നു എന്നതല്ല വിഷമം. കല്ല്യാണക്കാർ വന്നപ്പോഴം അടുക്കളപ്പണിക്ക് ആളില്ലാതെവന്ന അഭിമാനക്ഷതമാണ് അവക്കു സഹിച്ചുകൂടാത്തത്. പതിവായിവന്ന് മുറ്റത്തുവാരും തേച്ചുകഴുകും വെള്ളം കോരും ഒക്കെ നടത്തിക്കൊടുത്തുവന്ന എളച്ചിപ്പെണ്ണ് അന്ന് വന്നില്ല. അവർ തൊട്ടടുത്ത വീട്ടിലാണ് താമസം. അവളുടെ മകറം കൊച്ചുകൊച്ചിനെപ്പോലും വിട്ടില്ല. അതാണ് വഴക്കിനു കാരണം.

സൂകു ചെന്ന് കാര്യം അന്വേഷിച്ചപ്പോഴാണ് അറിഞ്ഞത് എളച്ചിപ്പെണ്ണിൻെറ മകറം കൊച്ചുകൊച്ചിനെ കാണാൻ അവിടെയും ഒരു ആറം വന്നിരുന്നു എന്നപരമാർത്ഥം. സൂകു അധികം അവിടെ നിന്നില്ല. ചില പൂർവ്വ സ്മരണകറം

KOTTAYAM PUBLIC LIBRARY

സുകുവിൻെറ ഹൃദയത്തിൽ നിഴലിച്ചു. കൊച്ചുകൊച്ച് കാഴ്ച്ചയ്ക്ക് സുഭഗയാണ്. ആകൃതിക്കുചേരുന്ന പ്രകൃതിയും. പഠിത്തത്തിലുള്ള സാമർത്ഥ്യം അവക്കൊന്നു പ്രത്യേകമായിരുന്നു. അവളായിരുന്നു ക്ലാസ്സിൽ ഒന്നാമതായി വിജയിക്കാറുണ്ടായിരുന്നതു്. അവളുടെ പഠിത്തം അവസാനിപ്പിക്കാൻ കാരണക്കാരൻ സുകുവായിരുന്നു.

പാട്ടിനു് കൊച്ചുകൊച്ചിനുള്ള ജന്മവാസന ആരേയും ആകർഷിക്കുമായിരുന്നു. സ്കൂളിലെ ഓരോ പ്രത്യേക ദിവസങ്ങളിലും പബ്ളിക്കു മീററിംഗുകളിലും സുന്ദരിയായ കൊച്ചുകൊച്ചു പാടാതിരുന്നിട്ടില്ല. എളച്ചിപ്പെണ്ണു് വിധവയാണ്. മൂന്നു കുട്ടികഠം മരിച്ചശേഷം ദൈവം ആയുസോടെ കൊടുത്തതാണ് കൊച്ചുകൊച്ചിനെ. അവഠക്കു് ഒരുവയസ്സാകുന്നതിനു മുമ്പു മരിച്ചതാണു് കൊച്ചുമാത്തൻ. മരംവെട്ടുകാരനായ കൊച്ചുമാത്തൻ മരത്തേന്നു വീണു പെട്ടെന്നു മരിക്കയാണുണ്ടായതു്. നിരാശ്രയയായ എളച്ചിപ്പെണ്ണു് വളരെ കഷ്ടപ്പെട്ടു് മകളെ വളർത്തി പഠിപ്പിക്കുകയായിരുന്നു. അവഠം എട്ടാം ക്ലാസ്സിലാണു് പഠിച്ചിരുന്നതു്. യൗവ്വനത്തിലേക്കു കാലൂന്നിയ കൊച്ചുകൊച്ചിൻെറമേൽ കുറെക്കാലമായി ദൃഷ്ടിവച്ചു വട്ടമിട്ടുനടന്ന കരിവണ്ടായിരുന്നു സുകു. നട്ടു വളർത്താനല്ല വെട്ടിമുറിക്കാൻ. പുഷ്പം ഏതായാലും വേണ്ടില്ല വണ്ടിനു് മധു ഉണ്ണണം. ഒന്നിൽ നിന്നു് മററൊന്നിലേയ്ക്കു്. ഇങ്ങനെ മൂരണ്ടു മൂരണ്ടു വട്ടം പറന്ന ആ ഭ്രുംഗപ്രമാണി ഒരു ദിവസം അയൽ വീട്ടിലെ പനിനീർ പുഷ്പത്തേയും സമീപിച്ചു. ആ വികട പ്രമാണിക്കു് അപ്പോഴാണു് മനസ്സിലായതു് അവൻ കണ്ട കൊച്ചുകൊച്ചു് പേടമാനല്ല ഘോരവ്യാഘ്രിയാണു് എന്നു്. അന്നത്തെ ഒരു ഭത്സനത്തിൻെറ ഫൂൽക്കാരം ഇന്നും സുകുവിൻെറ ചെവിയിൽ മുഴങ്ങുന്നുണ്ടു്. വിവരം അറിഞ്ഞ എളച്ചിപ്പെണ്ണും ഒട്ടും വിട്ടില്ല. അവഠം പാവപ്പെട്ടവളെങ്കിലും സ്ത്രീത്വം വില്ക്കാൻ അശ്ശേഷം ഒരുങ്ങാത്തവളായിരുന്നു അവളുടെ ചെറിയ ഭവനത്തിൽ പ്പണത്തിനല്ലാതെ പവിത്രതയ്ക്കു് ഒരു കുറവും ഇതുവരെ ഉണ്ടായിട്ടില്ല. ഉണ്ടാകരുതെന്നുള്ള നിർബന്ധക്കാരാണു് ആ അമ്മയും മകളും.

തുടന്ന് കുറെ നാളത്തേയ്ക്ക് എളച്ചിപ്പെണ്ണോ മകളോ മാനംകോയിക്കലോട്ടു കാലുകുത്തിയിട്ടില്ല. അതോടെ കൊച്ചുകൊച്ചിൻെറ പഠിത്തവും നിലച്ചു മാനംകോയിക്കൽ നിന്നു കിട്ടിക്കൊണ്ടിരുന്ന വരുമാനം നിലച്ചതാണ് കൊച്ചുകൊച്ചിൻെറ പഠിത്തം നില്ക്കാൻ കാരണമായതു്. ഏതാനും മാസങ്ങൾക്ക ശേഷം ഏലാമ്മ ഭയങ്കര രോഗം പിടിപെട്ടു കിടപ്പിലാണെന്നറിഞ്ഞപ്പോൾ മാത്രമാണ് എളച്ചിപ്പെണ്ണ് മാനംകോയിക്കലോട്ടു കയറിച്ചെന്നതു്.

ക്ഷീണയും അവശയുമായിരുന്ന ഏലാമ്മയെ അവർ ശുശ്രൂഷിച്ചു. വളരെ സഹായങ്ങൾ ശരീരംകൊണ്ടു ചെയ്തുകൊടുത്തു, അവക്ക് അന്ന് നല്ല ഒരു ശുശ്രൂഷയായിരുന്നു ആവശ്യം. എളച്ചിപ്പെണ്ണിൻെറ സാന്നിദ്ധ്യം ആ ന്യൂനത പരിഹരിച്ചു. ഏലാമ്മ വേഗത്തിൽ സുഖമായി. അതുമുതൽ അവർ വല്ലപ്പോഴുമൊക്കെ ചെന്ന് ചില്ലറ വേലകൾ ചെയ്തുകൊടുക്കുമായിരുന്നു. വളരെ അപൂർവ്വം എങ്കിലും അത്യാവശ്യമെന്നു തോന്നുന്ന അവസരങ്ങളിൽ കൊച്ചുകൊച്ചും മാനംകോയിക്കൽക്കാർക്ക വല്ല സഹായവും ചെയ്തുകൊടുക്കാൻ മടിക്കാറുണ്ടായിരുന്നില്ല.

പൗലോസ്സാറും ഭാര്യ അമ്മിണിടീച്ചറും കൊച്ചുകൊച്ചു പഠിച്ചിരുന്ന സ്കൂളിലെ അദ്ധ്യാപകരായിരുന്നു. അവർ ആ സ്ഥലത്തെ പഴയ തറവാട്ടുകാരും സാമ്പത്തിക ശേഷിയുള്ളവരും ആയിരുന്നു. ആ സ്കൂളിലെ അദ്ധ്യാപകർക്ക പൊതുവെയും അമ്മിണിടീച്ചറിനു പ്രത്യേകിച്ചും കണ്ണിലുണ്ണിയായിരുന്നു ആലീസ്മാത്യു എന്ന അപര നാമധേയത്താൽ അറിയപ്പെട്ടിരുന്ന കൊച്ചുകൊച്ചു്. അവർ അമ്മിണിടീച്ചറിനെ അമ്മിണിക്കൊച്ചമ്മ എന്നാണു വിളിച്ചുവന്നതു്. അരിപ്രാവിനെപ്പോലെ പാടിപ്പറന്നു നടന്ന ആലീസ്മാത്യുവിനോടുള്ള സ്നേഹത്താൽ സ്വന്ത കയ്യിൽനിന്നു ചെലവു ചെയ്താണ് അമ്മിണിക്കൊച്ചമ്മ അവളെ പാട്ടും ഡാൻസും പഠിപ്പിച്ചതു്.

അമ്മിണിക്കൊച്ചമ്മ പ്രസവാവധിയിൽ പ്രവേശിച്ച കാലത്താണ് കൊച്ചുകൊച്ചു് പഠിത്തം നിർത്താനുള്ള

KOTTAYAM PUBLIC LIBRARY 49964

ഗതികേടുണ്ടായതു്. അമ്മിണിടീച്ചറിൻെറ പ്രസവം അപകടപൂൎണ്ണമാണെന്നു് ഡോക്ടറന്മാർ അഭിപ്രായപ്പെട്ടതിനാൽ പ്രസവകാലത്തിനു മൂന്നുമാസം മുമ്പുതന്നെ അവർ ആസ്പത്രിയിൽ താമസിക്കേണ്ടിവന്നു. അമ്മിണി ടീച്ചറിനു് അവരുടെ ഓമനശിശുവിൻെറ മുഖം കാണാൻ സാധിച്ചില്ലെന്നു മാത്രമല്ല മേലിൽ ഒരിക്കലും ഒരു ശിശുവിനെ ലഭിക്കാൻ ഇടയാകാത്തവിധത്തിലുള്ള ഒരു ശസ്ത്രക്രിയയ്ക്കു് അവർ വിധേയപ്പെടേണ്ടിയുംവന്നു. അതിനുശേഷം വീണ്ടും ഒരു മാസംകൂടി ആശുപത്രിയിൽ പാർത്തു് എല്ലാം തൊലിയുമായി അവർ വീട്ടിൽ തിരിച്ചെത്തി. മദ്ധ്യവേനൽ അവധിക്കുമുമ്പുള്ള മൂന്നുമാസംകൂടി അവർ അവധിയെടുത്തു വിശ്രമിച്ചു. അടുത്ത സ്കൂൾവർഷാരംഭത്തിൽമാത്രമേ അവരുടെ കണ്ണിലുണ്ണിയായിരുന്ന ആലീസ്മാത്യു സ്കൂളിനോടു യാത്ര പറഞ്ഞ വിവരം അവളുടെ അമ്മിണിക്കൊച്ചമ്മയ്ക്കു് അറിയാൻ കഴിഞ്ഞുള്ളു. നാല്പതോളം മൈൽ അകലെയുള്ള സ്വന്തവീട്ടിലും ആശുപത്രിയിലുമായി കഴിയേണ്ടിവന്നതിനാലാണു് അമ്മിണിക്കൊച്ചമ്മയ്ക്കും ആലീസ്മാത്യുവിനും തമ്മിൽ ഈ കാലത്തിനിടയ്ക്കു കാണാൻ കഴിയാതെ വന്നതു്.

അമ്മിണിടീച്ചർ വീണ്ടുംവന്നു ജോലിയിൽ പ്രവേശിച്ചപ്പോൾ അവർ വാത്സല്യശിഷ്യയായ ആലീസ്മാത്യുവിൻെറ വീട്ടിലെത്തി. അവരുടെ നിർബന്ധത്താൽ ആലീസ് വീണ്ടും സ്കൂളിൽചേർന്നു. അവളിൽനിന്നു പറന്നകന്നിരുന്ന ആനന്ദദേവത വീണ്ടും ആലീസിനെ ആശ്ലേഷിച്ചു. അമ്മിണിക്കൊച്ചമ്മയാണു് പിന്നീടു് അവളുടെ ആവശ്യങ്ങൾ എല്ലാം നിൎവ്വഹിച്ചുവന്നതു്. അവർ മാതൃതുല്യം അവളെ സ്നേഹിച്ചു. സൗകര്യമുള്ളപ്പോഴെല്ലാം അവൾ പോകും അവളുടെ അമ്മിണിക്കൊച്ചമ്മയുടെ വീട്ടിൽ. അവളുടെ വടിവൊത്ത ഉടലിനുചേരുന്ന ബ്ലൗസ് സാരി തുടങ്ങിയ വസ്ത്രങ്ങൾ വാങ്ങിക്കൊടുക്കാൻ ആ നല്ല അദ്ധ്യാപിക മറക്കയില്ലായിരുന്നു. ഉടുത്തൊരുങ്ങി, മുഖപ്രസന്നതയോടെ നില്ക്കുന്ന ആലീസിനെ നോക്കി അവർ പറയും ദേവകന്യക നില്ക്കുന്നെന്നു്, ആകാശത്തുനിന്നടർന്നു

വീണ അപ്പരകന്യകയേപ്പോലെ. ആ പെൺകുട്ടിയിൽ അവളുടെ അമ്മിണിക്കൊച്ചമ്മയുടെ നിർമ്മലമായ ദൈവ ഭക്തി സ്വാധീനം ചെലുത്തി. അവരം പലപ്പോഴം അമ്മിണിക്കൊച്ചമ്മയുടെ വീട്ടിൽ പോകുന്നതു് അവക്കു് ഒരുമിച്ചിരുന്നു പാടാനും പ്രാർത്ഥിക്കാനും ആയിരുന്നു. രോഗികളൊ ദുഃഖിതരോ ആയി ആ നാട്ടിൽ ആരെങ്കിലും ഉണ്ടെന്നറിഞ്ഞാൽ അമ്മിണിക്കൊച്ചമ്മയും ആലീസും അവിടെ എത്തും. അവർ ആശ്വാസവാക്കുകരം പറയും. പാടും. പ്രാർത്ഥിക്കും. ശുശ്രൂഷകരം ആവശ്യാനുസരണംചെയ്യും. ആവശ്യമുള്ളിടത്തു പണമോ അരിയോ വസ്ത്രമോ ഇങ്ങനെ എന്തു വേണമെങ്കിലും കഴിവുപോലെ കൊടുക്കാൻ ആ മനുഷ്യസ്നേഹിയായ അമ്മിണിടീച്ചർ മറന്നുപോകയില്ല. പൗലോസ്സാറിനും അതു വളരെ സന്തോഷമാണു്.

ദേശത്തെ ഭക്തന്മാരുടെ ലിസ്റ്റിൽ പൗലോസ് സാറിൻെറ പേരില്ല. അച്ചടിച്ചു പ്രസിദ്ധംചെയ്യുന്ന സംഭാവനക്കാരുടെ പട്ടികയിലും പൗലോസ്സാർ കാണാറില്ല. തൻെറ പേരിന്നാറിയലായി എന്തെങ്കിലും ഉണ്ടാക്കാൻ പൗലോസ് സാർ ഒരുങ്ങിയിട്ടുമില്ല. കഴിവില്ലാഞ്ഞല്ല, അദ്ദേഹത്തിനു് അതിൽ അശേഷവും താല്പര്യമില്ല. എന്നാൽ അദ്ദേഹത്തിൻെറ സഹായത്തിൻെറ കരം ഏതെങ്കിലുംവിധത്തിൽ നീട്ടപ്പെട്ടിട്ടില്ലാത്തവർ ആ നാട്ടിൽ ചുരുക്കമായിരുന്നു. അദ്ദേഹത്തിൻെറ ഹൃദയം ദീനാനുകമ്പകൊണ്ടു വാർത്തെടുത്തതായിരുന്നു. അപരൻെറ വേദനകരം സ്വന്ത വേദനയായി കാണാനും ഏറെറടുക്കാനും ഉള്ള കഴിവു് അദ്ദേഹത്തിനു് ദൈവദത്തമായി ലഭിച്ചിട്ടുള്ള പ്രത്യേക അനുഗ്രഹമാണു്. പൗലോസ് സാർ പലപ്പോഴം ഗുണദോഷിക്കും. പലരേയും ഉപദേശിക്കും. എന്നാൽ പൊതുക്കൂട്ടത്തോടല്ല, വ്യക്തികളോടാണെന്നു് ഒരു വ്യത്യാസം മാത്രം. വ്യക്തികളുടെ ഹൃദയത്തിൽ പൗലോസ് സാറിനു് ഒരു പ്രത്യേക സ്ഥാനം ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഹൃദയത്തിൽ വ്യക്തികരംക്കും.

പലരുടേയും രഹസ്യങ്ങരം ആ മഹാത്മാവിനറിയാം. രഹസ്യം രഹസ്യമായിത്തന്നെ കൈകാര്യംചെയ്യാൻ അ

ദ്ദേഹത്തിനുള്ള കഴിവ് അനന്യസാധാരണമായിരുന്നു. ഹൃദയവ്യഥകളും ഭാരങ്ങളും ആ മനുഷ്യസ്നേഹിയോടു തുറന്നു പറയാൻ ആരും മടിക്കാറില്ല. അവക്ക് ആശ്വാസവും പോംവഴിയും നിർദ്ദേശിക്കുവാൻ അദ്ദേഹത്തിനു കഴിയും. സഹായിപ്പാൻ അദ്ദേഹം ഒരുങ്ങും. അവരുടെ വിഷമ പ്രശ്നങ്ങളുടെ പരിഹാരത്തിനുവേണ്ടി ദൈവസന്നിധിയിൽ ഇരുന്നു പ്രാത്ഥിക്കും. പല വിഷയങ്ങൾക്കു വേണ്ടിയും പ്രാത്ഥനയിൽ പങ്കാളിയാകാൻ സഹധമ്മിണിയായ അമ്മിണിയും കൂട്ടനില്ലും. ആ കുടുംബത്തിൽ പിറന്നു വളൻ മക്കൾ അവക്കില്ലെങ്കിലും നാട്ടിലെ പല ഭവനങ്ങളിലും പിറന്നു വളരുന്നവർ അവരെ പുത്രനിവ്വിശേഷം സ്നേഹിക്കുന്നുണ്ടു്. അവരെ പൈതൃകസ്നേഹത്താൽ ആകർഷിക്കാൻ അദ്ദേഹത്തിനും, മാതൃതുല്യം ശുശ്രൂഷിപ്പാൻ അമ്മിണി ടീച്ചറിനും കഴിയുമായിരുന്നു.

പൗലോസ് സാറിൻെറയും അമ്മിണിക്കൊച്ചമ്മയുടെയും പ്രത്യേക മേൽനോട്ടത്തിൽ സ്കൂളിൽ ചേന്ന ആലീസ് ക്ലാസ്സോടുത്തു് സ്കൂൾഫൈനൽ പരീക്ഷ പാസ്സായി. അവരുടെ സ്വാധീനത്താൽ ഒരു മെഡിക്കൽകോളജിൽ നേഴ്സിംഗ് പരിശീലനത്തിനായി അവൾക്കു പ്രവേശനം ലഭിച്ചു. അതിലേക്കു് ആവശ്യമുള്ള ചെലവുകൾ ചെയ്തതു് പൗലോസ് സാറും അമ്മിണിക്കൊച്ചമ്മയും ആയിരുന്നു. പഠനസമയത്തു് ആലീസിനു് ഗ്രാൻറായി ലഭിച്ച തുകയിൽനിന്നു് അത്യാവശ്യത്തിനു് .എടുത്തശേഷം ബാക്കിയുള്ളതു് അവൾ രണ്ടായി ഭാഗിക്കും. ഒരു വീതം അവളുടെ അമ്മയ്ക്കും, മറെറാരു വീതം അവളുടെ അമ്മിണിക്കൊച്ചമ്മയ്ക്കും അയയ്ക്കും. സാധുക്കളെ സഹായിക്കാനാണു് അമ്മിണിക്കൊച്ചമ്മയെ ഏല്പിക്കുന്നതു്.

ആലീസ് അവിടെ അഞ്ചുവർഷം പഠിച്ചു. പ്രശസ്തമായ വിജയംനേടി. സഹപാഠികൾക്കും ആശുപത്രി ജീവനക്കാരായി ഡോക്ടർ തുടങ്ങിയുള്ള സകലമാനപേക്കും അവൾ കണ്ണിലുണ്ണിയും ബഹുമാന്യയും ആയിരുന്നു. തുടന്നു് രണ്ടുകൊല്ലം അവൾ ആ ആശുപത്രിയിൽത്തന്നെ ജോലിനോക്കി. അവധിക്കു വീട്ടിൽവന്നു താമസിക്കു

മ്പോഴാണ് അവളുടെ വിവാഹാലോചന നടന്നതു്. അന്നുതന്നെയായിരുന്ന സുകുവിൻെറ വീട്ടിലും മത്തായിച്ചനും ഉമ്മച്ചനും വിവാഹാലോചനയുമായി എത്തിച്ചേന്നതും.

നാല്യ്

നീലാകാശം തെളിഞ്ഞു നക്ഷത്രസമൂഹം മിന്നിത്തിളങ്ങി. ചന്ദ്രബിംബം ഭൂമിയിലാകമാനം വെൺകളി പൂശി. രാക്കിളികഠം പാടി. വികസിച്ചുവരുന്ന മുല്ലപ്പൂക്കഠം ഇളംകാററിനെ സൗരഭ്യം അണിയിച്ചു. ആ മുല്ലച്ചെടിയുടെ നിഴലിൽ ഹൃദയശുദ്ധിയോടും ഏകമനസ്സോടും കൂടി പൗലോസ് സാറും സഹധമ്മിണിയും ചമ്രംപടഞ്ഞിരിക്കുകയായിരുന്നു. അവർ അവിടെയിരുന്നു് സവ്വശക്തനും ദീനദയാലുവുമായ സവ്വേശനെ ആരാധിക്കയായിരുന്നു. സ്വഗ്ഗത്തിൻെറ നിമ്മലസ്നേഹത്തോടെ. കറപുരളാത്ത ആശയ ഐക്യത്തോടെ, ആകാശത്തോളമുയന്ന ദീനാനുകമ്പയോടെ അവർ പ്രാത്ഥിച്ചു. അശരണരും, ദുഃഖിതരും, രോഗികളും, നിരാലംബരുമായ അനേകക്കു വേണ്ടി അവർ ദൈവസന്നിധിയിൽ മദ്ധ്യസ്ഥതചെയ്തു. ദീനദയാലുവായ ദൈവത്തിൻെറ സാന്നിദ്ധ്യം അവർ ആത്മാവിൽ കണ്ടു. ആത്മപ്രസരം ആ ദമ്പതികളെ കോഠംമയിർ കൊള്ളിച്ചു. അവിടെ അവർ നിസ്വാത്ഥരായി നിലകൊണ്ടു. പരാത്ഥത്തിൽ ലയിച്ച രണ്ടു കോകിലങ്ങഠം. സാക്ഷാൽ സ്വഗ്ഗത്തിൻെറ പ്രതിഛായയിൽ എത്രസമയം അവർ അവിടെയിരുന്നു എന്നു് അവർക്കു തന്നെ തിട്ടമില്ല. ലോകം എങ്ങും നിശബ്ദത. സത്യസ്വരൂപിയായ ജഗന്നിയന്താവു് അവരോടു സംസാരിക്കുന്നതുപോലെ. അവർ അങ്ങോട്ടും. ഒടുവിൽ അവർ ആമ്മീൻ പറഞ്ഞു പ്രാത്ഥന നിത്തി.

അപുത്രരെങ്കിലും അനവധി മക്കളുടെ ഉടമസ്ഥരായ ആ ദമ്പതികഠം ചന്ദ്രികയുടെ പാലൊളിയിൽ ഗൃഹാങ്കണ

ത്തിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. അമ്മിണി പ്രാണനാഥനോടായി പറഞ്ഞു: കുറെ നാളുകളായി മണിനാദം പോലെ എൻെറ ഉള്ളത്തിൽ ഒരു ശബ്ദം മുഴങ്ങുന്നു.

പൗ:—എന്താണതു്? എന്നിട്ടു് ഇതുവരെ പറഞ്ഞില്ലല്ലോ?

അമ്മി:—ഇല്ല. പൂർണ്ണമായ ഒരു പ്രചോദനം കിട്ടുമ്പോഠം പറയാം എന്നു കരുതി. കുറെനാളായി ആ വിഷയത്തിനുവേണ്ടി പ്രാർത്ഥിക്കയായിരുന്നു.

പൗ:—ഇപ്പോഠം പ്രചോദനം കിട്ടിയോ?

അമ്മി:—കിട്ടി—പറയാം. ഒന്നല്ലകാര്യം. തുടർന്നും ചിലതുണ്ടു്.

പൗ:—ജിജ്ഞാസ വളർത്താനുള്ള കഴിവു് പണ്ടേ കുറവല്ല.

അമ്മി:—പരിശീലിപ്പിച്ച ഗുരുവിൻെറ അടുക്കലല്ലേ പ്രാഠം തരേണ്ടതു്.

പൗ:—കാര്യം പറഞ്ഞില്ലല്ലോ—കവിതയിലോട്ടു കയറുകയായിരുന്നു.

അമ്മി:—പറയാം. ചില ദിവസങ്ങളായി പലരുടെ അനുഭവം എന്നെ അതിലേക്കു് നിർബ്ബന്ധിക്കയാണു്.

പൗ:—കേഠക്കട്ടെ.

അമ്മി:—പതിതരെന്നു താറടിക്കപ്പെട്ടു് അനേക വ്യക്തികഠം ഇന്നു് ലോകത്തിൽ ചവുട്ടി താഴ്ത്തപ്പെട്ടവരായി അലഞ്ഞുതിരിയുന്നു. പിന്നെയും പിന്നെയും ചാരിത്ര്യത്തിൻെറ വില്ലാശ്രു വാങ്ങി വാങ്ങി ആ പടുകുഴിയിൽ തന്നെ താഴുന്നു. സാഹചര്യങ്ങഠം അവരെ ആ നിലവാരത്തിലേക്കു വലിച്ചുതാഴ്ത്തുന്നു. അവർ ദുർവൃത്തരായി, ലോകനിയമത്തിൻെറ സാന്മാർഗ്ഗിക വേലിക്കെട്ടിനു പുറത്തു് രാപകൽ കഴിയുന്നു. അവരിൽ പലരും അവിഹിത വേഴ്ചയിൽ മാതാക്കളായിത്തീരുന്നു. ലോകം അവരുടെ മേൽ ചേറു വാരിയെറിഞ്ഞു് അകററിനിർത്തുന്നു.

പരിഹാസത്തിൻെറ നോട്ടവും, അവജ്ഞയുടെ പുഞ്ചിരിയും അവരെ ജനസമൂഹത്തിൽനിന്നു് സ്വയം പിൻമാററിച്ചു് ചുട്ടുപഴുത്ത വാക്ശരങ്ങളാൽ മുറിവേല്പിച്ചു് മേലിലൊരിക്കലും ജനതാമദ്ധ്യത്തിൽ സ്ഥാനംകിട്ടാതെ വണ്ണം അവരെ അപമാനത്തിൻെറ അഗാധഗർത്തത്തിലേയ്ക്കു് ആഴ്ത്തിക്കളയുന്നു.

പൗ:—എൻെറ അമ്മിണീ—ചിലനാളുകളായി എൻെറയും ഹൃദയം അങ്ങനെയുള്ളവരെക്കുറിച്ചുള്ള ചിന്തയാൽ നീറിപ്പുകയുകയായിരുന്നു. അനേകരുടെ ജീവിതത്തിലെ നീററലുകഠം ഞാൻ മനസ്സിലാക്കുന്നു. പാവങ്ങഠം കൊലപാതകരായിത്തീന്നവരുണ്ടു്. പതിതരായി പുറംതള്ളപ്പെട്ടവരുണ്ടു്, ജയിലറയിലെ ഇരുളിൽ ഇരുന്നു നെടുവീർപ്പിടുന്നവരുണ്ടു്. അവർക്കു ലോകത്തിൽ സ്ഥാനമില്ല, അംഗീകാരമില്ല, ആശ്വാസമില്ല, കൈക്കൊള്ളാൻ ഉററവരില്ല. സഹതാപത്തിൻെറ ഒരു വാക്കു കേഠംക്കാനുമില്ല.

അമ്മി:—എത്ര ദയനീയം. അവർ സകലരാലും പുറംതള്ളപ്പെട്ടവർ. ജീവിപ്പാൻ മാർഗ്ഗമില്ലാതെ, മനസ്സോടെയല്ലെങ്കിലും വിഷം നിറഞ്ഞ ചഷകം വലിച്ചു കുടിക്കേണ്ടിവരുന്നു. കഷ്ടം ഇതിനു പ്രതിവിധി എന്തു്? ആരു് ഇതിനു പരിഹാരം കണ്ടെത്തും. ആരു സ്നേഹിക്കും. എവിടെനിന്നു് അവർക്കു് ഉദ്ധാരണം ലഭിക്കും.

പൗ:—ശരിയാണു് അമ്മിണീ—നീ പറഞ്ഞതു് എത്ര പരമാർത്ഥം. അവക്കിതിനുള്ള പ്രേരണയെന്തെന്നു ഗ്രഹിപ്പാൻ ഞാൻ ചുഴിഞ്ഞിറങ്ങി അന്വേഷിച്ചു. പലരോടും കാര്യം ആരാഞ്ഞു. അവരിൽ അനേകരും പതിതരാകേണ്ടവരല്ല. അവരെ അങ്ങനെ ആക്കിത്തീർത്തതാണു്. ദാരിദ്ര്യം ചിലരെ ആ വഴിയിലേക്കു തള്ളിനീക്കി. തൊഴിലില്ലായ്മ ചിലരെ അതിലാക്കി. മററു ചിലർ മോഹനവാഗ്ദാനങ്ങളാൽ വഞ്ചിക്കപ്പെട്ടു. സമ്മാനങ്ങളും സംഭാവനകളും വേറെ ചിലർക്കു പ്രേരണ നൽകി. പലരേയും മനസ്സോടെയല്ലെങ്കിലും സാഹചര്യം കുഴച്ചു. ഏതായാലും പലരുടെയും നില പരിതാപത്തിലായി.

അമ്മി:–അതിനുള്ള പോംവഴി എന്ത്? ആരു് അതിനു് ഉദ്ധാരണം നൽകും ആരാണു് പരിഹാരം കണ്ടുപിടിക്കേണ്ടതു്.

പൗ:–ബൈബിളിൽ പറയുന്ന നല്ല ശമര്യാക്കാരന്റെ കഥപോലെ അല്ലേ ഇന്നത്തെ സഭകളുടെയും സമുദായത്തിന്റെയും നില. ഒരു പുരോഹിതനും ഒരു ലേവ്യനും ആ കഥയിലെ രണ്ടു പാത്രങ്ങളാണു്. പുരോഹിതൻ ഓട്ടമാണു്. അദ്ദേഹത്തിന്റെ ഹൃദയം വെമ്പൽ കൊള്ളുന്നു. ആരാധന നടത്താൻ....യാഗം കഴിക്കാൻ....പുൽപിററിൽ പ്രസംഗിക്കാൻ, പ്രസംഗവേദിയിൽനിന്നു് ഉപദേശിക്കാൻ....അവർ പരക്കംപാച്ചിലാണു് പൊതുജനത്തെ നന്നാക്കാൻ. കുനിയാതെ, താഴാതെ, വിയർക്കാതെ....ജനത്തെ ഗുണപ്പെടുത്താൻ. ഫലം എന്തു്....ഞങ്ങളേക്കാറം ഇരട്ടിച്ച നരകയോഗ്യരാക്കിത്തീർക്കുക.

അമ്മി:–അയ്യോ! എത്ര പരമാത്ഥം. ഇന്നത്തെ ലോകനീതി അതല്ലേ. ക്രിസ്തു ഗുണദോഷിക്കുന്നതു് എന്തു്? നിങ്ങളുടെ നീതിശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ അയ്യോ കഷ്ടം.

പൗ:–കഷ്ടംപറഞ്ഞുനിലവിളിക്കേണ്ടനാളുകളിലല്ലേ നാംആയിരിക്കുന്നതു്. പള്ളിയുണ്ടു്... ആരാധനയുണ്ടു്... സഭായോഗങ്ങളുണ്ടു് കൂട്ടായ്മയോഗങ്ങളുണ്ടു്... പ്രാത്ഥനയുണ്ടു്... പാട്ടുണ്ടു്. അർദ്ധപ്രാണരായി ജീവിതപ്രയാണത്തിൽ വഴിമദ്ധ്യേ കിടക്കുന്ന വ്യക്തികളെക്കുറിച്ചു വിചാരമില്ലാത്ത ഭക്തി, അതേ! ആ ഭക്തി ഇന്നു മനുഷ്യമനസ്സുകളെ മുരടിപ്പിച്ചു ഉദ്യാനം മരുഭൂമിയാക്കി. മലർവാടിയിൽ മുള്ളും ഞെരിഞ്ഞിലും വാരി വിതറി. എത്ര ഭയങ്കരം. എവിടെയാണു് ഇതിന്റെ ഉദ്ധാരണം.

അമ്മി:–ഇതിന്റെ പരീഹാരത്തിനു നമുക്കു പ്രാത്ഥിക്കാം. ദൈവം തെളിച്ചുകാണിക്കുന്ന പാതയിൽക്കൂടെ മുമ്പോട്ടു പോകാം ആവശ്യക്കാരും അശരണരും ആയവരുടെ ഇടയിലേക്കു് ഇറങ്ങിച്ചെന്നു പ്രവത്തിക്കാം.

പൗ:—അതാണു വേണ്ടത്. പുരോഹിതൻ മാത്രമല്ല ഒരു ലേവ്യനും ആ കഥയിലെ മറെറാരു പാത്രമാണ്. അയാൾക്കുമുണ്ട് വേല.....ദേവാലയശുശ്രൂഷ. ഒന്നാംകിട യിൽപെട്ടവർ മാനമുള്ളിടത്തും ധനമുള്ളിടത്തും വേല ചെയ്യുവാൻ വെമ്പൽ കൊള്ളുമ്പോൾ മറേറക്കൂട്ടർ കുറേക്കൂടെ പുറംപന്തിയിലാണു വേല. അതിരുകളിൽ... കുടിലുകളിൽ... സാധാരണക്കാരുടെ ഇടയിൽ. ഒന്നാംപന്തിയിൽ കയറി പ്രവർത്തിക്കാൻ ചെന്നാൽ അവർക്ക് അംഗീകാരം കിട്ടുകയില്ല. തന്മൂലം അവർ പുറംപന്തി തെരഞ്ഞെടുത്തു. കഷ്ടം. കഷ്ടാൽ കഷ്ടം. പീഡിതരും ദുഃഖിതരുമായവരെക്കുറിച്ചു വേദനയും മനുഷ്യസ്നേഹവും ഇല്ലാത്ത സേവനം, പ്രശസ്തിക്കുവേണ്ടിയുള്ള പ്രവർത്തനം.....സാമൂഹ്യഘടകങ്ങളെ കയ്യടക്കാനുള്ള പിത്തലാട്ടം.....വ്യക്തികളിലേക്കു താണിറങ്ങിച്ചെല്ലാൻ കഴിവില്ലാത്ത....കുഴമ്പില്ലാത്ത ഗ്ഗുണദോഷങ്ങൾ. സാധാരണക്കാരൻെറമേൽ ഭാരച്ചുമട് കെട്ടിവയ്ക്കുന്ന തത്വപ്രഖ്യാപനം. എത്ര ലജ്ജാവഹം!! എത്ര നിന്ദ്യം!! എത്ര നിഷ്പ്രയോജനം!!

അമ്മി:—വളരെ ശരി. നാം സ്വീകരിക്കേണ്ട നിലവാരത്തിൻെറ മാതൃക ആ നല്ല ശമര്യനിൽ നിഴലിക്കുന്നു. അവശരും ദീനരും മററുള്ളവരാൽ പുറംതള്ളപ്പെട്ടവരും ആയവരുടെ ഇടയിലേക്കു് ഇറങ്ങിച്ചെല്ലുക. നമുക്കായി സ്വരൂപിച്ചിരിക്കുന്ന വസ്ത്രവും, ഭക്ഷണവും, എണ്ണയും, വാഹനവും അവർക്കുവേണ്ടി പ്രയോജനപ്പെടുത്തുക. പിന്നത്തേക്കു സ്വരൂപിച്ചിരിക്കുന്ന "രണ്ടുകാശു്" തല്ക്കാല ആവശ്യത്തിനില്ലാതെ വിഷമിക്കുന്നവർക്കുവേണ്ടി കൊടുക്കുക. അതുകൊണ്ടും മതിയാകാതെ കൂടുതൽ വേണ്ടി വന്നാൽ നേടി എടുത്തു ചെലവു ചെയ്യുക. സമയവും സ്വാധീനവും അതിനു ചെലവിടുക.

പൗ:—അതേ, അതുതന്നെയാണു് വേണ്ടത്. ലോകത്തെ നേടാൻ ഇന്നു് അതല്ലാതെ മാർഗ്ഗമില്ല. അതിനു നാം തനിയെ എന്തു ചെയ്യും? ആരു് നമ്മെ സഹായിക്കും. ആരെങ്കിലും നമ്മോടു ചേർന്നു പ്രവർത്തിക്കുമോ?

അമ്മി:—നാം ചെയ്യാൻ ആഗ്രഹിക്കുന്നതും ആലോചിക്കുന്നതുമായ കാര്യം ഉദ്ദേശശുദ്ധിയുള്ളതും എളിയവക്കു വേണ്ടിയുള്ളതും സ്വാത്ഥരഹിതവും ആകയാൽ നാം പ്രവത്തിക്കാൻ തയ്യാറായി മുമ്പോട്ടിറങ്ങുമ്പോഴ് നമ്മുടെ നല്ല ആഗ്രഹങ്ങളെ ആദരിക്കുന്ന ദൈവം അതിനു നമ്മെ ശക്തീകരിക്കും. ആത്മാത്ഥതയുള്ള സഹപ്രവത്തകർ താനേ ഉണ്ടാകും.

പൗ: നമ്മോടു ചേന്നു പ്രവത്തിക്കുമെന്നു പ്രതീക്ഷിക്കാനുള്ള ഒരു പേരുപോലും ഇപ്പോഴ് ഓമ്മയിൽ ഇല്ല.

അമ്മി: കുറെനാളായി എൻെറ മനസ്സിൽ പൊന്തിവരുന്ന മറെറാരു ചിന്തയുണ്ടെന്നു പറഞ്ഞല്ലോ. അതു് നമ്മുടെ ആലീസിൻെറ കാര്യമാണു്, അവളെക്കൂടെ ഈ ശുശ്രൂഷക്കു്....

പൗ:—അതുശരിയല്ല. നല്ല ഒരു ചെറുപ്പക്കാരി, തികഞ്ഞ യൗവ്വനം....നല്ല ആരോഗ്യം....ആകർഷകമായ കോമളത്വം അവളെ ഈ ശുശ്രൂഷക്കായി വിളിക്കുന്നതു ശരിയല്ല. ഇതു് വിളിച്ചാക്കേണ്ട വേലയല്ല. ഏറെറടുക്കേണ്ടതത്രേ.

അമ്മി:—അവഠം അതിനു് ഒരുക്കമൊണു്. എന്നാൽ അവളെ വിവാഹിതയാക്കിവേണം ഈ വേല ഏല്പിക്കാൻ. നമ്മുടെ മകനുണ്ടല്ലോ, വളത്തുമകൻ തോമസ്സ് കുട്ടി അവനെക്കൊണ്ടു് അവളെ വിവാഹം കഴിപ്പിച്ചാൽ വളരെ നല്ലതാണു്. അവൻ സാമൂഹ്യോദ്ധാരണത്തിനുള്ള പല പരിശീലനങ്ങളും നേടിയവനാണല്ലോ, അവർ ഇരുവരും ഈ വേലയിൽ ചേന്നു പ്രവത്തിക്കാൻ ശേഷിയും ശേമുഷിയും ഉള്ളവരാണു്.

പൗ:—കൊള്ളാം നല്ല ആലോചന. നമുക്കു് അവളുടെ വീട്ടിലേക്കു് തോമസ്സ്കുട്ടിയെ ഒന്നു് അയക്കണം,

അമ്മി:—അവളുടെ അമ്മകൂടെ സമ്മതിക്കുമെങ്കിൽ ആ വിവാഹം നടത്തണം.

പൗ:—അവളുടെ സമ്മതം അറിഞ്ഞോ.

അമ്മി:—അറിയാനൊന്നുമില്ല....അവർ പരസ്പരം സ്നേഹിക്കുന്നു. നിർമ്മലപ്രേമത്തിൻെറ ചങ്ങല അവരെ ബന്ധിപ്പിച്ചു. ഈ വിവാഹത്തിനു് ചില വർഷങ്ങളായി അവർ ആഗ്രഹിച്ചിരിക്കുകയാണു്.

പൗ:—കൊള്ളാം എന്നാൽ എത്രയുംവേഗം ആ കാര്യം നടക്കണം.

അങ്ങനെയാണു് കൊച്ചുകൊച്ചിനെ കാണാൻ മാനം കോയിക്കൽഏലാമ്മയുടെ വേലക്കാരിയായ എളച്ചിപ്പെണ്ണിൻെറ വീട്ടിൽ മണവാളൻതന്നെ ചെല്ലാൻ ഇടയായതു്. അന്നാണു് സുകുവിൻെറ വിവാഹാലോചനയും നടന്നതു്.

അയൽവീടുകളിലെ വിവാഹം രണ്ടും നിശ്ചയിച്ചു. പരസ്പരം അറിയാതെയാണെങ്കിലും രണ്ടിൻെറയും തീയതിയും സമയവും നിശ്ചയിച്ചു. രണ്ടു വിവാഹങ്ങളും ഒരേ സമയത്തു് ആ പള്ളിയിൽവച്ചു നടത്തത്തക്കവണ്ണമാണു് തീരുമാനം ഉണ്ടായതു് എന്നു് എങ്ങനെയോ ഏലാമ്മയുടെ ചെവിയിൽ എത്തി. ഏലാമ്മയ്ക്കു സുകുവിൻെറ വിവാഹം ഏററം മോടിയായി നടത്തണം. മാനംകോയിക്കലെ ഒടുവിലത്തെ കല്യാണമല്ലേ....അതു് ഏററം ഭംഗിയാക്കണം. തിരുമേനിയെ വരുത്തിവേണം കല്യാണം നടത്താൻ. പക്ഷേ ഏലാമ്മയ്ക്കു് ഒരു വലിയ വിഷമം. അതു് അവർക്കു സഹിച്ചുകൂടാ. മാനംകോയിക്കൽ സുകുവിൻെറ കല്യാണം നടത്തുമ്പോഴും അതോടുകൂടെ നിത്തി എളച്ചിപ്പെണ്ണിൻെറ മോടെ കല്യാണവും നടത്താനോ ... പിന്നെന്താ അവരും മാനംകോയിക്കക്കാരുമായുള്ള വ്യത്യാസം. സുകുവിൻെറ കല്യാണം നടത്താൻ കൊണ്ടുവരുന്ന തിരുമേനിതന്നെ ആ പീറപ്പെണ്ണിനേം കെട്ടിക്കാനോ പററുകേല....ആ കല്യാണത്തിൻെറ സമയം മാററണം. നിശ്ചയിച്ച സമയത്തു് സുകുവിൻെറ കല്യാണം നടക്കണം. ഏലാമ്മ വിവരം കുഞ്ചാണ്ടിച്ചനോടു പറഞ്ഞു.

കഞ്ചാ:—നീ പറഞ്ഞതു നേരാ....പക്ഷേ അതിനെന്നാ മാർഗ്ഗം. എങ്ങനെയെങ്കിലും സമയം ഒന്നു മാററണം. അതു് ആരു വിചാരിച്ചാൽ ഒക്കും. വികാരിയച്ചൻ വിചാരിച്ചാൽ ഒക്കുമോ? ഒന്നു കഴിഞ്ഞു് മററൊന്നു നടത്തണം. എങ്ങനെയായാലും വേണ്ടില്ല; അതു സാധിക്കണം. അല്ലേൽ നാണംകേട്ട നമുക്കാ.

ഏലാ:—അതോ ആ ഏളച്ചിയോടുതന്നെ പറഞ്ഞാലോ സമയം ഒന്നു മാററണമെന്നു്. നമ്മുടെ കല്യാണത്തിൻെറ സമയം മാററാൻ ഒക്കുകയില്ല. അതു കൊള്ളാവുന്ന ആളുകൾകൂടി തീരുമാനിച്ചതല്ലേ. അതു് ആ കൃത്യസമയത്തുതന്നെ നടത്തണം. മററവരുടെ സമയം ഒന്നു മാററണം. എങ്ങനേലും അതു സാധിക്കണം....

വിധവയായ ഏളച്ചി തൻെറ മകൾ വിവാഹിതയാകുന്ന കാര്യം ഓർത്തു് വളരെ സന്തോഷിച്ചു. അവൾ ഹൃദയപൂർവ്വം ദൈവത്തെ സ്തുതിച്ചു. പൗലോസ്സാറിനോടും അമ്മിണിക്കൊച്ചമ്മയോടും ഏളച്ചിക്കുള്ള നന്ദി വളരെയാണു്. എന്നാൽ ആരും തുണയില്ലാതിരുന്ന ഏളച്ചിക്കു് മകളുടെ വിവാഹം സംബന്ധിച്ചു് എന്തെല്ലാം കാര്യങ്ങളാണു് ക്രമീകരിക്കാനുള്ളതു്. 'ആനക്കു തടിഭാരം ഉറുമ്പിനു് അരിഭാരം'. മാനംകോയിക്കൽക്കാരു് എങ്ങനെ മോടി വർദ്ധിപ്പിക്കണം എന്നുവിചാരിച്ചു് ഭാരപ്പെട്ടപ്പോൾ ഏളച്ചി ഈ കാര്യം എങ്ങനെ നിർവ്വഹിക്കും എന്നു വിചാരിച്ചു വിഷമിച്ചു നിമിഷങ്ങൾ നീക്കുകയാണു്.

ഏലാമ്മ ഏളച്ചിപ്പെണ്ണിനെ വിളിപ്പിച്ചു വളരെ സ്നേഹഭാവത്തിൽ ചോദിച്ചു് കൊച്ചുകൊച്ചിൻെറ വിവാഹം സംബന്ധിച്ചുള്ള കൂടുതൽ വിവരം ആരാഞ്ഞു. സഹതാപംകൊണ്ടു് എന്ന നാട്യത്തിൽ....അസൂയ നിറഞ്ഞ ദുഷ്ടമനസ്സു്. ആ കടിലചിത്ത ദുരുദ്ദേശം വെളിപ്പെടുത്താതെ കൊച്ചുകൊച്ചിനെ കെട്ടാനുള്ള ചെറുക്കനെപ്പററി തിരക്കി. ഏലാമ്മ കാര്യങ്ങൾ ഗ്രഹിച്ചു. അവൾക്കറിയാം പൗലോസ്സാറിനെ. അദ്ദേഹം എടുത്തുവളർത്തുന്ന

മകൻ... എന്തു സൗകര്യം. അവരം ചോദിച്ചു സ്നേഹഭാവത്തിൽ നിന്റെ മകളുടെ കല്യാണത്തിനു് ഞങ്ങൾക്കും കൂടെ കൂടാൻ എന്താഗ്രഹമായിരുന്നു. രണ്ടും ഒരു സമയത്തല്ലേ വച്ചിരിക്കുന്നതു്. അതിന്റെ സമയം ഒന്നു മാററിയാൽ നമുക്കു് അങ്ങോട്ടും ഇങ്ങോട്ടും എല്ലാം കയറുകയും ഇറങ്ങുകയും ചെയ്യാമായിരുന്നല്ലോ. അപ്പോഴാണു് അവക്കൊരു ആശ്വാസം ലഭിച്ചതു്. ദിവസം ഒന്നാണെന്നേയുള്ളു....വ്യാഴാഴ്ച. ഈ വിവാഹം തമ്മിൽ ഒരു മാസത്തെ അകലം ഉണ്ടെന്നു്. വിവാഹം രണ്ടും നടക്കുന്നതു വ്യാഴാഴ്ചയാണു്. എന്നാൽ മാനംകോയിക്കലെ കല്യാണം അടുത്ത വ്യാഴാഴ്ചയും കൊച്ചുകൊച്ചിന്റെ കല്യാണം അടുത്ത മാസത്തിന്റെ ആദ്യത്തെവ്യാഴാഴ്ചയും ആണെന്നു്. ഏലാമ്മയുടെ ഒരു വലിയ ഭാരം നീങ്ങി. അവരം ആശ്വാസത്തോടെ നെടുവീർപ്പിട്ടു. അവളുടെ മകന്റെകൂടെ നിത്തി എളച്ചിപ്പെണ്ണിന്റെ മകളെ കെട്ടിക്കയില്ലല്ലോ. അവരം ഹൃദയത്തിൽ സന്തോഷിച്ചു. തുടർന്നുള്ള സംസാരത്തിൽനിന്നു് അവരംക്കു മനസ്സിലാക്കാൻ കഴിഞ്ഞു ഈ വിവാഹം നടക്കുന്നതു് എളച്ചിപ്പെണ്ണിന്റെ വീട്ടിൽ വച്ചല്ല പൗലോസ്സാറിന്റെ വീട്ടിൽവച്ചാണെന്നു്. ആരോ പറഞ്ഞറിഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മനം കലങ്ങിയ ഏലാമ്മയ്ക്കു് വലിയ ഒരു ആശ്വാസം അങ്ങനെ ലഭിച്ചു.

## അഞ്ചു്

ലോലമ്മയെ കാണാൻ സൂക ആലിശ്ശേരിൽ വന്നിരുന്നു. അതിനുശേഷം അവരംക്കു് ഒരു സ്വസ്ഥതയുമില്ല. കാരണം അറിയാത്ത ഒരു ഹൃദയവേദന. അന്ധകാരം നിറഞ്ഞ ഒരു ഭാവിദർശനം. ഹേതു എന്തെന്നു പറഞ്ഞറിയിക്കാനില്ലാത്ത ഒരു അരുതായ്ക. ഒന്നിലും ഉത്സാഹമില്ലാത്ത ഒരു മനോനില. വിശിഷ്യാ കാര്യം ഒന്നുമില്ല. ഇരുളടഞ്ഞ ഭാവി അവളുടെ മുമ്പിൽ തളംകെട്ടിനിൽക്കുന്നതുപോലെ....ആരോ അവളുടെ അന്തരംഗത്തിൽ ഇരുന്നു

മന്ത്രിക്കുന്നതുപോലെ... നിനക്ക് ഈ വിവാഹം യോജിച്ചതല്ല. ലോലമ്മ അറിയാതെതന്നെ അവളുടെ കണ്ണുകറം പലപ്പോഴം നനയും. ചൂടുള്ള നെടുവീർപ്പ് ബഹിർഗ്ഗമിക്കും. വാത്സല്യമകളിൽ കണ്ട ഭാവവ്യത്യാസത്താൽ മാതാപിതാക്കളുടെ മനസ്സ് ഉരുകിത്തുടങ്ങി. അവർ തമ്മിൽ മന്ത്രിച്ചു. ലോലമ്മയോടുതന്നെ അവർ ചോദിച്ചു. മകളെ നിനക്കെന്താണ് ഒരു വിഷമം.

ലോല:—ഒന്നുമില്ല, മനസ്സിൻെറ സ്വസ്ഥത എവിടെയോ പോന്നകന്നു എന്നു മാത്രം. പക്ഷെ, നിങ്ങളെ വിട്ടു മാറിത്താമസിക്കേണ്ടി വരുന്നതുകൊണ്ടായിരിക്കാം.

മറി:-നല്ല കുടുംബം, പണക്കാരന്, സുന്ദരനായ ഭത്താവ്, ഒന്നാംതരം ഉദ്യോഗം. ഇതിലധികം എന്തു വേണം.

ലോല:—ആ ഉമ്മച്ചൻെറ വത്തമാനം കേട്ട് ഇത്ര പെട്ടെന്ന് ഈ കല്യാണം നിശ്ചയിച്ചതു ബുദ്ധികേടല്ലേ എന്നൊരു തോന്നൽ. മാങ്കോയിക്കലെ ലൂയീസ് നമുക്ക് അടുത്തറിയാവുന്ന ആളല്ലേ. അദ്ദേഹത്തോടെങ്കിലും ഒന്നു തിരക്കാൻ അവസരം ഇല്ലല്ലോ എന്നൊരു ചിന്ത.

മത്താ:-തിരക്കേണ്ടതായിരുന്നു. സാധിച്ചില്ല. 'എടുപിടിൻ' എന്നു നടക്കേണ്ട കാര്യമല്ലേ.

ലോല;—ഈ കല്യാണം ഉറപ്പിച്ച ദിവസം ഞാൻ ഒരു സ്വപ്നം കണ്ടു. സുകുവും ഞാനുംകൂടി സന്തോഷത്തോടെ ഒരു വിമാനത്തിൽ കയറി. സുകുവായിരുന്നു പൈലററ്. സഹയാത്രക്കാർ ആരുമില്ല. ഞങ്ങറം ആകാശത്തിലേക്കു പറന്നുയർന്നു. വിമാനം മേഘമണ്ഡലത്തിനിടയിൽക്കൂടി പറക്കുമ്പോറം സുകു എന്നെ തള്ളി താഴെക്ക് ഇട്ടുകളഞ്ഞു. അലറിക്കൊണ്ടാണ് ഞാൻ ഞെട്ടിയുണർന്നതു്. വളരെ സമയംകൊണ്ടാണ് എൻെറ ഹൃദയം സമചിത്തതയിലെത്തിയതു്. ഞാൻ കണ്ടതു് കേവലം ഒരു സ്വപ്നം മാത്രമായിരുന്നു എന്ന് എനിക്ക് ഉറപ്പാൻ കഴിഞ്ഞതു. അന്നത്തെ സ്വപ്നം ഓക്കുന്നതു് ഇന്നും എനിക്കു പേടിയാണു്.

മത്താ:—എൻെറ മകളെ നീ ഇത്ര ഭോഷിയായോ? വെറും പേക്കിനാവിൻെറ മുമ്പിൽ ഇളകിപ്പോകാനുള്ള കഴിവേ നിനക്കുള്ളോ?

അവരുടെ സംസാരത്തിനിടയിൽ അടുക്കളയിൽ ഒരു വലിയ ബഹളം. അവരുടെ കണ്ടനും ചക്കിയുമായൊരു കടിപിടി. ബലഹീനയായ ചക്കി ങാാാ ...വൂ എന്നു് നീട്ടിക്കരഞ്ഞു് മുമ്പെ. കുട്ടവൻ പുറകെ അവ ലോലമ്മയുടെയും മത്തായിച്ചൻെറയും മദ്ധ്യേക്കൂടി അലറിക്കൊണ്ടു് ഓടി അകന്നു. മുറിവേററ ചക്കി അവശതയോടെ നീട്ടിക്കരഞ്ഞു. അതിൻെറ ദീനരോദനം അങ്ങുകലെവരെ മുഴങ്ങികേട്ടു. ക്രമേണ ആ കരച്ചിൽ നിലച്ചു മത്തായിച്ചൻെറയും മറിയാമ്മയുടെയും മുഖം വിവണ്ണമായി. എന്തു പറയേണ്ടു എന്നറിയാതെ അവർ മിഴിച്ചു നിന്നു. അവരുടെ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടു് അയൽവീട്ടിലെ കുഞ്ഞു് അങ്ങോട്ടു കയറിവന്നു. മുഖപ്രസാദത്തോടെ ആ ഓമനക്കുട്ടൻ വിളിച്ചുപറഞ്ഞു: അപ്പച്ചാ മാങ്ങാ....മത്തായിച്ചൻ കൈനീട്ടി. അവൻ കൊടുത്തില്ല. ആ—തരത്തില്ല ഇതു ലോലമ്മാമ്മച്ചാ.... അവൻ അതു വച്ചുനീട്ടി. ലോലമ്മ സന്തോഷത്തോടെ പുഞ്ചിരിച്ചുകൊണ്ടു് കൈനീട്ടി അതു വാങ്ങി. ആ ഓമനക്കുട്ടൻെറ കയ്യിൽ ഇരുന്നതു് മാങ്ങാ അല്ലായിരുന്നു. വെറുംഒരു ഒതളങ്ങാ. വിഷം നിറഞ്ഞ ഒതളങ്ങാ. അറിവില്ലാത്ത കുഞ്ഞു് മാങ്ങയാണെന്നു തെററിദ്ധരിച്ചു് മരത്തിൻെറ ചുവട്ടിൽനിന്നു് ആ വിഷക്കനി എടുത്തുകൊണ്ടുവരികയായിരുന്നു. അവരും പറഞ്ഞു: കുഞ്ഞേ ഇതു മാങ്ങയല്ല. കണ്ണിക്കായാണു്. ഈ ഒതളങ്ങാ വിഷമുള്ളതാണു്. തിന്നാൽ ചത്തുപോകും.

മറി:—അയ്യോ ദൂരെ എറിഞ്ഞുകള കണ്ണിക്കാ തിന്നാൽ ചത്തുപോകും....മറുമരുന്നില്ല.

x x x x

കല്യാണത്തിൻെറ തലേദിവസമാണു് ആലിശ്ശേരിലെ സദ്യ. അവിടെ ഒരുക്കങ്ങളും തകൃതിയായി നടക്കുന്നുണ്ടു്; മത്തായിച്ചൻ പുറത്തെ കാര്യങ്ങളും അന്വേഷിക്കാ

നുള്ള വലിയ ബദ്ധപ്പാടിലാണ്. അകത്തെ സകല കാര്യങ്ങളുടെയും ചുക്കാൻ പിടിക്കേണ്ടതു് മറിയാമ്മയും. സഹായിക്കാൻ പലരുണ്ടെങ്കിലും മറിയാമ്മയുടെ കണ്ണു് സകലയിടത്തും ചെല്ലണം. ഉണ്ണാനും ഉറങ്ങാനും നേരമില്ലാതെ മത്തായിച്ചനും വലിയ ബദ്ധപ്പാടിലാണ്.

മാനംകോയിക്കലെ കാര്യം പറയാനില്ല. അവിടെയല്ലേ വിവാഹം കഴിഞ്ഞു വീടു കയറുന്നതു്. കുഞ്ചാണ്ടിച്ചനും ഏലാമ്മയും തിരക്കുപിടിച്ച ബദ്ധപ്പാടിലാണ്. അതിനിടയിൽ ഉമ്മച്ചൻ കയറിച്ചെന്നു പണം പിരിക്കാൻ. പറഞ്ഞുബോധിച്ച തുകയിൽ ഇനി കുറേക്കൂടി ഉമ്മച്ചനു ചെല്ലാനുണ്ടു്; ഏലാമ്മ അയാളെ കണ്ട ഭാവമേ നടിച്ചില്ല അയാളെ കല്യാണത്തിനു ക്ഷണിച്ചുമില്ല. കഴിഞ്ഞകാല അനുഭവങ്ങളിലെങ്ങും ഇതുപോലൊരു അമളി ഉമ്മച്ചനു പററിയിട്ടില്ല. മറുനാടൻചരക്കല്ലേ ദല്ലാൽതുകയ്ക്കു പുറമെ വല്ല പ്രസൻറുംകൂടെ വാങ്ങാനായിരുന്നു ഉമ്മച്ചൻെറ വരവു്. ഒടുവിൽ അയാൾക്കു് കടിച്ചതുമില്ല പിടിച്ചതുമില്ല ഉമ്മച്ചൻ എത്ര ആലോചിച്ചിട്ടും കുഞ്ചാണ്ടിച്ചൻ തന്നെ കല്യാണത്തിനുപോലും ക്ഷണിക്കാഞ്ഞതിൻെറ രഹസ്യം മനസ്സിലാകുന്നില്ല. ഒടുവിൽ ഉമ്മച്ചൻ ഇങ്ങനെ സമാധാനിച്ചു. കുഞ്ചാണ്ടിച്ചനു വലിയ ബദ്ധപ്പാടല്ലേ ...മറന്നുപോയതാരിക്കും. അവർ മറന്നാലും നമുക്കവരെ മറക്കാമോ? വിളിക്കാതിരുന്നാലും പോകാതിരിക്കാനൊക്കുമോ. ഞാൻ മുഖാന്തരമല്ലേ ആ കല്യാണം നടക്കാനിടയായതു്. എങ്ങനെ ആയാലും വേണ്ടില്ല. അവരെ പിണക്കാതെ നമുക്കു് വരുത്താനുള്ളതു വരുത്തണം.

കല്ല്യാണം വളരെ കേമമായിത്തന്നെ നടന്നു. ആലിശ്ശേരി മത്തായിച്ചൻെറ സകല പ്രതാപവും കാട്ടാൻ അവർ മുന്നിട്ടു നിന്നു. ഏകമകളല്ലേ. മാനംകോയിക്കൽക്കാരുടെ കാര്യം പറയാനുമില്ല. വളരെ ആഡംബരസമന്വിതം നടന്ന കല്ല്യാണമായിരുന്നെങ്കിലും അതിലെ പല ചടങ്ങിലും പൂർണ്ണമനസ്സോടെ പങ്കുകൊള്ളാൻ ലോലമ്മ

യുടെ സദാചാരനിഷ്ഠ അവളെ അനുവദിച്ചില്ല. വിവാഹത്തിൻെറ അടുത്തദിവസം സുകു തൻെറ ചില പ്രത്യേക സ്നേഹിതർക്കായി ഒരു പാർട്ടി നടത്തി. അതിനു് അവൻ തിരഞ്ഞെടുത്തതു് ടൗണിലുള്ള ശീമമദ്യഷാപ്പിലെ ഒരു പ്രത്യേകമുറിയായിരുന്നു. പണക്കാരായ പലരും ആ മുറി അങ്ങനെ തിരഞ്ഞെടുത്തിട്ടുണ്ടു്. അതു പല ദുർവൃത്തികൾക്കും മൂകസാക്ഷ്യം വഹിച്ചിട്ടുള്ള മുറിയാണു്. മററുള്ളവർ പറഞ്ഞുകേട്ടിട്ടുള്ളതും അവൾ വായിച്ചറിഞ്ഞിട്ടുള്ളതുമായ മദ്യപിശാചിൻെറ താണ്ഡവനൃത്തം അന്നാണു് ലോലമ്മ നേരിൽ കണ്ടതു്. മദ്യം. അതു് മനുഷ്യരിൽ വരുത്തിക്കൂട്ടുന്ന ഭീകരത. നരകത്തിൻെറ തനിനിറം. നിയന്ത്രിക്കാനാളില്ലാത്ത ഭ്രാന്തന്മാരുടെ കൂത്തരംഗം! പാട്ടും ആട്ടവും നൃത്തവും. അതിഥികൾ മദ്യത്തിൻെറ പിടിയിൽ ഒന്നൊന്നായി തളന്നു് നിലംപതിച്ചു. ഇതിനെല്ലാം മൂകസാക്ഷ്യം വഹിച്ചുകൊണ്ടു് ലോലമ്മ ഭയചകിതയായി ഒരു മൂലയിൽ നോക്കിനിന്നു. ചെന്നായ്ക്കളുടെ ഇടയിൽ അകപ്പെട്ട കുഞ്ഞാടുപോലെ.

ലോലമ്മ കെട്ടി പടുത്തുയർത്തിയിരുന്ന ആശാസൗധം അടപടലെ നിലംപതിച്ചു. അവൾ പ്രതീക്ഷയോടെ നോക്കിപ്പാർത്തിരുന്ന പുതുമണവാളൻ ഒരു പിശാചായി രൂപംകൊണ്ടു. സുകു മദ്യത്തിനു് അടിമപ്പെട്ടുകഴിഞ്ഞപ്പോൾ അവൻെറ മനുഷ്യത്വം ഓടി മറഞ്ഞു. അവൻ ഒരു രാക്ഷസനായി രൂപംകൊണ്ടു. നവവധുവിനെ നോക്കി അവൻ പല്ലിളിച്ചു. ആ ദുർഭൂതം ദംഷ്ട്രകൾ കാട്ടി കൈ നീട്ടി അടുക്കുന്നതുപോലെ ആടിയാടി കാലടികൾ ഉറയ്ക്കാതെ മുന്നോട്ടു നീങ്ങി. ആ പെൺകിടാവു് ഭയന്നുവിറച്ചു. സ്വതവേ ചുവപ്പുനിറമുള്ള സുകുവിൻെറ കണ്ണു് മദ്യത്തിൻെറ പിടിയിൽ അമന്നുകഴിഞ്ഞപ്പോൾ ചെന്തീപ്പൊരി ചിതറുന്നതായി അവൾക്കു തോന്നി. മദ്യപാനത്തിൽ സുകുവിനോളം പഴക്കവും പ്രാവീണ്യവും നേടിയിട്ടില്ലാത്ത അതിഥികൾ ഏഴുപേരും ബോധരഹിതരായി നിലംപതിച്ചുകഴിഞ്ഞു. മാർജ്ജാരൻെറ പിടിയിൽ അകപ്പെട്ട ചുണ്ടെലിയെപ്പോലെ വിറച്ചുകൊണ്ടു്

KOTTAYAM PUBLIC LIBRARY

ലോലമ്മ ആ മുറിയുടെ ഒരു കോണിലേക്കു് ഒതുങ്ങിമാറി. തറയിൽ കാലുറയ്ക്കാതെ ആടി ആടി അപശബ്ദം അവ്യക്തമായി മുഴക്കിക്കൊണ്ടു് ലോലമ്മയുടെ അടുക്കലേക്കു നീങ്ങിയ സുകു ഒരു കസേരയിൽ തട്ടി നിലംപതിച്ചില്ലായിരുന്നു എങ്കിൽ ......ലോലമ്മയുടെ സ്ഥിതി എന്താകുമായിരുന്നു എന്നു് കണ്ടറിയേണ്ടിയിരുന്നു. സുകുവിലെ മദ്യപിശാചു് ആ കിടപ്പിൽ ഹീനമായി പലതും പുലമ്പി. പരസഹായം കൂടാതെ എഴുന്നേല്ക്കാൻ എത്ര ശ്രമിച്ചിട്ടും കഴിയാതെ വന്ന സുകു ലോലമ്മയെ വിളിച്ചു. എഴീ, ഇങ്ങ്—ഓട്ട്....വാ ...എഴ്ൻെറ .. കൈക്കു് പിഴി-ച്ചെ—ഴനേ—പ്പീഴ്. പിഴി—, എഴ്നെ പിഴി—, ങ് അ. പിഴിച്ച്—ങ്- പൊങ്ക്കു്.

ലോല:—ഞാൻ പിടിച്ചുപൊക്കാം. താങ്ങി എടുക്കാം. ശുശ്രൂഷിക്കാം. എന്തും ചെയ്യാം. എൻെറ ഭത്താവിനെ—മദ്യപിശാചിനെയല്ല. രോഗിയോ, അശക്തനോ ആയിത്തീരുന്ന ഭത്താവിനെ ഞാൻ ശുശ്രൂഷിക്കാം. ഭിക്ഷാടനംചെയ്തും ശുശ്രൂഷിക്കാം. ഇപ്പോഠം എൻെറ ശുശ്രൂഷയല്ല ഇവിടെ ആവശ്യം.

x x x x x

അവഠം ചില കാര്യങ്ങഠം നിശ്ചയിച്ചു. അവളുടെ ഹാൻഡ്ബാഗും സുകുവിൻെറ ചെറിയ ബാഗും കയ്യിൽ എടുത്തു. അതിലുള്ളവ അന്യാധീനപ്പെടരുതു് എന്ന കരുതിയാണു് ബാഗു് എടുത്തതു്. അവർ വന്ന കാറിൽത്തന്നെ അവഠം നേരേ മാനംകോയിക്കലെത്തി. കുഞ്ചാണ്ടിച്ചനും ഏലാമ്മയും ഏകയായിവരുന്ന ലോലമ്മയെക്കണ്ടു് പരിഭ്രമത്തോടുകൂടെ കാറിൻെറ സമീപത്തിലേക്കു് ഓടിയെത്തി. ലോലമ്മ ആ കാറിൽത്തന്നെ അവരെ സുകുവിൻെറ സമീപത്തേക്കു് അയച്ചു. അവഠം ഏങ്ങിക്കരഞ്ഞു് കിടക്കയിൽ വീണു. ഉരുകിയിറങ്ങിയ ഹൃദയവ്യഥ നയനദ്വാരങ്ങളിൽക്കൂടെ ബഹിർഗ്ഗമിച്ചു. വായു് തുറന്നുതന്നെ കിടന്ന ബാഗിൽ ഒരു വലിയ കവർ പുറത്തേക്കു തള്ളിനില്ക്കുന്നതു് അവഠം കണ്ടു. കിടന്ന കിടപ്പിൽത്തന്നെ

അവരം കവർ വലിച്ചെടുത്തു. ഭയങ്കരം! ഏതിരിതീയിൽ എണ്ണ എന്നവണ്ണം അതവളെ ഞെട്ടിച്ചു. അർദ്ധനഗ്നയായ ഒരു സ്ത്രീയുടെ ചിത്രം. അവളുടെ കണ്ണിനെ വിശ്വസിക്കാൻ കഴിയാതെ ലോലമ്മ നോക്കി. ഇവരം ആരു്? സുകു എന്തിനു് ഈ പടം തൻെറ ബാഗിൽ സൂക്ഷിച്ചിരിക്കുന്നു. അവരം ആ കവറിൽ പൊതിഞ്ഞുവച്ചിരുന്ന മററു ചില ചിത്രങ്ങളുംകൂടെ എടുത്തുനോക്കി. പല അവസരങ്ങളിലും നിലയിലുമായി സുകുവും ആ സ്ത്രീയും കൂടിച്ചേർന്നുള്ള അനേകഫോട്ടോകരം. പരസ്യമായി കാണിക്കാവുന്നതും കാണികളുടെ കണ്ണിനെ ലജ്ജിപ്പിക്കുന്നതുമായ പല രൂപങ്ങളം. അവയെല്ലാം ഒന്നോടെ തീയിലിട്ടു ദഹിപ്പിക്കാൻ അവരംക്കു തോന്നി. പിച്ചിക്കീറിവച്ചിട്ടു് സുകു മടങ്ങിവരുമ്പോരം അവൻെറ മുഖത്തേക്കു വലിച്ചെറിഞ്ഞിട്ടു് മരിച്ചുകളഞ്ഞാൽ എന്തു് എന്നവരം ചിന്തിച്ചു. യാതൊരുത്തരും വിശദീകരിക്കാതെ തന്നെ സുകുവിൻെറ പൂർവ്വചരിത്രം വിശദമായി ഗ്രഹിക്കാൻ ആ കവറിലെ ചിത്രങ്ങളും അന്നത്തെ ടീപ്പാർട്ടിയും ലോലമ്മയെ സഹായിച്ചു.

x x x x x

ലോലമ്മ ഒരു ഭ്രാന്തിയെപ്പോലെ വിങ്ങിവിങ്ങിക്കരഞ്ഞു് സ്വയമേവ പലതും പുലമ്പി. ആ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. അവളുടെ പറച്ചിലിനു് വാച്യകഘടനയില്ല. പരസ്പരബന്ധമില്ല. കർത്താവോ കർമ്മമോ ഇല്ല. ചിലപ്പോരം അവരം കുഞ്ഞിനെപ്പോലെ കരയും. അടുത്ത നിമിഷത്തിൽ ഭ്രാന്തിയെപ്പോലെ പലതും പറയും. അതിനിടയിൽത്തന്നെ രാക്ഷസിയെപ്പോലെ അലറും. മുഖം വിജൃംഭിക്കും. ക്രൂരമതിയാകും. എത്ര സമയം ഏകയായി ആ മുറിയിൽ അങ്ങനെ കഴിഞ്ഞു എന്നു് അവരംക്കുതന്നെ തിട്ടമില്ല.

അവളുടെ കണ്ണു് ജനാലയിൽക്കൂടെ വെളിയിലേക്കു പാഞ്ഞു. രണ്ടു വട്ടക്കണ്ണുകരം അവളുടെ ദൃഷ്ടിക്കു വിഷയീഭവിച്ചു. ഭീതിയും ക്രൗര്യവും വെറുപ്പും നിരാശയും കൂട്ടി

കഴച്ച ഭീകരമായ ഒരു അട്ടഹാസം അടുത്ത നിമിഷത്തിൽ ലോലമ്മയിൽനിന്നു പുറപ്പെട്ടു.

എന്താ കുഞ്ഞേ! പേടിച്ചുപോയോ? കൊച്ചേമാൻ ഇവിടെയില്ലേ?

ആരെടാ നിൻെറ കൊച്ചേമാൻ? അസത്തേ—നിൻെറ കൊച്ചേമാനോ—നില്ലവിടെ. നീ ആരു്? നിൻെറ വല്ല്യേമാൻ—അവരം ജനലിങ്കലേക്ക കുതിച്ചു.

അയ്യോ എൻെറ കോച്ചേമാനു് ഇങ്ങനാണോ പററിയതു്. ഒരു പ്രാന്തിയാണോ എൻെറ ഏമാൻെറ പാര്യ. ഈ കൊച്ചമ്മയ്ക്കു പൂതമാണോ—എൻെറ പഹവാനെ....... എൻറീശോയേ! നല്ലോരുകുഞ്ഞിനിങ്ങനെ വന്നോ!! ഇതാരു ചെയ്ത ശെയ്ത്താ-ങ്ഠാ—ങ്ഠാ. ഇതിനുണ്ടു പോംവഴി എത്തപ്പാൻ വിചാരിച്ചാൽ....... ഇതിനേക്കാ കൊടിയ ചാത്തൻ പമ്പകടകം. നാലുമെഴുകുതിരീം, ഒരു കോഴീം, കൊറേ മലരും, ഒരുപടല പൂവൻപഴോം ഒണ്ടേൽ ഏതു ചത്രുദോഷോം മാററിത്തരും ഞങ്ങടെ പള്ളീലച്ചൻ. അതിനു പണി എത്തപ്പാൻ എണക്കിക്കോളാം. ഇന്നലേം വന്നതല്ലേ വൈദ്യനച്ചൻ നമ്മടങ്ങു്. കൊള്ളാം. ഇന്നു് അങ്ങോട്ടുപോയി കണ്ടുകളയാം. ലോലമ്മയുടെ രൗദ്രതയോടെയുള്ള അലച്ചയിൽ ഭീതനായി ഓടിയ എത്തപ്പാൻ കുറേ ഓടി അകന്നശേഷം ആരും തന്നെ അനുഗമിക്കുന്നില്ല എന്നു് ഉറപ്പുവരുത്തിയിട്ടു് പറയുകയാണു്. അണപ്പുകൊണ്ടു് അയാൾക്ക പറയാൻ ശക്തിയില്ലെങ്കിലും കൊച്ചേമാനോടുള്ള സ്നേഹത്തിൽ ആത്മഗതം ബഹിർഗമിക്കുകയാണു്.

അച്ചൻെറ മങ്കളാവിലോട്ടു ശെന്നാൽ... കൂടെത്താമതിക്കുന്ന മററച്ചമ്മാരറീം. അതു് അച്ചനൊട്ടും ഇട്ടോമല്ല. പിന്നെന്നാ പണി....അതു് എത്തപ്പാനറിയാം. ഇപ്പം ചെമ്മനാരി പണിയല്ലേ, അച്ചൻ വരും കുമ്മായത്തിനു്. അപ്പോഴാ രഹസ്യമായി അടക്കംപറഞ്ഞ മട്ടിൽത്തന്നെ കാര്യം തട്ടിവിടാം. ഒന്നുമില്ലേ വല്ലപ്പോഴും രണ്ടുപാത്രം

മനസ്സുതന്നെക്കെ വിട്ടിട്ടൊണ്ടേ കൊച്ചേമാൻ തന്നെ വിട്ടിട്ടൊള്ളു. ഒരുനേരം മോന്താനൊത്താൽ അതിനും വേണ്ടേ ഒരു നന്ദി.

എത്തപ്പാൻ സുകുവിൻെറ ആശ്രിതനാണ്. മാനംകോയിക്കൽനിന്ന് കഷ്ടിച്ച രണ്ടു ഫർലോംഗു വടക്കോട്ടു നടന്നാൽ വഴിയിറമ്പിലുള്ള ഒരു വട്ടമരത്തേൽ ഒരു വീഞ്ഞപ്പെട്ടിയുടെ പലകക്കഷണം കെട്ടിത്തൂക്കിയിട്ടിരിക്കുന്നതു കാണാം. കുമ്മായം കൊണ്ടുപോകാൻ വരുന്ന കാളവണ്ടിയുടെ ചക്രത്തിൽനിന്ന് വിരൽതൊട്ടു് താറുമഷി എടുത്തു് എത്തപ്പാൻതന്നെ എഴുതിയതാണ് ആ പരസ്യപ്പലക. അക്ഷരംപഠിച്ചവരെല്ലാം അല്പം നിന്ന് ആ ബോർഡു് വായിക്കും. ''കുമ്മയം വീക്കുന്ന സ്വലം'' ആ വട്ടയുടെ കുറെ അകലെ ഒരു ഓറവായൻ പുരയുണ്ടു്. അതു് പെരുവഴിയിൽനിന്ന് അല്പം ഉള്ളിലാണ്. അവിടെയാണ് എത്തപ്പാൻെറ താമസം. അവന് മാനംകോയിക്കലെ കന്നുകാലി തീററാരുന്നു പണി. കഴുത്തിൽ കാശുരൂപം കോർത്ത ഒരു ചരടുണ്ടു്. തിരുക്കുടുംബത്തിൻെറ രൂപമാണ് ആ കാശുരൂപത്തിലുള്ളതു്. നീണ്ടു മെലിഞ്ഞ ശരീരവും, കുഴിഞ്ഞ കണ്ണും, ഒരു പരണ്ടച്ചുമയും ഉള്ള എത്തപ്പാനും അവൻെറ തടിച്ചുകൊഴുത്ത ഒരു ഭാര്യയും മാത്രമാണ് ആ ചെറിയവീട്ടിൽ താമസം. സൃഷ്ടിയിൽ മഷി അല്പം കൂടിപ്പോയെങ്കിലും അവാം അത്ര വിരൂപയല്ല. ആ സ്ഥലം മാനംകോയിക്കക്കൊരുടേതു തന്നെ. കൂലികൊടുക്കാൻ വകയില്ലാത്തതിനാൽ ചൂള നീററാൻ വണ്ടി കറക്കുന്നതു് എത്തപ്പാൻ തന്നെയാണ്. കുട്ടികളില്ലാത്ത ആ കുടുംബത്തിൽ കുമ്മായത്തിനു വരുന്നവരും അല്ലാത്തവരുമായ പലരും വെള്ളംകുടിക്കാനും 'വീടി' കത്തിക്കാനും മററും മററുമായി കയറിയിരുന്ന സമയം കളയാറുണ്ടു്. കുമ്മായംനീററിൻെറ മുടക്കുമുതൽ സുകുവിൻേറതാണ്. അയാം പലപ്പോഴും അവിടെച്ചെന്നിരുന്നു കൊണ്ടാണ് എത്തപ്പാനെ അയച്ചു് മദ്യം വരുത്തുന്നതു്. സുകു കുടിച്ച ശേഷം ബാക്കിയുള്ളതു് അവിടിരിക്കും. എത്തപ്പാനും തെറതിയാപ്പെണ്ണും മൂക്കുമുട്ടെ കുടിക്കും. പല

പ്പോഴും ഷാപ്പുകാരത്തി മാണിച്ചോവത്തിയുടെ കറിയും കാണും. ദൂരെനിന്നു നടന്നുവരുന്ന സുകുവിനെ കണ്ടപ്പോഴാം ത്തന്നെ തെറതിയാപ്പെണ്ണിന്റെ കുമ്പളങ്ങാക്കുരു പോലു ള്ള വെളുത്ത പല്ലു് ആ കറുത്ത വട്ടമുഖത്തിന്റെ മാററു കൂട്ടും........അവരാക്ക് കൊച്ചേമ്മാനോടു പറയാൻ പല അത്യാവശ്യങ്ങളും കാണും. കൊച്ചേമാനു് അവളോടും. ചൂളനിൽനിന്നു നേരേ ഷാപ്പിലേക്കു പോയിരിക്കുന്ന എത്തപ്പാൻ ഭാരവുംപേറി വരുന്ന വരവുകണ്ടു് തെറതിയാ പ്പെണ്ണും കൊച്ചേമാനും ചിരിക്കും........കൊച്ചേമാനിൽ നിന്നു ചില്ലറ വല്ലതുമൊക്കെ എത്തപ്പാനും കിട്ടും. കൊ ച്ചേമാൻ അത്ര കൊടുക്കുകേം ചെയ്യും. അത്ര നല്ലവനാണു് എത്തപ്പാനു് അവന്റെ കൊച്ചേമാൻ. അവരുടെ വേഴ്ച കൊച്ചേമാൻ ജോലിക്കുപോകുന്നതിനു വളരെ മുമ്പേ തുട ങ്ങിയതാണു്. ആ നന്ദി എത്തപ്പാനു മറക്കാൻ സാദ്ധ്യ മല്ല. അവൻ നിശ്ചയിച്ചു, കുമ്മായത്തിനു വരാനൊന്നും കാത്തിരിക്കുന്നില്ല. ഇന്നു തന്ത്യാനിസ്സാരത്തിനു് അച്ചൻ പള്ളീ വരും. മങ്കളാവീന്നു വരുന്നവഴിക്കു കണ്ടുപറയാം. അല്ലേ പിരിഞ്ഞുപോകുമ്പം. എത്തപ്പാൻ തനിയെതന്നെ പറഞ്ഞുകൊണ്ടു് ആഞ്ഞു നടന്നു. അവൻ വിചാരിച്ചതു പോലെ തന്നെ കാര്യം പററി. അച്ചനെ വഴിയിൽ വച്ചു കണ്ടു. കപ്യാരു കറിയായും നിഴൽപോലെ അച്ചന്റെ കൂടെയുണ്ടു്. എത്തപ്പാൻ തോളിൽക്കിടന്ന ചുട്ടിക്കരയൻ തോർത്തെടുത്തു് കയ്യിൽ തൂക്കിയിട്ടുകൊണ്ടു് ഓഛാനിച്ചു് വഴിയിറമ്പിലേക്കു മാറിനിന്നു. അച്ചൻ പലപ്പോഴും എത്തപ്പാന്റെ പരസ്യപ്പലക വായിച്ചിട്ടുണ്ടു്. മാത്രവു മല്ല അവൻ അച്ചന്റെ തൊഴുത്തിലെ ഒരാടാണു്. സെമ്മ നാരി പണിക്കു കുമ്മായംവാങ്ങുന്നതു് അവനോടാണു്.

അച്ചൻ:—എന്താ എത്തപ്പാനെ, എങ്ങോട്ടാ?

എത്ത:—അച്ചനെ ഒന്നു കാണാനാ.

അച്ചൻ:—എന്നെയോ? എന്താ വിശേഷം.

എത്ത:—ഒരടിയന്തിരകാര്യമാ.

അച്ചൻ:—കേരക്കട്ടെ. വേഗം പറയൂ. മണിയടിച്ചു

എത്ത.—അത്തറ....തൊറന്നുവിടാവുന്നതല്ല. അടക്കം പറേണ്ടതാ.

അച്ചൻ:—ങ്ഘ്അ. ആട്ടെ—കറിയാ മുമ്പോട്ടു നട.

എത്തപ്പാൻ വിശദമായി കാര്യങ്ങൾ അച്ചനെ അറിയിച്ചു. കൊടിയ ചെയിത്താനാ അച്ചാ! എവിടെനിന്നു കൂടിയതാന്നറിയാമ്മേലാ—ഇന്നു വെള്ളിയാഴ്ചയല്ലിയോ—മൂവന്തി അട്ടത്തപ്പഴത്തേക്ക് അങ്ങ് ഇളകി. അലറും ചെലപ്പം. ഇനീ ചെലപ്പം ഓടിനടക്കും. ഇനീം ചെലപ്പം തലമുടി വലിച്ചുപറിക്കും. ഇനീം ചെലപ്പം പട്ടി മോങ്ങുന്നപോലെ കരേം-വട്ടം നടക്കും. എൻറച്ചോ ഒന്നു കാണണം തകൃതി. കണ്ടാ കണ്ടുനിക്കുകേലേ—ഒന്നേ നോക്കൂ—ഒന്നേ ഒന്ന്. ഇത്തരേം ധൈര്യമൊള്ള ഞാനായിട്ട് ഒരു വരവു വരുന്നകണ്ടപ്പം എറിച്ചുവിട്ട വാണം പോലെ കടന്നുകളഞ്ഞു. എൻറീശോയേ—എൻെറ മാതാവേ—അണച്ചുപോയി വീണില്ലെന്നേ ഒള്ളു. അതുകൊണ്ട് അച്ചൻ ഒരുപരിയാരം ഇതിനു വരുത്തിത്തരണം. അവരുടെ ചോറ് ഉപ്പുചേത്തു ഞാൻ തിന്നതല്ലേ. അച്ചൻ ഒരു കെട്ടുകെട്ടി എവിടേലും ഇതിനെ ഒന്നു താപിക്കണം.

അച്ചൻ:—എത്തപ്പാനെ അതു് അല്പം ചെലവുള്ള കാര്യമാ—നീ എന്തിനാ ഇതിലൊക്കെ എടപെടുന്നെ.

എത്ത:—പൊന്നു പിതാവേ! ആരേലും കണ്ടാലൊന്നേ നോക്കത്തൊള്ളൂ. കൊച്ചേമാനുവേണ്ടി ഞാൻ എന്തു ചെയ്താലും അതികമാകത്തില്ല. അത്രയ്ക്ക് ഒപകാരിയാ.

അച്ചൻ:—ഒരു നൂറുരൂപായേലും ചെലവുവരും.

എത്ത:—അതേ-അതേ-അതി മേലേവരു. എന്നാലും പൊന്നൊടേരേ-ഒരു അമ്പതേ നിർത്തണം. കൊച്ചേമാൻെറ പണമില്ലാഞ്ഞല്ല. എന്നാലും നമ്മളൊക്കെ ചെയ്യുമ്പം ഒരു ചേലും ചെതോം വേണ്ടേ.

അച്ചൻ:- അമ്പതിനൊന്നും മൊതലാകത്തില്ല. എത്തപ്പാൻ ഇതിനു ബദ്ധപ്പെടേണ്ട. ആവശ്യക്കാരിങ്ങു വ

രട്ടെ. സംസാരം ഇത്രയും ആയപ്പോഴേക്കു് അച്ചൻ പള്ളിപ്പടിക്കൽ എത്തി.

പിന്നെ കാണാം എന്നുപറഞ്ഞു് അച്ചൻ പള്ളിയിലേക്കും എത്തപ്പാൻ അവന്റെ വീട്ടിലേക്കും പോയി. മണവാട്ടിക്കൊച്ചമ്മേടെ വിവരം അറിയാൻ കുറെ ഇരുട്ടിയപ്പോൾ എത്തപ്പാൻ വീണ്ടും വന്നു. ബോധരഹിതയായി നെടുംപാടുതറയിൽ വീണുകിടക്കുന്ന ലോലമ്മയെ കണ്ടുകൊണ്ടു് അവൻ പറഞ്ഞു: അയ്യോ ഇതു കൊടിയ ചെയിത്താനാണല്ലോ. ഇപ്പരുവത്തിലായോ കാര്യം. അപ്പോഴേക്കും പ്രകാശം പരത്തി മൂളി എരച്ചുകൊണ്ടു് ഒരു കാർ മനംകോയിക്കൽ വീടിന്റെ മുററത്തുവന്നു് ഒന്നു കുലുങ്ങി നിന്നു. കുഞ്ഞാണ്ടിച്ചനും ഏലാമ്മയും കാറിൽനിന്നു പുറത്തിറങ്ങി. അപശബ്ദം പലതും പുലമ്പിക്കൊണ്ടിരുന്ന ബോധരഹിതനായ സുകുവിനെ പലർകൂടി എടുത്തു് വീട്ടിനുള്ളിലാക്കി. മാലിന്യവും ഛർദ്ദിയും പുരണ്ട വസ്ത്രങ്ങൾ മാററി വേറെ ധരിപ്പിച്ചു.

x x x x x

## ആറു്

പൗലോസ്സാറിന്റെ മകനു് ആലീസിനെ വളരെ പരിചയമാണു്; എങ്കിലും അന്നു് ആദ്യമായിട്ടാണു് അയാൾ ആലീസിന്റെ വീട്ടിൽ ചെന്നതു്. രണ്ടു മുറി മാത്രമുള്ള ഒരു പെറിയ വീടു്. വലുപ്പം കുറവെങ്കിലും ശുചിത്വവും പവിത്രതയും ആ ഭവനത്തിൽ കളിയാടുന്നുണ്ടായിരുന്നു. ഉപകരണങ്ങൾ അവിടെ അധികം കാണാനില്ല. ഉള്ളവ യഥാസ്ഥാനങ്ങളിൽ അലങ്കോലങ്ങൾ ഒന്നും കൂടാതെ വൃത്തിയായി സൂക്ഷിപ്പെട്ടിരുന്നു. അടുക്കും ചിട്ടയും ഉള്ള ആ ചെറുഭവനത്തിൽ വിശുദ്ധിയുടെ ഒരന്തരീക്ഷം തളംകെട്ടി കിടപ്പുള്ളതായി പ്രേക്ഷകർക്കു് അനുഭവപ്പെടും.

ആലീസും മാതാവും വളരെ സന്തോഷത്തോടുകൂടെയാണു് തോമസ്കുട്ടിയെ സ്വാഗതം ചെയ്തതു്. ആ ഭവ

നത്തിലുള്ള സകല പോരായ്മകളും പരിഹരിക്കാൻ പോരുന്നതായിരുന്നു അവരുടെ ആത്മാർത്ഥമായ പുഞ്ചിരിയും ഹൃദയനൈർമ്മല്യവും. തോമസ്കുട്ടി പൗലോസ്സാറിൻെറ വളർത്തുമകനാണെന്നു് ആലീസിനു് അറിയാമായിരുന്നു എങ്കിലും അവളുടെ മാതാവു് ആയിടെ മാത്രമാണു് ആ പരമാർത്ഥം മനസ്സിലാക്കിയതു്.

ആലീസിൻെറ പഠനം പുനരാരംഭിച്ചതു മുതൽ പലപ്പോഴും അവർ പൗലോസ്സാറിൻെ വീട്ടിൽ പോകാറുണ്ടു്. അക്കാലങ്ങളിലെല്ലാം അവർ തോമസ്കുട്ടിയെ കാണാറുണ്ടെങ്കിലും അവൻ ആ വീട്ടിൽ ജനിച്ചുവളർന്ന മകനാണെന്നുതന്നെയാണു് ധരിച്ചിരുന്നതു്. അത്ര സർവ്വസ്വാതന്ത്ര്യമായ പെരുമാററമാണു് തോമസ്കുട്ടിക്കു് ആ ഭവനത്തിൽ ഉണ്ടായിരുന്നതു്. സ്വന്ത മാതാപിതാക്കളിൽനിന്നെന്നവണ്ണമുള്ള സ്നേഹവും ലാളനയും തോമസ്കുട്ടിക്കു് അവിടെ ലഭിച്ചിരുന്നു. തന്മൂലമാണു് അടുത്തറിയുന്നവരിൽ പലക്കുപോലും ഈ രഹസ്യം ഗ്രഹിപ്പാൻ കഴിയാതെ വന്നിട്ടുള്ളതു്. തോമസ്കുട്ടി അമ്മിണിക്കൊച്ചമ്മയുടെ വളർത്തുമകനാണെന്നുള്ള വസ്തുത വളരെ വൈകിയാണു് ആലീസ്പോലും മനസ്സിലാക്കിയതു്.

സ്കൂൾജീവിതം പുനരാരംഭിച്ച ആലീസ് എട്ടാം സ്റ്റാൻഡാർഡിൽ പഠിക്കുമ്പോൾ മുതൽ തോമസ്കുട്ടിയെ കണ്ടിട്ടുണ്ടു്., അന്നു് അയാൾ പത്താംസ്റ്റാൻഡാർഡിലെ പരീക്ഷയ്ക്കു പഠിക്കുകയാണു്. പൗലോസ്സാറിൻെറ മകൻ എന്നതിൽകവിഞ്ഞു് അവൾക്കു് തോമസ്കുട്ടിയെപ്പററി ഒന്നുംതന്നെ അറിഞ്ഞുകൂടായിരുന്നു. അറിയണം എന്നു് ആ ചെറുഹൃദയം ആഗ്രഹിച്ചുമില്ല. പൗലോസ്സാറിൻെറ മകൻെറ നിലയെവിടെ എളച്ചിപ്പെണ്ണിൻെറ മകൾ കൊച്ചുകൊച്ചിൻെറ നില എവിടെ. ആനയും ആടും പോലുള്ള വ്യത്യാസം. കുന്നും താഴ്വരയും പോലുള്ള അകലം.

അവളുടെ അമ്മിണിക്കൊച്ചമ്മയോടുള്ള സ്നേഹവും പൗലോസ്സാറിനോടുള്ള ബഹുമാനവും ആയിരിക്കണം ആലീസിൽ തോമസ്കുട്ടിയോടും വലിയ ഒരാദരവും

സ്നേഹവും അങ്കുരിപ്പിച്ചതു്. ക്രമേണ അവനെയുള്ള ദർശന മാത്രയിൽത്തന്നെ അവളുടെ ഹൃദയത്തിൽ ഏതോ ഒരു വികാരത്തിൻെറ വേലിയേററം ഉളവാകുന്നതു് ആ പാവപ്പെട്ട പെൺകുട്ടിക്കു് അനുഭവമായിട്ടുണ്ടു്. അവരം പുറത്തു പറഞ്ഞിട്ടില്ല അതിനുള്ള ഹേതു ആരായാൻ അവരം ഒരുങ്ങിയിട്ടുമില്ല. സ്കൂളിലെ പ്രത്യേക ചടങ്ങുകളിൽ പലപ്പോഴും പാടാറുണ്ടായിരുന്ന ആലീസ്മാത്യുവിനെക്കുറിച്ചു് തോമസ്കുട്ടിയുടെ ഹൃദയത്തിലും ഏതോ ഒരു മതിപ്പും ആദരവും സംജാതമായിരുന്നു. അവൻെറ ഉള്ളം അവളെ സ്നേഹിച്ചു ആ സ്നേഹവായ്പു് വളർന്നുവരികയല്ലാതെ ഒട്ടും കുറഞ്ഞിട്ടില്ല.

മനഃപൂർവ്വമുള്ള സഹായസഹകരണങ്ങരം എളിയവരായ തങ്ങളോടു കാട്ടുന്ന അമ്മിണിടീച്ചറിൻെറ ഭവനത്തിൽ ആലീസിൻെറ മാതാവു പലപ്പോഴും പോയിട്ടുണ്ടു്. അമ്മിണിടീച്ചർ അവരെ എളച്ചിയമ്മ എന്നാണു് വിളിക്കാറുള്ളതു്. കൊച്ചുമാത്തൻെറ മരണശേഷമുള്ള നിസ്സഹായാവസ്ഥയിലാണു് അവർ എളച്ചിപ്പെണ്ണായിത്തീർന്നതു്. എളച്ചിയമ്മയുടെ സൗമ്യതയും ദൈവഭക്തിയും പ്രാർത്ഥനാശീലവും അമ്മിണിടീച്ചറിൻെറ ഹൃദയത്തിൽ ആ ചെറുകുടുംബത്തോടു് വലിയ ഒരു അടുപ്പം ഉളവാക്കിയിരുന്നു. അമ്മിണിടീച്ചറിൽക്കൂടി പൗലോസ്സാറിൻെറ സഹതാപവീക്ഷണവും പെരുമാററവും ആ മാതാവിനും മകരംക്കും ലഭിച്ചിട്ടുണ്ടു്. നിഷ്കളങ്കമായ ആ സ്നേഹബന്ധത്തിൻെറ വളച്ചയാണു് ഇന്നു് തോമസ്കുട്ടിയും ആലീസ്മാത്യുവും തമ്മിലുള്ള വിവാഹാലോചനയിലേക്കു കിളർന്നുവന്നതു്.

X X X X.

അവരുടെ വിവാഹം ആർഭാടരഹിതമായി നടന്നു. പരിശുദ്ധസ്നേഹമുള്ള യുവഹൃദയങ്ങളുടെ വേഴ്ചയിൽ പ്രകൃതി ആനന്ദിച്ചു. തത്തകരം പാടി, മയിലുകരം ആടി, തൈത്തെന്നൽ ഇളകി, ചെറുലതകരം നൃത്തംവച്ചു, പൂങ്കുലകരം താളം പിടിച്ചു. എങ്ങും പ്രശാന്തത, നിർമ്മലപ്രേമത്തിൻെറ അംഗീകാരം. എരിഞ്ഞുപൊരിഞ്ഞ നിരവധി

സാധുക്കാം വഴിത്തലയ്ക്കലും തെരുക്കോണിലുംനിന്നു ക്ഷണിക്കപ്പെട്ടു. അവരുടെ വയർ നിറഞ്ഞു. ആരാലും അംഗീകാരം ലഭിക്കാതെ നിരവധി ധനാഢ്യന്മാരുടെ വൻപിച്ച വിവാഹസദ്യകളിൽ ഉന്തും തള്ളും പിടിച്ച് ''ആട്ടും തുറ്റും'' ഏറ്റു് എച്ചിലെലകാംക്കപോലും കനിവുകിട്ടാതെ പന്നപ്പട്ടികളോടു മല്ലടിക്കുന്നതിനിടയിൽ ആട്ടിഓടിക്കപ്പെട്ട നിസ്സഹായരും തെരുവുതെണ്ടികളും ഹൃദയപൂർവ്വം ഭാവുകം നേർന്നു. ദേശത്തെ പല പ്രമാണികളുടെയും നെററി ചുളിഞ്ഞു. ഇപ്പോാം ആലീസ്കുട്ടിയും തോമസ്കുട്ടിയും ചേർന്നുള്ള ഒരു പുതിയ കുടുംബം ഉടലെടുത്തു. കുഞ്ചാണ്ടിച്ചനും ഭാര്യ ഏലിയാമ്മയും അവരേപ്പോലുള്ള ചുരുക്കം ചിലക്കും അല്ലാതെ മററെല്ലാവക്കും ആ മംഗല്യം ആനന്ദദായകമായിരുന്നു. അവരെല്ലാം നവദമ്പതികാംക്കു് ഉള്ളഴിഞ്ഞു് ആശിസ്സു നല്കി. പലരും പറഞ്ഞു: പാഴ്ചെലവുകാം ചുരുക്കി പൊരിയുന്ന വയറോടുകൂടിയ പലരേയും സംതൃപ്തരാക്കിയ നല്ല കല്യാണം.

കഴിഞ്ഞ നാലഞ്ചു വർഷം സാമൂഹ്യസേവനത്തിനും ദേശീയോദ്ധാരണത്തിനുമുള്ള വിവിധ തൊഴിലുകളിൽ പരിശീലനംനേടി തിരിച്ചെത്തിയ തോമസ്കുട്ടിയും ആതുരശുശ്രൂഷയ്ക്കുള്ള അഭ്യസനം കഴിഞ്ഞു മടങ്ങിവന്ന ആലീസ്കുട്ടിയും തമ്മിലുള്ള വിവാഹം ദേശത്തിനു് അനുഗ്രഹവും അഭികാമ്യവുമായിത്തീർന്നു. പൗലോസ് സാറിൻെറയും ഭാര്യയുടെയും ചിരകാലപ്രതീക്ഷകാം ഉടലെടുക്കാൻ തുടങ്ങി.

പൗലോസ് സാർ മുൻകൈയെടുത്തു് ദേശത്തുള്ള പലരെ വിളിച്ചുകൂട്ടി. ഒരു ദേശീയസേവനകേന്ദ്രത്തെക്കുറിച്ച് ആലോചിക്ക എന്നതായിരുന്നു ആ കൂടിവരവിൻെറ ഉദ്ദേശ്യം. ദേശത്തെ പ്രമുഖരെന്നോ ധനാഢ്യരെന്നോ വലിയവരെന്നോ ചെറിയവരെന്നോ ഭേദചിന്ത കൂടാതെ സാമൂഹ്യസേവനത്തിൽ താല്പര്യമുള്ള പലരും വന്നുചേന്നു. അനേകരുടെയും കണ്ണുകാം തുറന്നു. കൂടിവന്നവരിൽനിന്നു് ഒരു പ്രാദേശികകമ്മററിയെ തെരഞ്ഞെടുത്തു. ഭരണഭാരം അവക്കായിരുന്നെങ്കിലും പ്രവത്തനസ്വാതന്ത്ര്യം പൗലോ

സ്സാറിനും തോമസ്കുട്ടിക്കും അമ്മിണിടീച്ചറിനും ആലീസ്കുട്ടിക്കുമായി വിട്ടുകൊടുത്തു.

അവർ പല പ്രവർത്തനപദ്ധതികളും ആസൂത്രണം ചെയ്തു തൊഴിൽപരിശീലനകേന്ദ്രങ്ങൾ, കുടിൽവ്യവസായശാലകൾ, ഭവനനിർമ്മാണപദ്ധതികൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ, ആരോഗ്യകേന്ദ്രങ്ങൾ, ആതുരസംരക്ഷണശാലകൾ. സാമ്പത്തികോന്നമനപ്രവർത്തനങ്ങൾ, അഗതിമന്ദിരങ്ങൾ എന്നിവയെല്ലാം അവരുടെ പ്രവർത്തനപരിപാടിയിലെ ലക്ഷ്യങ്ങളായിരുന്നു. ഒന്നൊന്നായി അവ ആരംഭിക്കുവാൻ അവർ തീരുമാനിച്ചു.

പൗലോസ്സാർ തൻെറ സകലസ്വത്തും ഈ പ്രവർത്തനങ്ങൾക്കായി വാഗ്ദാനം ചെയ്തു. തുടർന്ന് പലരുടെ മടിശ്ശീലയുടെ കെട്ടുകൾ അഴിഞ്ഞു, പലരുടെ വാഗ്ദാനങ്ങൾ ലഭിച്ചു. ആകമാനം ജനം ഉൽബുദ്ധരായി പ്രവർത്തിക്കാൻ തീരുമാനിച്ചു.

ലഭിക്കുന്ന സമയത്തിനനുസരിച്ചു തൊഴിൽശാലകളിൽ വന്നു വേല ചെയ്ത് അതിൽനിന്നു ലഭിക്കുന്ന ആദായം, തുച്ഛവരുമാനത്താൽ ഞെരുങ്ങിയ പല കുടുംബങ്ങൾക്ക് ആശ്വാസം നൽകി. തൊഴിൽപരിശീലനം അനേകർക്ക് തൊഴിലില്ലായ്മയ്ക്കു പരിഹാരം വരുത്തി. ലഘുനിക്ഷേപപദ്ധതിയാൽ ചെലവു ചുരുക്കി മിച്ചിക്കാൻ പലരും പഠിച്ചു. കുടിൽവ്യവസായങ്ങളുടെയും കാർഷികോല്പന്നങ്ങളുടെയും വിപണി കണ്ടുപിടിച്ച് നിർമ്മാതാക്കൾക്കു നല്ല വില ലഭിപ്പാനുള്ള മാർഗ്ഗം ലഭിച്ചതും ക്ഷാമപരിഹാരത്തിനു വളരെ സഹായമായിത്തീൎന്നു. പായ്നെയ്ത്തു്, തുണിനെയ്ത്ത്. കയറുപായ് നെയ്ത്തു് മുതലായവ ആ സ്ഥലത്തെ എല്ലാ ഭവനങ്ങളേയും അഭിവൃദ്ധിയിലേക്കു വലിച്ചുയർത്തി. തൊഴിലില്ലായ്മയും ക്ഷാമവും പമ്പകടന്നു. ആധുനികരീതിയിലുള്ള കൃഷിസമ്പ്രദായങ്ങളും കാർഷികോപകരണപ്രവർത്തനവും ഉല്പന്നങ്ങൾ വർദ്ധിക്കുവാൻ മുഖാന്തരമായി.

അവർ ആരംഭിച്ച ലഘുനിക്ഷേപപദ്ധതി അനേക നിർദ്ധനരെ സ്ഥലവും വീടും ഉള്ളവരാക്കി ഉയർത്തി. പ്രാദേശികകമ്മററിയുടെ ആലോചനയോടുകൂടെ സകല പ്രവർത്തനങ്ങളുടേയും ചുക്കാൻ പിടിച്ചതും പുതിയ പുതിയ പ്രവർത്തനപദ്ധതികൾ രൂപംകൊണ്ടതും തോമസ്കുട്ടിയുടെ മേധാശക്തിയാൽ ആയിരുന്നു.

പലപ്പോഴും പലയിടങ്ങളിലേയും പൊതുപ്രവർത്തനങ്ങൾക്ക വിലങ്ങുതടിയായി നില്ക്കുന്നത് അവിടവിടെയുള്ള പൊതുപ്രവർത്തന കമ്മററികളും അവരുടെ സ്വാർത്ഥതാല്പര്യങ്ങളുമാണ് എന്നു മനസ്സിലാക്കിയിട്ടുള്ള തോമസ്കുട്ടി അങ്ങനെയുള്ള കാര്യങ്ങൾ ദീർഘദൃഷ്ടിയോടെ കൈകാര്യംചെയ്യാൻ പ്രത്യേക കഴിവുള്ളവനായിരുന്നു.

ഈ സാമൂഹ്യപ്രവർത്തനങ്ങൾകൊണ്ടൊന്നും അമ്മിണി ടീച്ചറിൻെറ ഹൃദയത്തിന് ഒരു സമാധാനവും ഉണ്ടായില്ല. നാടും നാട്ടാരും വെറുത്ത് സഭയും സമൂഹവും ദൃഷ്ടിപതിക്കാതെ സ്വന്തക്കാരുടെയും ചാർച്ചക്കാരുടെയും പരിഹാസവിഷയമായി ചവുട്ടിത്താഴ്ത്തപ്പെട്ട നിരവധി അവിവാഹിതരായ മാതാക്കളേയും ദുർവൃത്തരെന്നു താറടിച്ചു പുറംതള്ളപ്പെട്ട തരുണികളുടെയും ഉദ്ധാരണത്താലല്ലാതെ അവരുടെ ഹൃദയത്തിനു സംതൃപ്തി വരികയില്ല. അതുസംബന്ധിച്ച് ആ മഹതി നല്ലവണ്ണം ആരാഞ്ഞു. അവർ ആ കാര്യത്തേപ്പററി വ്യക്തിപരമായി ഇടപെട്ടു പഠിച്ചു. അധഃപ്പതിച്ച സ്ത്രീകളുടെ ഇടയിലേക്ക് താണിറങ്ങിച്ചെന്ന് അവരെ നീചവും മ്ലേച്ഛവുമായ ജീവിതക്രമത്തിലേക്ക വലിച്ചുതാഴ്ത്താൻ ഉള്ള സാഹചര്യങ്ങളേപ്പററി അന്വേഷിച്ചു. ഈ പുതിയ ഗവേഷണത്തിൽ ആലീസ് അവൾക്ക വലംകയ്യായി നിന്നു സഹായിച്ചു. ശ്രേഷ്ഠരായ ആ വനിതകളുടെ ഗവേഷണം അവരെ ഒരു നിഗമനത്തിൽ എത്തിച്ചു.

പതിതർ എന്നു ലേബൽ അടിച്ചു മാററപ്പെട്ട പലരും പതിതരാകേണ്ടിയിട്ട് ആയതല്ലെന്നും പലവിധ സാഹചര്യങ്ങൾ അവരെ അതിലേക്ക വലിച്ചുതാഴ്ത്തിയതാണെന്നും അവർ മനസ്സിലാക്കി. പലരേയും ദാരിദ്ര്യം നീച

മായ പടുകുഴിയിലേക്കു പിടിച്ചുതാഴ്ത്തി. മനസ്സോടെയല്ല, അവർ അങ്ങനെ താഴേണ്ടിവന്നു. ചിലരെ തങ്ങളുടെ നിസ്സഹായത അധഃപതിപ്പിച്ചു. മററുചിലരെ പരിതഃസ്ഥിതികൾ പതിതരാക്കി. ഒരു ചെറിയ ശതമാനം ആളുകൾ മാത്രമെ സ്വമനസ്സാലെ ഈ ചെളിക്കുണ്ടിൽ താഴാൻ ഇടയായിട്ടുള്ളു.

ഇന്നു മാനംനടിച്ചു കുലവതികളെന്നു് അഭിമാനിക്കുന്ന പലരും കുലടകളെന്നു താറടിക്കപ്പെടാമായിരുന്നു എന്നുള്ള പരമാർത്ഥം മനസ്സിലാക്കാൻ ഈ ഗവേഷണം അമ്മിണിക്കൊച്ചമ്മയേയും ആലീസിനെയും സഹായിച്ചു.

അങ്ങനെയെങ്കിൽ ഒരുകൂട്ടർ പതിതരായിത്തീരുന്നതിനുള്ള ഉത്തരവാദിത്വം അവർക്കു മാത്രമുള്ളതല്ല; പൊതുജനങ്ങൾക്കുംകൂടുള്ളതാണു്, എന്നു മനസ്സിലാക്കിയ ഈ മഹതികൾ തങ്ങളുടെ കണ്ണു തുറക്കാനും ഉദ്ധാരണക്രിയകൾ നടത്താനും വരുത്തിക്കൂട്ടിയ കാലവിളംബത്തെ ഓർത്തു പശ്ചാത്തപിച്ചു.

അവരുടെ പരിശ്രമഫലമായി ലോകത്തിൻെറ ദൃഷ്ടിയിൽ നിന്ദിതരും ഹതഭാഗ്യരുമായ ഇരുപതോളം വനിതകളെ ചേർത്തു് ഒരു പുതിയ പ്രവർത്തനം സമാരംഭിച്ചു. അവർക്കു് അന്നവസ്ത്രാദികൾ സമ്പാദിപ്പാനും ലഘുനിക്ഷേപങ്ങൾ ഉണ്ടാക്കാനുമുള്ള പദ്ധതികൾ ആ മന്ദിരത്തിൽ തന്നെ ക്രമീകരിക്കപ്പെട്ടു. ശരീരത്തിൻെറയും ആത്മാവിൻെറയും ആരോഗ്യപരമായ പുരോഗതിക്കു് ആവശ്യമുള്ളതു ചെയ്യാൻ അമ്മിണിക്കൊച്ചമ്മയും ആലീസുകുട്ടിയും മറന്നില്ല. ആരും നോക്കാനും അന്വേഷിക്കാനും സ്നേഹിപ്പാനും ഇല്ലാതെ സ്ത്രീത്വത്തിൻെറ വില്പാശ്രു വാങ്ങി ഉപജീവനം കഴിക്കാൻ പ്രേരിതരായ സാധുക്കളെ സ്നേഹിപ്പാനും കരുതാനും ഒരുങ്ങി താണിറങ്ങിയ അമ്മിണിക്കൊച്ചമ്മയും ആലീസുകുട്ടിയും അചിരേണ ആ മന്ദിരത്തിലെ വല്യകൊച്ചമ്മയും കൊച്ചുകൊച്ചമ്മയുമായി.

രൂപംകൊണ്ടു. ലക്ഷ്യമില്ലാത്ത ജീവിതംമൂലം പലവിധ രോഗങ്ങളാൽ അസ്വസ്ഥരായിരുന്ന അഭയാർത്ഥികൾക്ക് ആവശ്യമുള്ള സ്നേഹശുശ്രൂഷകൾ നൽകിയ കൊച്ചുകൊച്ചമ്മയിൽ അവർ യഥാർത്ഥമായ ദൈവസ്നേഹം വെളിവായി കണ്ടു. സർവ്വകൃപാലുവായ ദൈവത്തിന്റെ മനസ്സലിവും സ്നേഹവും ഉടലെടുത്ത കൊച്ചുകൊച്ചമ്മ ആശ്രമത്തിലെ അന്തേവാസികളുടെ കണ്ണിലുണ്ണിയായിത്തീർന്നു.

ഇരുളടഞ്ഞ ആ ഗ്രാമപ്രദേശം പ്രകാശപൂരിതമായി. ദാരിദ്ര്യം താണ്ഡവനൃത്തം വച്ച ആ സ്ഥലം ഐശ്വര്യത്തിന്റെ നികേതനമായിത്തീർന്നു. കൊലയും കൊള്ളിവയ്പും വഴക്കും മോഷണവുംകൊണ്ട് അസമാധാനം തളംകെട്ടിയിരുന്ന ആ കുഗ്രാമം ദേവലോകംപോലെ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും കേളീരംഗമായി രൂപംകൊള്ളുവാൻ തൊഴിലില്ലായ്മയുടെ പരിഹാരം മുഖാന്തരമായി.

സ്നേഹസ്വരൂപിയായ ദൈവത്തെ ആരാധിപ്പാനും ആത്മികകാര്യങ്ങളിൽ ആവശ്യമുള്ള ഉത്തേജനം നല്കാനും അവർക്ക് അവിടെ ഒരു ആരാധനസ്ഥലം പണികഴിപ്പിക്കാൻ പൗലോസ് സാർ മറന്നില്ല. തൊഴിൽശാലയിലും പരിശീലനകേന്ദ്രങ്ങളിലും ആശ്രമത്തിലും ജാതിപ്പിശാച് കയറാൻ അനുവദിക്കാതിരുന്നതുപോലെതന്നെ അവരുടെ ആരാധനസ്ഥലത്തും അങ്ങനെയുള്ള തരംതിരിവ് ഉണ്ടായില്ല. പൗലോസ് സാറിന്റെയും തോമ്മസ് കുട്ടിയുടെയും, വല്ല്യകൊച്ചമ്മയുടെയും, കൊച്ചു കൊച്ചമ്മയുടെയും നിസ്വാർത്ഥസേവനവും നിർമ്മലജീവിതവും അവരിൽ പലരേയും സ്വാധീനിച്ചു. ദുർവൃത്തരായിരുന്ന പലരും ആത്മസമാധാനമുള്ളവരും ഈശ്വരഭക്തരും ആയിത്തീരുവാൻ ആശ്രമവും മററു സാമൂഹ്യപ്രവർത്തങ്ങളും വളരെയധികം സഹായിച്ചു.

x x x x x

## ഏഴ്

ലോലമ്മ സുകുവിൻെറ പത്നീപദം സ്വീകരിച്ചതു് കരാംനിറഞ്ഞ പ്രതീക്ഷകളോടെയായിരുന്നു. മധുരസ്വപ്ന ങ്ങളോടും തികഞ്ഞ ആത്തിയോടുമാണു് വിവാഹനിശ്ച യത്തിനും വിവാഹദിവസത്തിനും ഇടയ്ക്കുള്ള ഒരാഴ്ചവട്ടം അവരം തള്ളിനീക്കിയതു്. കല്ല്യാണകൃഷ്ണൻെറ കപട നാട്യത്തിൽ കുടുങ്ങിപ്പോയ മറിയാമ്മയുടെ നിർബ്ബന്ധ ത്തിനു വഴങ്ങേണ്ടിവന്നതിനാലാണു് അവരുടെ പ്രിയ ഭത്താവും ലോലമ്മയുടെ പിതാവുമായ ആലിശ്ശേരി മത്താ യിച്ചൻ ഇത്ര ധൃതിയിൽ ആ കല്ല്യാണം നടത്താനുള്ള ചര ട്ടുവലിയിൽ ഒതുങ്ങിപ്പോയതു്. ഉമ്മച്ചൻെറ ചക്കരവാക്കും മറിയാമ്മയുടെ അമിതസ്വാധീനവും, ലൂയീസ്കുട്ടിയുടെ പേക്ക് പേർഷ്യയിലേക്കയച്ച കത്തിനു മറുപടി വരാൻ കാത്തിരിക്കാതെ മത്തായിച്ചനെ സ്വാധീനിച്ചതാണു് ആ വിവാഹം ഇത്ര വേഗത്തിൽ നടക്കാൻ കാരണമായ തു്. ''നല്ലവണ്ണം അന്വേഷിക്കണം'' എന്നും, ധൃതി യിൽ ഒരു കാര്യവും ചെയ്യരുതു്'' എന്നും മററും ആലോ ചന പറഞ്ഞ ലോലമ്മയെ ആദർശവാദിയായി ചിത്രീ കരിച്ചാണു് ആ മാതാപിതാക്കരം മകളുടെ വിവാഹം തീരുമാനിച്ചതു്. ദ്വേഷത്തിലല്ല, സ്നേഹാധിക്യത്താൽ– കരുതലില്ലാത്ത, വിവേകശൂന്യമായ, ശുഭപ്രതീക്ഷക ളാൽ. കഷ്ടം! അവരുടെ ആകാശക്കോട്ടകരം ഇടിഞ്ഞു വീണു. ആശാസൗധം തകൻ തരിപ്പണമായി!

ആഹ്ളാദത്തോടെ ആസ്വദിക്കാൻ കരത്തിലെ ടുത്ത ആ കനി, വിഷക്കനിയായിപ്പോയി. സുന്ദരസ്വപ്ന ങ്ങളോടെ ലോലമ്മ ആ പാത്രം കയ്യിലെടുത്തു. അതു നി റയെ അമൃതു് എന്നവരം ധരിച്ചു. പക്ഷേ, കാകോളം! ഭീകരവിഷം! പ്രതീക്ഷയോടെ–പ്രത്യാശയോടെ–അവരം വരൻെറ മുമ്പിൽ കഴുത്തു കുനിച്ചു. അതിൽ ചുററിയ മംഗല്യസൂത്രം വിഷപ്പാമ്പായിരുന്നു എന്നുണ്ടോ ആ സൗമനസ്വിനി മനസ്സിലാക്കി. തണലും കനിയും പ്രതീ ക്ഷിച്ചു് അവരം ഓടിയണഞ്ഞ തേന്മാവു് വിഷവൃക്ഷമാ

യിരുന്നു എന്ന് ആരറിഞ്ഞു. പെണ്ണുകാണാനെന്നുള്ള ഭാവേന ആലിശ്ശേരികുടുംബത്തിലേക്കു കയറിവന്ന സുകു, കപടവേഷധാരിയായ ഘോരരാക്ഷസനായിരുന്നു എന്ന് ആ പെൺകുട്ടിയോ മാതാപിതാക്കളോ അന്നു മനസ്സിലാക്കിയില്ല. അന്നത്തെ ചക്രവാകങ്ങൾ കോകിലത്തെ പിടിക്കാനുള്ള ദുഷ്ടവ്യാധൻെറ കുരുക്കുകളായിരുന്നു എന്ന് എങ്ങനെ ഗ്രഹിക്കും.

അവൾ ഭർതൃഗൃഹത്തിൽ ചിലദിവസങ്ങൾ കഴിച്ചുകൂട്ടി. ചെന്തീയിൽപ്പെട്ടുഴലുന്ന ശലഭത്തിനെപ്പോലെ—വ്യാഘ്രത്തിൻെറ പിടിയിൽപ്പെട്ടു വലയുന്ന പേടമാനിനെപ്പോലെ ചെന്നായുടെ കയ്യിൽ അകപ്പെട്ട കുഞ്ഞാടിനെപ്പോലെ. മദ്യലഹരിയിൽ മദോന്മത്തനായ സുകുവിൻെറ മാംസദാഹം തീർക്കാനുള്ള ഒരു ഉപാധിയായി അവൾ ഒതുങ്ങി. കണ്ണുനീർ ഒഴുക്കി, കാട്ടാറുപോലെ. വിങ്ങിവിങ്ങി കരഞ്ഞു. കേവലം വനരോദനം. ആരു് അറിയും ആ കൊടുംതീയുടെ ചൂടു്. ആരു മനസ്സിലാക്കി ആ സന്താപസാഗരത്തിൻെറ ആഴം.

ശീമമദ്യശാലയിൽ സുകു സ്നേഹിതരെ സല്ക്കരിച്ച ദിവസമാണ് മത്തായിച്ചൻെറ കയ്യിൽ ഒരു കത്തു കിട്ടിയതു്. അയാൾ ആർത്തിയോടെ ആ കത്തു വായിച്ചു അതു് പ്രതീക്ഷിച്ചതുപോലെ ലൂയീസ്കുട്ടിയുടെ എഴുത്തു തന്നെയായിരുന്നു. മത്തായിച്ചൻ അയച്ച എഴുത്തിൻെറ മറുപടി. മത്തായിച്ചൻെറ മുഖം കറുത്തു. കണ്ണു നിറഞ്ഞു. അതു് തുളുമ്പി കവിഞ്ഞു വലിയ ഒരു ഭാവഭേദം. മറിയാമ്മ ഇടയ്ക്കുകയറി ചോദിച്ചു. ''എന്തു !! എന്താ വിശേഷം! ആരുടെ എഴുത്താ''?—മത്തായിച്ചൻ മറുപടി പറഞ്ഞില്ല. അയാൾ അശക്തനായി, ഏതോ വിഷമൂർച്ഛപോലെ, വിദ്യുൽപ്രവാഹത്തിൻെറ ആഘാതം ഏററപോലെ ആ ശരീരം തളൻു. കണ്ണിൽ ഇരുട്ടുകയറി. ഇരിപ്പിടം ചുററിക്കറങ്ങുന്ന പ്രതീതി. അല്ല, വീടും പരിസരങ്ങളും വട്ടംകറങ്ങുന്നു. അയാൾ ബോധരഹിതനായി നിലംപതിച്ചു.

മറിയാമ്മ അലറി കരഞ്ഞു. അവർ താങ്ങി എഴുനേല്പിക്കാൻശ്രമിച്ചു. കഷ്ടം! അബലയായ മറിയാമ്മയ്ക്കുണ്ടോ അതിനു കരുത്തുള്ളു. അവരുടെ പൊട്ടിക്കരച്ചിൽ അന്തരീക്ഷത്തെ മാറെറാലിക്കൊള്ളിച്ചു. ആളുകഠം ഓടിക്കൂടി. അവർ താങ്ങിയെടുത്തു. മത്തായിച്ചൻ വാടിക്കരിഞ്ഞ കരിഞ്ചേമ്പിൻതണ്ടുപോലെ കിടക്കയിൽ വിശ്രമിച്ചു. അവരാൽ കഴിയുന്ന ശുശ്രൂഷകഠം ചെയ്തു. മത്തായിച്ചന്റെ മോഹാലസ്യം മാറുന്നില്ല. എല്ലാവരും അമ്പരന്നു.

ഒരുവൻ പറഞ്ഞു: ഡോക്ടറെ കൊണ്ടുവരാം.

മറെറാരുവൻ: വേണ്ടാ ആശുപത്രിയിൽ കൊണ്ടു പോകാം.

മൂന്നാമൻ: അല്പം കഴിയുമ്പോഠം തെളിയും. ഒന്നു വീശിയാൽ മതി.

അപരൻ: അല്ല—ഞാനൊരു 'നസ്യം' ചെയ്യാം.

വേറൊരുവൻ: നസ്യോം കിസ്യേം പറഞ്ഞോണ്ടിരുന്നാൽ കാര്യം കുഴയും. എന്തെങ്കിലും ഒന്നങ്ങു ചെയ്യ്.

ഈ അവസരത്തിലാണ് മറിയാമ്മയുടെ പക്കൽനിന്ന് എന്തെങ്കിലും പാരിതോഷികം വാങ്ങാനുള്ള പ്രതീക്ഷയോടെ ഉമ്മച്ചൻ കയറിച്ചെന്നതു്. തിടുക്കത്തോടെ അയാഠം ചോദിച്ചു: എന്തുപററി?—എന്താണു വിശേഷം. അയാളുടെ ദൃഷ്ടി ചേതനയററു കിടന്ന മത്തായിച്ചന്റെ മേൽ പതിഞ്ഞു അയാഠം പരിഭ്രമിച്ചു. എന്തുചെയ്യണം എന്നറിയാതെ ഉമ്മച്ചൻ വട്ടം ഓടി. ഒരുവൻ പറഞ്ഞു: ''മത്തായിച്ചനു് ഒരു വല്ലായ്മ. ഏതാണ്ടു് എഴുത്തുവായിക്കുവായിരുന്നു. അപ്പഴാ മോഹാലസ്യക്കേടു വന്നതു്.''

ഉമ്മച്ചന്റെ ശബ്ദംകേട്ടു് മറിയാമ്മ തല ഉയർത്തി അയാളെ നോക്കി. അവർ ആംഗ്യം കാട്ടി ഉമ്മച്ചനെ അകത്തേക്കു വിളിച്ചു. എഴുത്തു് ഉമ്മച്ചന്റെ കയ്യിൽ കൊടുത്തു. ഉമ്മച്ചൻ എഴുത്തു വായിച്ചു. അയാഠം അമ്പരക്കുകയും മുഖം വിരൂപമാകുകയും ചെയ്തു. ഈ ഭാവപ്പകർച്ച കണ്ടു് മറിയാമ്മ പറഞ്ഞു: അതൊന്നു് ഉറച്ചുവായിക്കു്—കേക്കട്ടെ.

ഒന്നുമില്ല. ''ഈ വിവാഹം നമുക്കു പററിയതല്ല. സുകു വിനു് ഇവിടെ ഒരു ഭാര്യയും മൂന്നു കുട്ടികളുമുണ്ടു്. സുകു മദ്യപാനിയും ദുർമ്മാർഗ്ഗിയും വഷളനുമാണു്....'' ഉമ്മച്ചൻ വായന നിർത്തി. ബാക്കി വായിക്കാൻ ഒരുങ്ങാതെ മറി യാമ്മയെ നോക്കി—കൊത്തി എടുത്ത പാവപോലെ തല ഉയർത്തി വാ പിളർന്നു് കണ്ണും മിഴിച്ചു് ചെവിയോർത്തു നില്ക്കുന്ന മറിയാമ്മയോടായി പറഞ്ഞു.

ഉമ്മ:—കഷ്ടം! ഞാൻ അന്നേ പറഞ്ഞതാ ആ ലൂയീ സിൻെറയപേക്ഷ്ക്കെഴുതരുതെന്നു്.

മറി:—അയ്യോ—ഇതു നേരാണോ ഉമ്മച്ചാ?

ഉമ്മ:—നൊണ—നൊണ—പച്ച നൊണ.

മറി:—എനിക്കറിയാമ്മേലാ. എൻെറ ദൈവമേ, എൻെറ കുഞ്ഞിനങ്ങനെ വരരുതേ.

ഉമ്മ:—കള്ളേന്നു്. എവരുതമ്മി ചത്രുക്കളൊണു്. നട ക്കന്നു—ചെല കല്ല്യാണംമൊടക്കികളു്. എവമ്മാക്കു് ഈ ലോഹോമില്ല, ആ ലോഹോമില്ല.

മറി:—നേരാണോ ഉമ്മച്ചാ. അപ്പഴിതു നൊണതന്നെ യോ—ഞാനും പറഞ്ഞതാ എഴുതണ്ടാന്നു്.

ഇതിനോടകം മത്തായിച്ചൻ കണ്ണുതുറന്നു. കുഴിയി ലേക്കു താണിരുന്ന ആ കണ്ണുകൾ കരകവിഞ്ഞൊഴുകി. പക്ഷേ അയാളുടെ നാവു താണുപോയി. തന്നെയുമല്ല, ശരീരം മുഴുവൻ സ്തംഭിച്ചു. പരസഹായം കൂടാതെ അന ങ്ങാൻ പാടില്ലാത്ത നിലയിൽ മത്തായിച്ചൻ തളർന്നു. വീണ്ടും വീണ്ടും അയാൾ മോഹാലസ്യത്തിലായി.

മറിയാമ്മ പൊട്ടിക്കരഞ്ഞു. എൻെറ ദൈവമേ! ഇ തെന്തൊരു കഷ്ടകാലമാ. എൻെറ കുഞ്ഞു് അറീമ്പം അവ ളെന്തു വെഷമിക്കും. പൊന്നുതമ്പുരാനെ! ഈ കെടുതി ഒന്നും എൻെറ ലോലമ്മ അറിയരുതേ. അവളെല്ലും സുക മായി കഴിയട്ടെ. അതു് ആ മാതാവിൻെറ ആഗ്രഹമാ യിരുന്നു. അകം അഴിഞ്ഞ പ്രാർത്ഥനയും. ''ആശിച്ച

KOTTAYAM PUBLIC LI...

തെല്ലാം വടികുത്തിപ്പിരിഞ്ഞു'' എന്നു പിറുപിറുത്തുകൊണ്ടു് ഉമ്മച്ചൻ പടികടന്നു നടന്നുപോകുന്നതു് മറിയാമ്മ നിറഞ്ഞ മിഴികളോടെ നോക്കിനിന്നു.

x x x x x

ദിവസങ്ങൾ പലതു നീങ്ങി. സുകുവിനു പോകേണ്ട ദിവസം അടുത്തു. തളർന്നുകിടന്ന പിതാവിനെ കാണാൻ ലോലമ്മ ആഗ്രഹിച്ചു. വജ്രഹൃദയനായ സുകു അതു് അത്ര ഇഷ്ടപ്പെട്ടില്ല. അപ്പന്റെ അടുത്തുനിന്നു ശുശ്രൂഷിപ്പാൻ ആഗ്രഹിച്ച ഏകപുത്രിയുടെ സ്വാതന്ത്ര്യം തടയപ്പെട്ടു. അവൾ ഇന്നൊരു അടിമയാണു്. കശ്മലനായ ഭർത്താവിന്റെ ദാസി. ഒരുനോക്കു കാണാനല്ലാതെ അപ്പനോടു കൂടെ കുറെ സമയമെങ്കിലും ചെലവാക്കാൻ ആ ഓമനകൾക്കു അനുവാദം കിട്ടിയില്ല. കദനഭാരത്തോടെ സ്വാതന്ത്ര്യം വില്ക്കപ്പെട്ട ലോലമ്മ സുകുവിനെ അനുഗമിച്ചു. അവളുടെ ഹൃദയം വിങ്ങിപ്പൊട്ടുകയായിരുന്നു. അവളുടെ പിതൃസ്നേഹം നിറഞ്ഞ മനസ്സു് പിന്നോട്ടും ശരീരം മുന്നോട്ടും. ഈ ഭാരം ആരോടു പറയാനാണു്. അപ്പൻ ചേതനയററവനായി കിടക്കുന്നു. അമ്മ ആ പ്രിയപിതാവിനെ ശുശ്രൂഷിക്കുന്നതിൽ ജാഗരൂകയാണു്. കൂടെപ്പിറന്ന സഹോദരങ്ങളില്ല. കദനഭാരത്തിന്റെ ഘനമേറിയ ചുമടും ഏന്തി അവൾ ആ കശ്മലനെ പിന്തുടർന്നു.

ഭീകരത കാണാൻ കരുത്തില്ലാതെ കതിരവൻ പശ്ചിമാബ്ധിയിൽ മുങ്ങിമറഞ്ഞു. പാരാകെ നിശാദേവി കരിഞ്ചാറു കുറുക്കി കട്ടിയിൽ വാരിത്തേച്ചു. തരുലതാദികൾ ആടി ഉലഞ്ഞു. വവ്വാലും നരിച്ചീറും ചിറകടിച്ചു പറന്നു. പലതും കണ്ടറിഞ്ഞ മൂങ്ങാ മൂളി മൂളി കാര്യങ്ങൾക്കു സാക്ഷിനിന്നു. അവരുടെ മുറിവാലൻ പട്ടി ഓളിയിട്ടു കൂകി. കരിമുകിൽ കണ്ണീർ പൊഴിച്ചു. തുള്ളിക്കു് ഒരു തുടം എന്നവണ്ണം. മൂളലോടെ ഒരു പെരുംകാററു് ചുററിയടിച്ചു. ഇടിയും മിന്നലും ഛടഛടാ ഭൂതലത്തെ കിടിലംകൊള്ളിച്ചു. കൂററൻ മരങ്ങൾ കട പുഴകി നിലം പതിച്ചു. നിരവധി വൻവൃക്ഷങ്ങൾ ഒടിഞ്ഞുവീണു.

അന്ധകാരം പൈശാചികനൃത്തം ആടി. ഇതിനിടയിൽ ആലിശ്ശേരി മത്തായിച്ചൻെറ ആത്മാവും ആ ശരീരത്തിൽ നിന്നു പറന്നകന്നു. പക്ഷി പറന്നകന്ന കൂടുപോലെ ആ ശരീരം അവിടെ അവശേഷിച്ചു.

കഷ്ടത വരുമ്പോറം കൂട്ടത്തോടെ. 'ഇടിവെട്ടിയ തലയിൽ പാമ്പുകടിച്ചു' എന്നതുപോലെ ലോലമ്മ ആ വേദനകൂടെ ഏറെറടുക്കേണ്ടിവന്നു. അവളുടെ പ്രിയപിതാവു് വേർപെട്ടു. അദ്ദേഹം ഇങ്ങിനി തിരിച്ചുവരാതെ അകന്നുപോയി—വേദനയില്ലാത്ത നാട്ടിലേക്കു്. അവിടെ ചതിവില്ല, വക്രതയില്ല, ദ്രവ്യാഗ്രഹമില്ല, ദുഷ്ടതയുമില്ല. ചൂടേറിയ അനുഭവിത്തൽനിന്നു് മത്തായിച്ചൻെറ ആത്മാവു് വിശ്രമം കൊതിച്ചു് സ്വസ്ഥതയുടെ അനന്തതയിലേക്കു മറഞ്ഞു. അവളുടെ ചുടുകണ്ണീർ കാണാൻ അവറംക്കു് ഇങ്ങിനി അപ്പനില്ല.

മത്തായിച്ചൻെറ പെട്ടെന്നുള്ള മരണം ദേശത്തെ കിടിലം കൊള്ളിച്ചു. പലരും അഭിപ്രായങ്ങറം പലതും പറഞ്ഞു. സ്നേഹവാനും പരോപകാരപ്രിയനുമായ മത്തായിച്ചൻെറ വേർപാടു് പലരേയും കരയിച്ചു. ലോലമ്മ താങ്ങാനാവാത്ത വേദനയോടെ വിങ്ങിവിങ്ങി കരഞ്ഞു. അവറം പിതാവിൻെറ മരവിച്ച ശരീരത്തിൽ മാറിമാറി ഉമ്മവച്ചു. അപ്പൻെറ പൊടുന്നനവേയുള്ള വേർപാടു് ആ പ്രിയപുത്രിക്കു താങ്ങാനാവാതെ വന്നു. അവറം മരണദേവതയെ മാടിവിളിച്ചു. കഷ്ടം! അതിനും അവളോടു കരുണ തോന്നിയില്ല. മറിയാമ്മയുടെ ഹൃദയം തകന്നു. ലോലമ്മ ഭ്രാന്തിയെപ്പോലെ ചേഷ്ടകറം കാട്ടി പലതും പറഞ്ഞു കരഞ്ഞു. അവറം പറഞ്ഞു: ''എല്ലാം പ്രതികൂലം.''

ആ പെററതള്ളയുടെ അതിദു:ഖത്തിൽ അവരെ ഒന്നു് ആശ്വസിപ്പിക്കാൻ അവറംക്കു് അനുവാദം കിട്ടിയില്ല. സാന്നിദ്ധ്യത്താലോ പരിചരണത്താലോ അമ്മയെ ഒന്നു തണുപ്പിക്കാൻ ആ വാത്സല്യമകറം വളരെ കൊതിച്ചു. അപ്പനെ ശുശ്രൂഷിപ്പാൻ കഴിഞ്ഞില്ല. അമ്മയുടെ കാ

ര്യവും അതുതന്നെ. സകലതിനും അവൾക്കു് അനുവാദം നിഷേധിക്കപ്പെട്ടു കരിംപാറപോലെ കഠിനഹൃദയനായ സുകുവിനെ അവൾ മനസാ വെറുത്തെങ്കിലും അതു് പുറത്തുകാട്ടുവാൻ ധൈര്യപ്പെട്ടില്ല. ഒരു ചന്ദ്രമാസവും ഒരു കറുത്തപക്ഷവും അവൾ മാനംകോയിക്കൽതന്നെ പാർത്തു. നരകവേദന അനുഭവിച്ചുകൊണ്ടു്.

സുകു മടങ്ങിപ്പോകാനുള്ള ദിവസം അടുത്തു. ഇതിനകം എഴുത്തുകൾ ധാരാളമായി വന്നുകൊണ്ടിരുന്നു. സുകുവിൻെറ പാൻറിൻെറ പോക്കററിൽനിന്നു ലഭിച്ച ഒരു കത്തിൽനിന്നു ലോലമ്മ മനസ്സിലാക്കി എഴുത്തുകളെല്ലാം വിലാസിനി എന്നു പേരുള്ള ഒരു യുവതിയിൽനിന്നു ലഭിക്കുന്നതാണെന്നു്. വിലാസിനി ഒരു നടിയായിരുന്നു. പ്രേമബദ്ധരായ സുകുവിനു് വിലാസിനിയിൽ ജനിച്ച രണ്ടു കുട്ടികൾ ഉണ്ടെന്നും മററും മററും ഉള്ള പല വിവരങ്ങളും ലോലമ്മയ്ക്കു മനസ്സിലാക്കാൻ ആ എഴുത്തു സഹായിച്ചു.

ലോലമ്മയുടെ കണ്ണു തോരാതായി. നിദ്രാദേവി അവളെ വിട്ടകന്നിട്ടു ദിവസങ്ങൾ ചിലതു കഴിഞ്ഞു. ഭക്ഷണത്തോടുള്ള വെറുപ്പു് അവളിൽ വർദ്ധിച്ചു. അവളുടെ ശരീരം ശോഷിക്കാൻ തുടങ്ങി. ജീവിക്കാനുള്ള ആഗ്രഹംപോലും ലോലമ്മയ്ക്കു നഷ്ടമായി. അവളെ കണ്ടു് കാണികൾ അഭിപ്രായം പലതും രേഖപ്പെടുത്തി.

കുഞ്ചാണ്ടിച്ചൻ ഭാര്യയെ വിളിച്ചു ചോദിച്ചു: എന്താ അവൾ കിടപ്പുതന്നെയാണോ-? വളരെ ക്ഷീണിച്ചുപോയല്ലോ. കാര്യം എന്താണു് എന്നുവല്ലതും നീ തിരക്കിയോ?

ഏലാ:-എന്തോ തിരക്കാനാണു്. ഈയിടെ ഭക്ഷണം ഒന്നും വേണ്ടാ, ഒന്നും കഴിക്കാറില്ല.

കുഞ്ചാ:-പ്രത്യേകിച്ചു് അസുഖം വല്ലതുമുണ്ടോ?

ഏല്ലാ:—ഓ! അസുഖം! അവരു പെറുപ്പമല്ലേ. അങ്ങനൊക്കെയാ–വേണ്ടാഴികേം തലകറക്കോം ഒക്കെ കാണും. നമ്മക്കറിയരുതോ.

കുഞ്ചാ:—അത്രേയൊക്കേ ഒള്ളോ? നല്ല ഒരു പെൺകുട്ടിയായിരുന്നു. കണ്ടുപറയാനില്ലെന്നായി.

ഏല്ലാ:—കണ്ടു പറയാനും കാണാതെ പറയാനും ഒന്നും ഒരുങ്ങേണ്ടാ. അവരവർ അവരവരുടെ കാര്യം നോക്കി അങ്ങിരുന്നാ മതി. ക്ഷീണിച്ചാൽ അങ്ങു നന്നാകും.

കുഞ്ചാ:—നീ അവളോടു ചോദീരു്, വല്ല ദീനോം ഒണ്ടോന്നു്.

ഏല്ലാ:—ഓ! ചോദിക്കുന്നു. എന്നാ ചോദിക്കാനാ. ഈ പറച്ചിലുകേട്ടിട്ടു് ഇതെല്ലാം ഒരു പുത്തരിയാണെന്നു തോന്നുന്നല്ലോ. ഏല്ലാമ്മ മരുമകളുടെ കിടക്കയ്ക്കരുകിലേക്കു ചെന്നു.

ഏല്ലാ:—നീ കെടപ്പുതന്നെയാണോ? ഇങ്ങനൊക്കെയാ ലോകം. ഒരേ കെടപ്പങ്ങു കെടക്കാതെ എഴുന്നേററു വെളിക്കോട്ടൊക്കെ എറങ്ങുകേം കേറുകേം ഒക്കെ ചെയ്യു്.

ലോല:—എഴുന്നേല്ക്കാൻ കഴിവില്ല, ശരീരം തളരുന്നു.

ഏല്ലാ:—അതു സാരമില്ല. നീ എന്തിനാ കരേന്നെ. അവൻ അങ്ങു ചെന്നിട്ടു് നിന്നെക്കൂടെ കൊണ്ടുപോം. അതിനിപ്പം കരേണോ?

ലോല:—എവിടെ കൊണ്ടുപോകാനാണു്? എനിക്കു് അതിനു വിധിയില്ല. ആഗ്രഹവുമില്ല.

ഏല്ലാ:—ഇരിക്കുന്നേനു മുമ്പാണോ കാലു നീട്ടുന്നെ. എല്ലാം നടക്കും. കൊണ്ടുപോണേ അതിനുമുമ്പു് എന്താണ്ടൊക്കെ എടുക്കണ്ടോയോ, സർക്കാരീന്നു്. അതൊക്കെ എടുത്തു് പൊറകെ പാം.

ലോല:—അതാണു് എന്റെയും തീരുമാനം. അദ്ദേഹം ഇപ്പോഴും പോകട്ടെ. പുറകേ ഞാൻ പൊയ്ക്കൊള്ളാം.

ഏലാ:- ങ്ആ—അങ്ങനാ വേണ്ടത്. അങ്ങനെ ചെയ്യണം.

ഈ സംസാരം ശ്രദ്ധിച്ചുകൊണ്ട് സുകു ആ മുറിയിൽത്തന്നെ ഇരുപ്പുണ്ടായിരുന്നു. അപ്പോഴും അവൻ തന്റെ വിലാസിനിയുടെ എഴുത്തുകൾ നോക്കുകയും അവയ്ക്കു മറുപടി എഴുതുകയും മററും ചെയ്തുകൊണ്ടിരിക്കുകയായിരുന്നു.

x x x x x

## എട്ട്

സുകുവിനു പോകാനുള്ള സമയമായി. യാത്രയ്ക്കുള്ള വാഹനം പൂമുഖത്തിന്റെ അങ്കണത്തിൽ വന്നു കാത്തുനില്ക്കുന്നു. അടുക്കി ക്രമീകരിച്ച സാധനങ്ങൾ ഉൾക്കൊള്ളുന്ന പെട്ടികൾ വേലക്കാർ പിടിച്ചു വണ്ടിയിലാക്കി. സുകുവിനു പോകണം. ആരോ പറഞ്ഞു ഒന്നു പ്രാർത്ഥിച്ചിട്ടിറങ്ങാമെന്ന്. അതു ശരിതന്നെ, പ്രാർത്ഥിക്കാം. യാത്രയയയ്ക്കാൻ വന്ന ആളുകൾ പൂമുഖത്ത് ഒരുമിച്ചു കൂടി— ആരാണ് പ്രാർത്ഥിക്കേണ്ടത്. എല്ലാവരും തമ്മിൽ തമ്മിൽനോക്കി. ഒരുവൻ മറെറാരുവനെ കണ്ണുകൊണ്ട് ആംഗ്യം കാട്ടി. മറെറാരുവൻ അടുത്തു നിന്ന ആളിനെ ചൊറിഞ്ഞ് പ്രേരണ നൽകി. ഒരു മൗനം. ആരും പ്രാർത്ഥിക്കാൻ നാവനക്കുന്നില്ല. നിന്നവരിൽ ഒരാൾ പറഞ്ഞു.

അതാ! എളച്ചിപ്പെണ്ണു വരുന്നു. അവൾ പ്രാർത്ഥിക്കും. വേറൊരുവൻ വേഗം വാ, ഞങ്ങൾ കാത്തുനില്ക്കുകയായിരുന്നു.

ആ സാധു സ്ത്രീ കയറിവന്നു. അവൾ പ്രാർത്ഥിച്ചു. പ്രാർത്ഥന അവസാനിച്ചപ്പോൾ എല്ലാവരും ചേർന്ന് ആമ്മീൻ പറഞ്ഞു. തോരാത്ത കണ്ണുനീരോടെ ലോലമ്മ നോക്കിനിന്നു. മുകളിലെ മച്ചിൽ നിന്ന് കടിച്ചു പിണഞ്ഞ രണ്ടു പല്ലികൾ ഒരുമിച്ചു താഴെക്കു വീണു. സുകുവിന്റെ തോ

ളിൽ തട്ടി അവ രണ്ടും നിലംപതിച്ചു. വീഴാത്ത താമസം നോക്കിനിന്ന ചെമ്പൻ പൂച്ച അതിലൊന്നിനെ കറുകറ കടിച്ചുമുറിച്ചു. വാലിൻെറഅഗ്രം മുറിച്ചിട്ടുകൊണ്ടു് മററത്തു് ഓടിമാറി. പ്രാണരക്ഷാൎത്ഥം ഓടിയ ഗൗളി ലോലമ്മയുടെ പാദത്തിൽക്കൂടി മറികടന്നു് ഭിത്തിയിൽ വലിഞ്ഞുകയറി. ചെമ്പൻ പൂച്ച നോക്കിയിരുന്നു മുറു മുറാ ശബ്ദിച്ചു. പൂച്ചയുടെ മുറു മുറുപ്പു കേട്ടു് മൂരി കളഞ്ഞെഴുന്നേററ മുറിവാലൻ പട്ടിയെക്കണ്ടു് പൂച്ച ഒററച്ചാട്ടം. മുററത്തേക്കിറങ്ങിയ സുകുവിൻെറ മുമ്പിൽക്കൂടെ കുറുകെ ഓടി അതു കടന്നുകളഞ്ഞു. ആകാശത്തിൽക്കൂടെ പെരുഞ്ഞാററ ചിലച്ചു കൊണ്ടു് വടക്കോട്ടും, ചെമ്പരുന്തു് മോങ്ങി കരഞ്ഞു് തെക്കോട്ടും പറന്നകന്നു മുററത്തിരുന്ന വശകൻ കൊമ്പത്തിരുന്നു നോക്കി ചിലച്ചു. ഇപ്പപ്പൊഴ്ക്കൂട്ടെ, ഇപ്പപ്പൊഴ്ക്കൂട്ടെ, അതിൻെറ ഇണയും ഏററുപാടി. ഇപ്പപ്പൊഴ്ക്കൂട്ടെ, ഇപ്പപ്പൊഴ്ക്കൂട്ടെ.

മൂളി അമറിയ വാഹനം മുന്നോട്ടു കുതിച്ചു. സുകുവിൻെറ കയ്യിൽ ഇരുന്ന കൈലേസ് കാറിൻെറ ഡോറിൽകൂടെ പുറത്തേക്കു നീണ്ടു് ആടി അകന്നു. മററുള്ളവർ ഉയൎത്തിയ കൈത്തണ്ടു ചലിപ്പിച്ചു് മൂകമായി യാത്രാനുമതി നൽകി ലോലമ്മ നോക്കിനിന്നു. അവളുടെ തോരാത്ത കണ്ണുകളിൽ കാട്ടരുവി ഒഴുകി. ഒരുവിധത്തിൽ അവരം കിടക്കയിൽ ചെന്നുവീണു.

അടക്കാനാവാത്ത വേദന. മനം ഉരുകിയ കരച്ചിൽ. അവരം വളരെനേരം അവിടെക്കിടന്നു പൂൎവ്വസ്മരണകരം അയവിറക്കി. വാനംപാടിയെപ്പോലെ ആടിപ്പാടി പറന്നു നടന്ന ബാല്യകാലം. ഉല്ലാസമായി കഴിച്ച കോളജുകാലം. സ്നേഹനിധിയായ പിതാവിൻെറ വാത്സല്യം. ശുദ്ധഗതിക്കാരിയായ അമ്മയുടെ സംസാരം. ദ്രവ്യാഗ്രഹിയായ കല്ല്യാണകൃഷ്ണൻെറ ആഗമനം. ആ ശപിക്കപ്പെട്ടനിമിഷങ്ങളെ ഓൎത്തു് അവരം കയ്പോടെ കരഞ്ഞു. അറസ്റ്റ് വാറണ്ടുപോലെ വിവാഹവും ചടങ്ങുകളും നടന്നു. ശുഭപ്രതീക്ഷകളോടെ തലകുനിച്ചു സുകുവിൻെറ മുമ്പിൽ നാണിച്ചു നില്പു്. കുളിർമയോടെ പങ്കുകൊണ്ട കൈപിടുത്തം, മംഗല്ല്യസൂത്രത്താലും മന്ത്രകോടിയാലും സ്വന്തമാക്കിയ

ചടങ്ങ്. മോതിരത്താൽ സകല അവകാശങ്ങളും മുദ്രയിട്ട പരസ്പരം കൈമാറിയ രംഗം. ഇവയെല്ലാം അവരം ആ കിടപ്പിൽ കിടന്നു് ഓർത്തു. നയനരന്ധ്രങ്ങരം നിറഞ്ഞു് ആ ഉറവ ഇടമുറിയാതെ പ്രവഹിച്ചു. സുകു കൂട്ടുകാർക്കു നൽകിയ പ്രത്യേക സല്ക്കാരവും അതോടനുബന്ധിച്ച സംഭവങ്ങളും അവരം വെള്ളിത്തിരയിൽ എന്നപോലെ കണ്ടു. ചൂടേറിയ നെടുവീർപ്പിനാൽ അവരം കിടിലംകൊണ്ടു. കഴിഞ്ഞ ഒന്നരമാസത്തെ കയ്പേറിയ അനുഭവങ്ങരം തികട്ടിത്തികട്ടി അവരം ഏങ്ങലടിച്ചു കരഞ്ഞു. കഷ്ടം! അവളെ ആരു് ആശ്വസിപ്പിക്കാനാണു്. അവളോടു് ആരു സമാധാനം പറയാനാണു്. പറഞ്ഞാൽ എവിടെ ഒതുങ്ങും.

മരുമകനെ യാത്രയയപ്പാൻ വന്ന മറിയാമ്മയും പൂർവ്വസ്മരണകരം അയവിറക്കിക്കൊണ്ടു് ഏതാനും മണിക്കൂറുകരം അവിടെ കഴിച്ചുകൂട്ടി. വാത്സല്യമകളെയും അവളുടെ ഭർത്താവിനെയും കണ്ടാനന്ദിപ്പാൻ കഴിവില്ലാതെ എന്നേക്കുമായി മാറിപ്പോയ മത്തായിച്ചനെ ഓർത്തു് അവരും കരഞ്ഞു. അവർ ഇരുവരുംകൂടി വന്നു നടത്തേണ്ട ഈ യാത്രയയപ്പിൽ താൻ ഏകയായി നില്ക്കേണ്ടിവന്നതിൽ മറിയാമ്മ അതീവ ദുഃഖിതയായി. വാത്സല്യമകളുടെ ക്ഷീണിച്ച ശരീരവും പ്രഭയററ കണ്ണുകളും ആ മാതാവു കണ്ടപ്പോരം അവരുടെ ദുഃഖം ശതഗുണീഭവിച്ചു. അവർ എത്ര ശ്രമിച്ചിട്ടും ദുഃഖം ഒതുക്കാൻ കഴിയാതെ ഒരു കിടക്കയിൽ വിശ്രമിച്ചു. മകളോടു പലതും പറയണം എന്നു് ആ പ്രിയമാതാവിനു് ആഗ്രഹമുണ്ടു്; അവർ വായ് തുറക്കുമ്പോരം വരുന്നതു് വാക്കുകളല്ല കരച്ചിലാണു്.

ലോലമ്മ മാതാവിനോടുകൂടെ അന്നു വൈകിട്ടുതന്നെ ആലിശ്ശേരിലേക്കു പോകാൻ ഒരുക്കമായി. ഏലാമ്മയോടും കുഞ്ചാണ്ടിച്ചനോടും യാത്രാനുമതി വാങ്ങി. എളച്ചിച്ചേടത്തിയോടും ഒരുവാക്കു പറഞ്ഞിട്ടുപോകണം എന്നു് ലോലമ്മയ്ക്കു താല്പര്യമുണ്ടായിരുന്നു. അതു സാധിച്ചില്ല. അവർ കൊച്ചുകൊച്ചിന്റെ വീട്ടിലേക്കു പൊയ്ക്കഴിഞ്ഞിരുന്നു.

ലോലമ്മ തൻെറ പെട്ടിയിൽ സാധനങ്ങൾ ക്രമീകരിച്ചടുക്കി. അവൾ മേശയുടെ വലിപ്പു വലിച്ചു തുറന്നു. സുകു പലപ്പോഴും എടുത്തു തുറന്നുനോക്കാറുള്ള ഒരു ചെറിയ തകരപ്പെട്ടി അവിടെ ഇരിക്കുന്നതു കണ്ടു. അതു് കൂടെ കൊണ്ടുപോകാൻ അയാൾ മറന്നുപോയതാണു്. ലോലമ്മ അതു തുറന്നുനോക്കി. ഒരടുക്കു ഫോട്ടോകളും കുറെ എഴുത്തുകളും. ലോലമ്മ അതും എടുത്തു് അവളുടെ പെട്ടിയിലാക്കി. ആ അമ്മയും മകളും മാനംകോയിക്കൽ നിന്നു യാത്രപറഞ്ഞിറങ്ങി. ആ യാത്രപറച്ചിൽ എത്രകാലത്തേക്കു നീണ്ടുനില്ക്കുന്നതാണെന്നു് അവരിൽ എത്രപേർ മനസ്സിലാക്കി—ആക്കറിയാം.

തൻെറ പ്രിയപിതാവിനെ കൂടാത്ത ആലിശ്ശേരി ഭവനം ലോലമ്മയ്ക്കു ശൂന്യമായിത്തോന്നി. അവൾ നരകത്തിൻെറ നടുവിൽ എന്നവണ്ണം അവിടെ ചുററിനടന്നു. അവളുടെ അപ്പൻ ഇരിക്കാറുള്ള ചാരുകസേര, കിടക്കാറുള്ള കട്ടിൽ, വിശ്രമിക്കാറുള്ള പൂമുഖം, നടക്കാറുള്ള മെതിയടി സന്തതസഹചാരിയായ വെള്ളികെട്ടിയ വടി—എന്നുവേണ്ടാ വാത്സല്യപിതാവിൻെറ ഓരോരോ സാധനങ്ങൾ ആ ഓമനമകൾ ചുററിനടന്നു കണ്ടു. അവയോടോരോന്നിനോടും അവൾക്കു പലതും പറയാനുണ്ടായിരുന്നു. അതെല്ലാം അവ മൂകമായിരുന്നു കേട്ടു. ഒടുവിലായി അവൾ അപ്പൻെറ കിടക്കയിൽ കവിണ്ണുവീണുകിടന്നു കരഞ്ഞു. മറിയാമ്മ അടുത്തുവന്നിരുന്നു പലതും പറഞ്ഞു. ആ അമ്മയ്ക്കും മകൾക്കും പലതും പറയാനുണ്ടായിരുന്നു. അവരുടെ സംസാരം വേദനകളെ ശമിപ്പിക്കയല്ല കരകവിഞ്ഞൊഴുക്കുകയാണു ചെയ്തതു്... ........

ലോലമ്മ ഭർതൃഗൃഹത്തിൽനിന്നു കൊണ്ടുവന്ന തകരപ്പെട്ടി തുറന്നു. അവൾ ഫോട്ടോകൾ ഒന്നൊന്നായി എടുത്തു് മേശപ്പുറത്തു നിരത്തി. വിലാസിനിയുടെ ഡാൻസിൻെറയും, പാട്ടിൻെറയും, പാർട്ടിയുടെയും പല പടങ്ങൾ. സുകുവും വിലാസിനിയും ഇരുന്നു സംഭാഷിക്കുന്നതും, കുടിക്കുന്നതും ഒരുമിച്ചു ഡാൻസുചെയ്യുന്നതും, എന്നുവേണ്ടാ പല പല രൂപങ്ങൾ ആ മേശപ്പുറത്തു നിരന്നു.

മറിയാമ്മ അവിടേക്കു കയറിവന്നു. അവർ ചോദിച്ചു: മകളെ നീ എന്തുചെയ്യുന്നു. മേശപ്പുറത്തു നിരന്നുകിടന്ന ചിത്രങ്ങളിലേക്ക് അവരുടേയും കണ്ണുകൾ പതിഞ്ഞു. അമ്മയ്ക്കും മകൾക്കുംകൂടെ കാണാൻ പാടില്ലാത്തവണ്ണം ലജ്ജാവഹമായ ചില ചിത്രങ്ങളും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.

മറി:—അയ്യോ ഇതു് ആരുടെ പടം! സുകുവിൻെറയോ?

ലോല:—അല്ല വേറെയും ഉണ്ടു്.

മറി:—അതാരു്? ആ സ്ത്രീ ഏതു്.

ലോല:—അയാളുടെ ഭാര്യ.

മറി:—സുകുവിൻെറ ഭാര്യയോ?! അതു നീയല്ലേ.

ലോല:- അല്ല. ഭാര്യയുടെ പടമാണിതു്. വിലാസിനി—അവളാണു ഭാര്യ. അദ്ദേഹത്തിനു ഭാര്യയും രണ്ടു കുട്ടികളും ഉണ്ടു്.

മറി:—എന്തു മകളെ! എനിക്കു സഹിച്ചുകൂടാ, കേൾക്കാൻ ശക്തിയില്ല! ഇതൊരു സ്വപ്നമോ?

ലോല:—അല്ല. ഇതു സ്വപ്നമല്ല—ഇതു യഥാർത്ഥം. കേവലം പച്ചപ്പരമാർത്ഥം.

· മറി:—എന്താണീ കേൾക്കുന്നതു്? എൻെറ മകളാണോ ഈ പറയുന്നതു്?

ലോല:—ആരായാലും വേണ്ടില്ല, ഞാൻ, ഞാൻ തന്നെ. സുകുവിൻെറ വെപ്പാട്ടിയാണു ഞാൻ. കമ്മദോഷി—ഭാഗ്യംകെട്ടവൾ—പുരുഷൻെറ കളിപ്പാട്ടമായി വില്ക്കപ്പെട്ടവൾ—സ്ത്രീവർഗ്ഗത്തിനു് അപമാനവിഷയമായി ചവുട്ടിത്താഴ്ത്തപ്പെട്ടവൾ. ആ ഭാഗ്യംകെട്ടവൾ ഞാൻതന്നെ.

മറി:- ഹയ്യോ! ദൈവമേ ഇതെല്ലാം കാണാനോ ഞാൻ ജീവിച്ചിരിക്കുന്നതു്?

ലോല:- അതേ—അമ്മേ നമ്മുടെ ബുദ്ധിശൂന്യതയിൽ പലതും നാം സഹിക്കേണ്ടിവരും, കാണേണ്ടിവരും. പച്ചപ്പരമാർത്ഥിയായ എൻെറ പിതാവിനു് ഇതു കാണാൻ തക്കവണ്ണം അദ്ദേഹം അത്ര ദുഷ്ടനല്ലായിരുന്നു.

മറി:–എന്റെ പൊന്നുമകളെ! ലോലമ്മേ....ഹ്ാ.... ഹ്ാ.......ഹ്ാാാാ... ....

ലോല:–കരയേണ്ടാ. അതിന്റെ അവസരം കഴിഞ്ഞു. ആ ഉമ്മച്ചന്റെ ആലോചനയ്ക്കു വഴിപ്പെട്ടപ്പോഠം ഓക്കേണ്ടിയിരുന്നു. ദല്ലാലുമാത്രം കൊതിച്ച് ഒരു മനുഷ്യായുസ്സിനെ നരകക്കുഴിയിലേക്കു വലിച്ചെറിഞ്ഞ മരക്കോലം––മഹാപാപി–അയാഠം എത്രയെത്ര ജീവിതത്തെ ഉമിത്തീയിൽ താഴ്ത്തി നീററി നീററി ദഹിപ്പിച്ചുകാണും. എന്റെ അമ്മ!! അമ്മയും അയാളുടെ ചരട്ടുവലിയിൽ തുള്ളിച്ചാടിയ വെറും പാവയായി........എന്റെ അഭിപ്രായങ്ങഠം താറടിച്ചു വലിച്ചെറിഞ്ഞു. സാധുവായ എന്റെ പിതാവിനെ കയ്യിലെടുത്തു. അമ്മ ഇതു കണ്ടേ മതിയാകു.

മറിയാമ്മ വീണുകിടന്നു കരഞ്ഞു. അലറിക്കരഞ്ഞു. എന്തുഫലം! കവിണ കറക്കി വലിച്ചെറിഞ്ഞ കല്ല് പിടിച്ചെടുക്കാൻ ആക്കു കഴിയും. ചെയ്യേണ്ടവ തക്ക സമയത്ത് ചെയ്യേണ്ടതുപോലെ ചെയ്യണം. അല്ലെങ്കിൽ ആക്കും അനുഭവം ഇതുതന്നെ.

## ഒൻപത്

സുകു സിംഗപ്പൂരിൽ ചെന്നെത്തി. തക്കസമയത്ത് വിലാസിനി മക്കഠം രണ്ടുപേരോടുംകൂടി ഒരു കാറിൽ ചെന്നു കാത്തുനിൽപ്പുണ്ടായിരുന്നു. സുകുവിനേയും കൂട്ടി വിലാസിനി തന്നെ കാറ് ഓടിച്ച് അവരുടെ വസതിയിൽ എത്തി. അവർ ഭക്ഷണത്തിനായി മേശയ്ക്കു ചുററും ഇരുന്നു. അവക്കും പലതും പറയാനുണ്ടായിരുന്നു. നീണ്ട രണ്ടു മാസക്കാലങ്ങളിലെ ചരിത്രങ്ങഠം പലതും കൈമാറി. ആ നീണ്ട സമയത്തിനുള്ളിൽക്കൂടിരുന്നു ഭക്ഷണം കഴിഞ്ഞ കുഞ്ഞുങ്ങഠം ഓരോരുത്തരായി എഴുന്നേററ് കളിപ്പാട്ടങ്ങളുമായി മുററത്തേക്കു പോയി. അവക്കു രസകരമായ കാര്യങ്ങളിൽ കുട്ടികഠം പങ്കുകൊണ്ടു.

വിടപ്രമാണികളായ സുകുവും വിലാസിനിയും പരസ്പരം സംഭാഷിച്ചും കുപ്പികളിൽ നിറച്ചു പതഞ്ഞുനിന്ന ദ്രാവകങ്ങൾ ഗ്ലാസ്സുകളിൽ പകർന്നു് കുടിച്ചും, സമയം മുന്നോട്ടുനീങ്ങി.

വിലാ:—വലിയ നാടകം നടന്നെന്നു് എഴുതിയല്ലോ.

സുകു: നടന്നെന്നോ. ഹ—ഹ-ഹ്ഹാ-നടന്നു. ഭംഗിയായി നടന്നു.

വിലാ:—ചരക്കു് മെച്ചമാരുന്നോ?

സുകു:—കൊള്ളാം—ആരുന്നൊന്നു്. കിളിപോലൊരു പെണ്ണു്. സെക്കൻറാൺേറാന്നുമല്ല. തനി. പഞ്ചവർണ്ണക്കിളിപോലെ.

വിലാ:—എന്താ പിന്നെ വിട്ടേച്ചുപോന്നതു്?

സുകു: കൊള്ളാം. നിൻെറ മുമ്പിൽ അവളെന്നാ. അവൾ വെറുമൊരു 'സ്റ്റെപ്പിനി' മാത്രം. ഒന്നൊന്നര മാസം കഴിഞ്ഞുകൂടി. പുകഞ്ഞ കൊള്ളി പുറത്തു്. കവികൾ പറയും ''ദേശേ ദേശേ കളത്രാണി.'' ഏതു സ്ഥലത്തു ചെന്നാലും അവിടെല്ലാം ഓരോന്നു വേണം.

വിലാ:—അപ്പോൾ എൻേറം കാര്യം അതിൽനിന്നു വ്യത്യസ്ഥമായിരിക്കണമെന്നില്ലല്ലോ?

സുകു:—കൊള്ളാം. ഭവതി എൻെറ സകലവുമല്ലേ—നീ സൗന്ദര്യറാണി. നീയാണു് എൻെറ കുലപത്നി. നിൻെറ ഡാൻസ്, കിളിക്കൊഞ്ചൽ, എന്നുവേണ്ടാ..... നിൻെറ....നിൻെറ....എല്ലാം....എല്ലാം....എൻേറതാ.

ഇത്രയുമായപ്പോഴേക്കും സുകു മദ്യലഹരിയാൽ ഗ്രസിക്കപ്പെട്ടു. അവൻ പലതും പറഞ്ഞു—പരസ്പരബന്ധമില്ലാതെ. അക്കൂട്ടത്തിൽ ലോലമ്മയുടെ പേരും വരാതിരുന്നില്ല. ലഹരിയിൽ മൂർഛിതനായും മദോന്മത്തനായും തീരുന്ന സുകുവിനെ വിലാസിനിക്കു് നല്ല പരിചയമാ. ലോലമ്മയെപ്പോലെ വിലാസിനിക്കു് ഇതു പുതുമയല്ല.

അവളും മദ്യം നല്ലവണ്ണം സേവിക്കും. ചിലപ്പോൾ നിലം പതിക്കും—പലതും....പലതും.. ചെയ്യും. അത്് അവക്ക നിത്യപരിചയമാണ്.

മണിക്കൂർ നാലഞ്ചു കഴിഞ്ഞു. സുകുവിൻെറ സമനില തിരിച്ചുകിട്ടി. അയാൾ എഴുന്നേററു. ഭിത്തിന്മേൽ തൂക്കിയിരുന്ന ഘടികാരം ദീനരോദനത്തോടെ ആറുപ്രാവശ്യം മുഴങ്ങി.

സുകുവിനു പലതും ക്രമീകരിക്കാനുണ്ടായിരുന്നു. അടുത്ത പ്രഭാതത്തിൽ അയാൾക്കു ജോലിയിൽ പ്രവേശിക്കണം. സുകു അതിനുവേണ്ടതു പലതും ക്രമീകരിച്ചു. ഇതിനിടയിൽ വിലാസിനി വന്നു ചോദിച്ചു ഇന്നു ഷോയിക്കു പോകുന്നില്ലേ. അല്പംകൂടെ കഴിയട്ടെ, ചില കാര്യങ്ങൾ കൂടെ ക്രമപ്പെടുത്താനുണ്ട്. സെക്കൻഡ് ഷോയിക്ക് ആയിക്കളയാം. അത്് ഒൻപതിനല്ലേ. അതിനാകട്ടെ. വിലാസിനി വീണ്ടും വീട്ടുകാര്യങ്ങളിൽ ഏർപ്പെട്ടു. കുട്ടികൾക്ക് ഭക്ഷണംകൊടുത്തു. അവർ ഉറക്കമുറിയിലേക്കു പ്രവേശിച്ചു.

പെട്ടെന്ന് ഒന്നിനുപുറകെ ഒന്നായി മൂന്നു കാറുകൾ മൂളിക്കയറി ആ മുററത്തു വന്നുനിന്നു. കുന്നിൻപുറത്ത് സ്ഥിതിചെയ്യുന്ന ആ ബംഗ്ലാവിനടുത്ത് മററു വീടുകൾ ഇല്ല. ചുററുപാടും റബ്ബർമരങ്ങളാണ് തിങ്ങി വളർന്നുകൊണ്ടിരുന്നത്. അവിടെനിന്നുകൊണ്ടു നോക്കിയാൽ അടുത്ത കുന്നിൻപുറത്തു സ്ഥിതിചെയ്യുന്ന മറെറാരു സഹപ്രവത്തകൻെറ വീടു കാണാം. അങ്ങനെ ഓരോ കുന്നിൻപുറങ്ങൾ ഓരോ ബംഗ്ലാവുകളാൽ അലങ്കരിക്കപ്പെട്ടിരിക്കുന്നത് വിദൂരസ്ഥങ്ങളായി കാണാമായിരുന്നു എങ്കിലും ഒരു വീട്ടിൽ നിന്ന് ഇറങ്ങി അടുത്ത വീട്ടിൽ ചെല്ലണം എങ്കിൽ രണ്ടുമൂന്നു മൈലെങ്കിലും സഞ്ചരിക്കണമായിരുന്നു. കാറിൻെറ സഹായമില്ലാതെ മററു വീടുകളിൽ ചെല്ലുക പ്രയാസമാണ്.

നാട്ടിൽപോയി മടങ്ങിവന്ന സുകുവിനെ സന്ദർശിക്കാൻ വന്ന സഹപ്രവത്തകരായിരിക്കും കാറിൽ വന്നത്

എന്നു കരുതി വിലാസിനി വേഗത്തിൽ വാതിൽ തുറന്നു. അവരം ഞെട്ടി പുറകോട്ടു വലിഞ്ഞു. മുഖംമൂടി ധരിച്ച ഭീമകായരായ ഒരുക്കൂട്ടം അക്രമികരം. അവർ നിറതോക്കുകളുമായി കാറിൽനിന്നു പുറത്തേക്കു ചാടി. ഒരുവൻ ഒരു ശബ്ദം പുറപ്പെടുവിച്ചു. ഞൊടിയിടയിൽ വൈദ്യുതദീപങ്ങളുടെ വയറും ടെലിഫോൺ കമ്പികളും വിച്ഛേദിക്കപ്പെട്ടു നാടെങ്ങും ഘോരാന്ധകാരം. ഠേ, ഠോ, ചില വെടികരം മുഴങ്ങി വിലാസിനി അലർച്ചയോടെ പുറകോട്ടു മറിഞ്ഞു. കുഞ്ഞുങ്ങരം ഞെട്ടിവിറച്ചു കരഞ്ഞു. വീണ്ടും ഠേ, ഠേ, വെടികരം പൊട്ടി. ഓമനക്കുഞ്ഞുങ്ങരം നിലംപതിച്ചു. പന്തങ്ങരം തെളിഞ്ഞു. സുകു മടങ്ങി വരുന്നതിനു മുമ്പ് അപഹരണം നടത്താൻവന്ന അക്രമി സംഘമായിരുന്നു അവർ. സുകു വന്നതറിയാതെ അവർ വീടു പരിശോധന നടത്തി. തീവട്ടികരം തെളിഞ്ഞു. അവരുടെ കയ്യിലെ വെളിച്ചത്തിൻെറ രശ്മി സുകു പതുങ്ങിയിരുന്ന മുറിയിലേക്കും പ്രസരിച്ചു. അവിടെയുണ്ടായിരുന്ന കൈത്തോക്ക് അവൻ നിശബ്ദനായി കൈക്കലാക്കി. സൂക്ഷ്മദൃക്കുകളായ കവർച്ചക്കാരിൽ ഒരുവൻെറ കണ്ണിൽ സുകുവും പെട്ടു. അവൻ വിളിച്ചുപറഞ്ഞു: അതാ ഒരുവൻ പതുങ്ങിയിരിക്കുന്നു. ഈ ശബ്ദം കേട്ടമാത്രയിൽ സുകു തൻെറ കയ്യിലിരുന്ന കൈത്തോക്കിൻെറ കാഞ്ചി വലിച്ചു. ലക്ഷ്യം തെററിയ വെടിയുണ്ട പെരുത്ത ശബ്ദത്തോടെ പാഞ്ഞകന്നു.

ഠേ, ഠേ, ഠേ. രണ്ടുമൂന്നു തോക്കുകരം ഒരുമിച്ചു നിറയൊഴിഞ്ഞു. സുകു നിലത്തുകിടന്നു പിടച്ചു, അവനും നിശ്ചലനായി. രക്തപ്രവാഹത്തിൽ കുളിച്ചുകിടക്കുന്ന കുടുംബാംഗങ്ങളെ നോക്കേണ്ട കാര്യം ആക്കാണുള്ളത്. അവിടെ വീണുകിടക്കുന്ന നാലു മനുഷ്യക്കോലങ്ങളേക്കുറിച്ച് അന്വേഷിക്കേണ്ട ആവശ്യം ആക്കുമില്ല. അവരുടെ ജീവൻ ആശതർക്കു വിലയുള്ളതുമല്ല.

അവർ വീടാകെ പരിശോധന നടത്തി. പൊൻപണ്ടങ്ങളും വിലപിടിപ്പുള്ള സാധനങ്ങളും ധാരാളം കൈക്കലാക്കി. വിലയേറിയ സാധനങ്ങരം, നാണയങ്ങരം,

ആഭരണങ്ങൾ, എന്നുവേണ്ട എടുക്കാവുന്നിടത്തോളം കൈക്കലാക്കി കൃതാൎത്ഥതയോടെ അവർ മടങ്ങി. രംഗം ആകെ നിശബ്ദമായി. ശോകമൂകമായ കൂരിരുട്ടിൽ സകലവും ലയിച്ചു. പട കഴിഞ്ഞ പടക്കളം പോലെ. സകലവും വീട്ടിലും പരിസരങ്ങളിലും ചിന്നിച്ചിതറി കിടപ്പുണ്ടു്. തളംകെട്ടിക്കിടന്ന രക്തത്തിൽ മുഴുകി നാലു മനുഷ്യകോലങ്ങൾ നിശ്ചലമായി കിടപ്പുണ്ടു്. വിദ്യുച്ഛക്തിയും ടെലഫോൺ ബന്ധവും നഷ്ടീഭവിച്ച ഭവനത്തിലേക്കു കയറിച്ചെല്ലുവാൻ ആരും ധൈര്യപ്പെട്ടില്ല.

വെടിപൊട്ടലിൻെറ ശബ്ദം അടുത്ത കുന്നുകളിൽനിന്നു കേട്ട ആളുകൾ കാര്യം ഏതാണ്ടു് ഊഹിച്ചു. അത്തരം സംഭവങ്ങൾ അവിടെ ആദ്യമല്ല. ആരുടെയും ദൃഷ്ടിയിൽ പെടാതെ ഇരുളിൻെറ മറവിൽ ആരോ പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ചു. അപ്പോഴേക്കും രാത്രിയുടെ യാമങ്ങൾ രണ്ടു കഴിഞ്ഞു. ഒരു സംഘം പോലീസുകാരും ആ തോട്ടത്തിലെ ഏതാനും ആളുകളും ആയുധപാണികളായി ആറേഴു കാറുകളിൽ സുകുവിൻെറ വീട്ടിലെത്തി. ക്രൂരത നടമാടിയ കൂരിരുട്ടിൽ അവിടെ നടന്ന സംഭവങ്ങൾ എരിയുന്ന പന്തങ്ങളുടെ സഹായത്തോടെ അവർ മനസ്സിലാക്കി.

കഷ്ടം! വിലാസിനിയും മക്കൾ ഇരുവരും ചോരയിൽ കുളിച്ചു കിടക്കുന്നു. ആ മരവിച്ച ശരീരം അവർ വലിച്ചുപൊക്കി വാനിൽക്കയററി. മുറികൾ പരിശോധിച്ചവർ വിളിച്ചറിയിച്ചു സുകു ഇവിടെയുണ്ടു്. അവർ ഓടിവന്നു. സുകുവിൻെറ ശരീരവും പൊക്കിയെടുത്തു വാനിൽ·ആക്കി. ആ വാൻ അതിശീഘ്രം ആസ്പത്രിയിലേക്കു പാഞ്ഞു. ഡോക്ടർ പരിശോധിച്ചു വിലാസിനിയും കുട്ടികൾ ഇരുവരും മരിച്ചുകഴിഞ്ഞു.

രക്തം വാൎന്നുപോയ സുകു ചലനം അററവനായിത്തീൎന്നുവെങ്കിലും ജീവൻ വിട്ടുപോയിരുന്നില്ല. ആശുപത്രി അധികാരികൾ പറഞ്ഞു: ആശയ്ക്കു വകയൊന്നുമില്ല, എങ്കിലും ശ്രമിച്ചുനോക്കാം. അവർ വളരെ ശ്രമിച്ചു. അ

ക്ഷീണശ്രമങ്ങരം ചെയ്തു. ഒരു കണ്ണും ഒരു കയ്യും നഷ്ടപ്പെട്ട വനായും മുടന്തുള്ള ഒരു വിരൂപിയായും നീണ്ട ഒൻപതു മാസങ്ങൾക്കു ശേഷം സുകു ആശുപത്രിയിൽനിന്നു വെളി യിൽ വന്നു. സുകുവിൻെറ മുഖവും ശരീരത്തിൻെറ പല ഭാഗങ്ങളും ആവത്തിച്ചാവത്തിച്ചുള്ള ശസ്ത്രക്രിയയ്ക്കു വിധേ യപ്പെട്ടുകയാൽ വിരൂപമായിത്തീർന്നു. സകലവും നഷ്ട പ്പെട്ട സുകു ജോലിചെയ്യാൻ കഴിവില്ലാത്തവനായി പുറ ത്തേക്കു വന്നു. അവൻ താമസിച്ച വസതിയിലേക്ക് ഒരുവിധത്തിൽ ചെന്നുകയറി. സുകുവിനു പകരം നിയ മിക്കപ്പെട്ട ഉദ്യോഗസ്ഥൻ കുടുംബസഹിതം ആ വീട്ടിൽ പാക്കുന്ന കാഴ്ചയാണ് അവൻ കണ്ടതു്. അവിടേക്കു ക യറിച്ചെന്ന സുകുവിനെ അറിയാത്ത ഗൃഹനായിക, ഒരു ഭിക്ഷു എന്നുകരുതി സുകുവിനെ ശകാരിച്ചു പുറത്താക്കി. നിരാശനായ സുകു മരിക്കാനുള്ള ആഗ്രഹത്തോടെ അവി ടെനിന്നു സാവകാശത്തിൽ നടന്നകന്നു. പൂവ്വകാലങ്ങരം അവൻ അയവിറക്കി.

സുകു പറഞ്ഞു:—എൻെറ പാപം എന്നെ കണ്ടെത്തി. എൻെറ അക്രമത്തിൻെറ ഫലം ഞാൻ അനുഭവിക്കുന്നു. വിലാസിനി അവരം എന്നെ വിട്ടകന്നു. പിഞ്ചോമന കളും എങ്ങോ മാറി അകന്നു. അശുദ്ധനായ എനിക്ക് ആ കൊച്ചു മാലാഖമാരുടെകൂടെ താമസിക്കാൻ യോഗ്യത യില്ല. വിലാസിനി! അവരം എന്നെ സ്നേഹിച്ചു, അ താണ് അവളുടെ കുററം. അതിൻെറ ശിക്ഷ അവളും ഏററു. ക്രൂരതയുടെ കരം എൻെറ നേരേ നീട്ടിയ നിയതി എത്ര നിർദ്ദയൻ. അവൻെറ നിർദ്ദയതയുടെ ആധിക്യ മല്ലേ എൻെറ ജീവിതം വിട്ടിട്ടു പൊട്ടുളഞ്ഞതു്. ഈ ദു:ഖമെല്ലാം ഞാൻ വലിച്ചുകുടിക്കണം. ഞാൻ അതിനു തികച്ചും അർഹനാണ്. ഈ നീചതപങ്ങളുടെ ഭാരം താങ്ങു വാൻ ഇനി എനിക്കു കരുത്തില്ല. ഇന്നു്, ഇന്നുതന്നെ ഞാൻ ഇതിനു് അന്തംവരുത്തും. വിലാസിനി—അവരം പോയി. ലോലമ്മ—അവരം ഇനി എന്നെ സ്വീകരിക്കു മോ? ഒന്നരമാസത്തിനകം ഞാൻ അവളെ എത്ര കഷ്ടപ്പെ ടുത്തി. ആറുപോലെ ഒഴുകിയ അവളുടെ കണ്ണുനീർ എൻെറ

കരളിനു വിനോദമായിരുന്നു. മാർജ്ജാരൻ അർദ്ധപ്രാണനാക്കിത്തീർത്ത എലിക്കുഞ്ഞുങ്ങളെ കൈത്തണ്ടിനാൽ അങ്ങോട്ടും ഇങ്ങോട്ടും തട്ടിമറിച്ചിട്ടു വിനോദിക്കുന്നതുപോലെ, അവരു് എനിക്കൊരു കളിപ്പാട്ടമായിരുന്നു. ഞാൻ ദുഷ്ടൻ! നീചൻ! എനിക്കു ജീവിപ്പാൻ അർഹതയില്ല. എന്റെ ദുഷ്ടതയുടെ ഭാരം താങ്ങുവാൻ ഈ ഭൂമിക്കു കരുത്തില്ല. ഇതിനു ഞാൻ പരിഹാരം വരുത്തും. ഇന്നുതന്നെ ഈ ജീവിതം അവസാനിപ്പിക്കും. അതിനുള്ള പദ്ധതി തയ്യാറാക്കി സുകു മുന്നോട്ടു നടന്നു. ഇനി ആശിപ്പാൻ ഒന്നുമില്ല. ഓർത്തു വിലപിപ്പാൻ ആരുമില്ല. നാട്ടാരുടെ നിന്ദയ്ക്കുവേണ്ടി സ്വന്ത നാട്ടിലേക്കു് ഇനി തിരിച്ചുപോകില്ല. മതി മതി. അവൻ നടന്നു് ഒരു പാലത്തിൽ കയറി. കൂലംകുത്തിമറിയുന്ന പ്രവാഹം. ഇടംവലംനോക്കാതെ കുതിച്ചു് അവൻ ആററിലേക്കു ചാടി. ഗ്ളു് ശബ്ദത്തോടെ അവൻ താണു. ചില ഓളങ്ങരു് അലതല്ലി ഒതുങ്ങി.

തോട്ടം മാനേജർ സായിപ്പും കൂട്ടരും ഒരു ബോട്ടിൽ വിനോദയാത്ര നടത്തുകയായിരുന്നു. പാലത്തിൽനിന്നു് ഒരുവൻ ആററിലേക്കു ചാടുന്നതു് അവർ അകലെവച്ചു കണ്ടു. അവരിൽ ഒരുവൻ വിളിച്ചുപറഞ്ഞു, ആരോ ആററിലേക്കു ചാടി എന്നു്. എല്ലാവരും ദൂരെനിന്നു നോക്കി. ഒരു ചലനവും ഇല്ല. ഒഴുക്കിൽപ്പെട്ട ഒററക്കയ്യനെ ശക്തിയായ ഒഴുക്കു് താഴേക്കു തള്ളി. അവൻ ഒന്നു പൊങ്ങി. വളരെ താഴെനിന്നും ഒഴുക്കു മുറിച്ചു മേലോട്ടു കയറിവന്ന ബോട്ടിനു സമീപത്താണു് അവൻ പൊങ്ങിയതു്. ബോട്ടുകാർ കയ്യുയർത്തി മുകളിലേക്കു പൊങ്ങിവന്ന മനുഷ്യനെ പിടിച്ചെടുത്തു ബോട്ടിലിട്ടു. ഒരുവൻ പറഞ്ഞു: അയ്യോ! ഇതു സുകുവാണു്. സുകു—സുകുതന്നെ. അപ്പോഴാണു് സുകുവിന്റെ ശരീരത്തിൽ വന്നുഭവിച്ച അംഗവൈകല്യവും വൈകൃതവും അവർക്കു മനസ്സിലാക്കാൻ കഴിഞ്ഞതു്. മാനേജർ സായിപ്പു് ചില പ്രഥമശുശ്രൂഷകരു് ചെയ്തു് വീണ്ടും സുകുവിനെ ആശുപത്രിയിലാക്കി. അദ്ദേഹത്തിന്റെ പ്രത്യേകമേൽനോട്ടത്തിൽ സുകുവിന്റെ ചികിത്സ നടന്നു.

അതു് ഒരു മിഷ്യൻആശുപത്രിയായിരുന്നു. രോഗികളെ സന്ദർശിക്കാനും, സമാധാനത്തിൻെറ സുവിശേഷം അറിയിക്കാനും, നിത്യതയേയും ആത്മാവിനേയുംകുറിച്ചു് ഓർമ്മിപ്പിക്കാനും മററുമായി നിയമിക്കപ്പെട്ട ഒരു സുവിശേഷകൻ ആ ആശുപത്രിയിൽ ഉണ്ടായിരുന്നു. സുകുവുമായി പരിചയിക്കാൻ അദ്ദേഹത്തിനു് വളരെ വേഗത്തിൽ കഴിഞ്ഞു. ബോധവാനായിത്തീൎന്ന സുകുവിനെ സുവിശേഷകൻ കൂടെക്കൂടെ സന്ദർശിക്കുക പതിവായിരുന്നു അദ്ദേഹത്തിൻെറ മുഖം പ്രശാന്തവും വിശുദ്ധിയുടെ പ്രകാശം ദ്യോതിപ്പിക്കുന്നതുമായിരുന്നു. തന്നത്താൻ മറന്നു് രാപകലില്ലാതെ ഓരോ രോഗിയുടെയും അടുത്തു ചെന്നു് ആശ്വാസവാക്കുകൾ പറയുകയും വേദഭാഗങ്ങൾ വായിച്ചുകേൾപ്പിക്കയും മററും ചെയ്യുന്ന ആ മനുഷ്യസ്നേഹി അവിടെയുള്ള സകലൎക്കും പ്രിയംകരനായിരുന്നു. സുകുവിൻെറ ഹൃദയത്തേയും കവൎന്നെടുക്കാൻ അദ്ദേഹത്തിനു വേഗത്തിൽ കഴിഞ്ഞു.

പാപിയെ സ്നേഹിക്കുന്ന ദൈവത്തിൻെറ സ്നേഹം സുകു സുവിശേഷത്തിൽക്കൂടെ മനസ്സിലാക്കി. ഏതു് അധൎമ്മിക്കും മോചനം നല്കാൻ കഴിവുള്ള ദൈവത്തേയും ദൈവത്തിൻെറ പ്രവൎത്തനത്തേയും കുറിച്ചു് അദ്ദേഹം സുകുവിനോടു പറഞ്ഞു. രക്തപങ്കിലമായ അധൎമ്മിക്കും ഹിമസമാനമായ വിശുദ്ധിയുടെ വെണ്മ നൽകുന്ന ദൈവത്തെക്കുറിച്ചു് സുകു ഗ്രഹിച്ചു. അവൻെറ കുററങ്ങൾ അവൻ ഏററുപറഞ്ഞു. ഹൃദയത്തകർച്ചയോടെ സൎവ്വകൃപാലുവായ ദൈവസന്നിധിയിൽ അവൻ പശ്ചാത്തപിച്ചു. ശരീരത്തിലും മനസ്സിലും ആത്മാവിലും സുകു ക്രമേണ സൗഖ്യം പ്രാപിച്ചു. ഏറെദിവസം കഴിയുന്നതിനു മുമ്പു് സുകു സായിപ്പിൻെറ ബംഗ്ലാവിലേക്കു് ആശുപത്രി വാനിൽ തന്നെ അയയ്ക്കപ്പെട്ടു. ആരും അറിയാതെ അവിടെ താമസിച്ചു് ആയുസ്സു് അവസാനിപ്പിക്കാം എന്നു സുകു കരുതി. ദീനദയാലുവായ ദൈവത്തിൻെറ കണ്ണു് അവിടെയും സുകുവിനെ പിൻപററുന്നുണ്ടായിരുന്നു. ആശുപത്രി വാനിൽ സായ്പിൻെറ ബംഗ്ലാവിലേക്കു് സുകു അയയ്ക്കപ്പെ

ട്ടപ്പോഠം അവനു് അതു് അത്ര ഇഷ്ടമല്ലായിരുന്നെങ്കിലും ആരും അറിയാതെ അവിടെ കുറച്ചു താമസിച്ചശേഷം ബാക്കികാര്യങ്ങഠം പിന്നാലെ തീരുമാനിക്കാം എന്നു കരുതിയാണു് അയാഠം അങ്ങോട്ടു പോയതു്.

സന്തോഷത്തോടെ സായിപ്പു് സുകുവിനെ സ്വീകരിച്ചു. അവനു വിശ്രമിപ്പാൻ ഒരു ചെറിയ വീടു് കാണിച്ചുകൊടുത്തു. ഇനി എങ്ങും പോകേണ്ടാ. ഒന്നിനെക്കുറിച്ചും ഭാരപ്പെടേണ്ടാ. ആയുസ്സു മുഴുവൻ ഇവിടെ കഴിഞ്ഞുകൊള്ളു എന്നുപറഞ്ഞാണു് അദ്ദേഹം സുകുവിനെ സ്വീകരിച്ചതു്. ഈ നടന്ന കാര്യങ്ങളുടെ ഒന്നും അർത്ഥം ഗ്രഹിക്കാൻ കഴിവില്ലാത്ത സുകു അമ്പരപ്പോടെ ഉയരത്തിലേക്കു നോക്കി. എത്രപ്രാവശ്യം മരണവുമായി മല്ലുകെട്ടി—എന്തുകൊണ്ടു ഞാൻ മരിച്ചില്ല?! അല്ല—എന്തിനു ഞാൻ മരിക്കണം! എന്തിനുവേണ്ടി ജീവിക്കണം! വികാരങ്ങളുടെ വലിയ ഓളംതള്ളൽ. ആ ഹൃദയത്തിൽ വേലിയേററവും ഇറക്കവും ആവർത്തിച്ചാവർത്തിച്ചു് ഉളവാക്കി.

ആ സമയത്താണു് സുകു പാർത്തിരുന്ന ബംഗ്ലാവിൻെറ അടുത്ത കുന്നിലെ ബംഗ്ലാവിൽ പാർത്തിരുന്ന മാങ്കോത്തു് ലൂയീസ്കുട്ടി സായ്പിനെ കാണാൻ കയറിവന്നതു്. അനേകരുടെയും ചിന്തയിൽ സുകു മരിച്ചു എന്ന ധാരണയാണു കിട്ടിയിരുന്നതു്. അക്കൂട്ടത്തിലായിരുന്നു ലൂയീസും. അയാഠക്കു് തൻെറ കണ്ണുകളെ വിശ്വസിക്കാൻ കഴിവില്ലാതെ വന്നു. സായ്പിൽനിന്നുതന്നെ സുകുവിൻെറ സകല വിവരവും ലൂയീസ് ഗ്രഹിച്ചു. അയാളുടെ കണ്ണുകളിൽക്കൂടെ സഹതാപത്തിൻെറ വെൺമുത്തുകഠം അടന്നടന്നു വീണു.

ഹൃദയാൽ ലൂയീസിനോടു ചേർച്ചയില്ലാതിരുന്ന സുകുവിനു്, ആ കൂടിക്കാഴ്ച വളരെ വെറുപ്പുളവാക്കി. ലൂയീസിൻെറ ദൈവവിശ്വാസവും ഭക്തിയും സുകു വളരെ വെറുപ്പോടെയാണു് വീക്ഷിച്ചിരുന്നതു്. അയോഗ്യമായവിധത്തിൽ വിലാസിനിയുമായി സുകുവിനുണ്ടായ വേഴ്ചയെക്കുറിച്ചു് ലൂയീസ് അവരെ ഗുണദോഷിക്കാൻ ശ്രമിച്ചി

...TAYAM PUBLIC LIBRA...

ട്ടുണ്ട്. ഒരിക്കൽ ലൂയീസിനെ സുകു തൻെറ ഭവനത്തിൽ നിന്നു് ആട്ടി പുറത്താക്കിയതാണു്. അടി വാങ്ങാതെ ലൂയീസ് രക്ഷപെട്ടെന്നേ ഉള്ളു. ആ പൂർവ്വസ്മരണയും സുകു അയവിറക്കി.

ലൂയീ:—സ്നേഹിതാ, സുകു. വിവരങ്ങളെല്ലാം ഞാൻ അറിഞ്ഞു. എന്നോടുള്ള പൂർവ്വവിരോധങ്ങൾ എല്ലാം മറക്കുക. ഞാൻ നിൻെറ ഹൃദയത്തെ വാക്കുകളാൽ മുറിപ്പെടുത്തിയിട്ടുണ്ടെങ്കിൽ എന്നോടു ക്ഷമിക്കുക.

സുകു:—ഞാനല്ലേ ദുഷ്ടൻ. ഈശ്വരകോപത്തിനു വിധേയനായ എനിക്കു നല്ല ആലോചനയുമായി കടന്നുവന്ന നിങ്ങളെ നിഷ്ക്കരുണം ആട്ടി പുറത്താക്കിയ ദ്രോഹി ഞാനല്ലയോ—ക്ഷമാപണം ചെയ്യേണ്ടവൻ ഞാൻ തന്നെ.

ലൂയീ:—സുകു, നിൻെറ സാമീപ്യത്തിനുവേണ്ടി കാത്തിരിക്കുന്ന കണ്ണാണു് സ്നേഹസ്വരൂപനായ ദൈവം നിന്നിൽ പതിച്ചിരിക്കുന്നതു്. വന്ന ആപത്തുകൾ എല്ലാം ഭീകരമായിരുന്നെങ്കിലും നിങ്ങളെ പിൻപററിയ ആ കരുണയുടെ കണ്ണത്രേ ഇതുവരെ നിങ്ങളെ സ്നേഹിച്ചതു്, രക്ഷിച്ചതു്.

സുകു:—ആയിരിക്കാം. എന്നാൽ എനിക്കു മനസ്സിലാകാത്ത ഒരു കാര്യമുണ്ടു്. അതു നിങ്ങൾ എനിക്കു വെളിപ്പെടുത്തി തരുമോ?

ലൂയീ:—ആവതു ശ്രമിക്കാം.

സുകു:—നിങ്ങളുടെ ശത്രുവായിരുന്ന എന്നെ നിങ്ങൾക്കു് എങ്ങനെ സ്നേഹിപ്പാൻ കഴിഞ്ഞു? നിങ്ങളെ പകച്ച എന്നോടു്, എങ്ങനെ കരുണ തോന്നി?

ലൂയീ:—ഒരുകാലത്തു് ദോഷിയായി ദൈവത്തിനും മനുഷ്യർക്കും വെറുപ്പുവരുത്തി ജീവിച്ച എന്നിൽ പതിച്ച ദൈവസ്നേഹം ഞാൻ നിങ്ങളിലേക്കു പകന്നു എന്നുമാത്രം.

സുകു:—ആ സ്നേഹം, ദോഷിയെ സ്നേഹിക്കുന്ന ദൈവസ്നേഹം, ദൈവം എന്നിലും പകരുമോ?

ലൂയീ:–നിശ്ചയം–പകന്നിരിക്കയാണു്. ആ സ്നേഹമാണു് ആപത്തിൻെറ പടുകുഴിയിൽനിന്നെല്ലാം നിന്നെ രക്ഷിച്ചതു്. ഇനിയും സകലകാര്യങ്ങളും ക്രമീകരിക്കത്തക്കവണ്ണം ആ കരുണാനിധി സർവ്വശക്തനും ആശ്രിതവത്സലനുമാണു്.

ലൂയീസിൻെറ സന്തതസഹചാരിയായ ഒരു ചെറിയ ഇംഗ്ലീഷ് ബൈബിൾ അയാളുടെ പാൻറിൻെറ പോക്കററിൽനിന്നു വലിച്ചെടുത്തു് അയാൾ സുകുവിനു സമ്മാനിച്ചു. വെറുതെയിരിക്കുമ്പോൾ ഇതു വായിക്കുക, ഇതു നിങ്ങളോടു സംസാരിക്കും എന്നുപറഞ്ഞു് ലൂയീസ് നിറകണ്ണോടെ യാത്രപറഞ്ഞു. സുകു അയാളെ വീണ്ടുംവിളിച്ചു. രണ്ടുകണ്ണുള്ളവനായിരുന്നപ്പോൾ ഞാൻ ഇതു നിഷേധിച്ചു. ഒററക്കണ്ണുകൊണ്ടു ഞാൻ ഇതു വായിക്കും. എന്നാൽ ഈ വാർത്തയൊന്നും നീ നാട്ടിൽ അറിയിക്കരുതു്. അയാൾ അതു സമ്മതിച്ചു. വീണ്ടും യാത്രപറഞ്ഞു, പലപ്പോഴും ഞാൻ ഇവിടെ വരാറുണ്ടു്. അവസരം ലഭിക്കുമ്പോഴെല്ലാം വന്നു കണ്ടുകൊള്ളാം. ആവശ്യമുള്ളപ്പോൾ നിങ്ങൾക്കു് എന്നെ വിളിക്കാൻ സ്വാതന്ത്ര്യം ഉണ്ടു്. എപ്പോഴായാലും ഞാൻ വന്നു കണ്ടുകൊള്ളാം.

x x x x x

## പത്തു്

ലോലമ്മ മാങ്കോത്തു താമസമാണു്. അന്നത്തേതിൽ പിന്നെ ഇതുവരെ മാനംകോയിക്കലേക്കു പോയിട്ടേ ഇല്ല. അവൾ കണ്ണീരും കയ്യുമായി കഴിയുകയാണു്. പലപ്പോഴും ആത്മഹത്യയ്ക്കു് അവൾ ആഗ്രഹിച്ചിട്ടുണ്ടു്. എന്നാൽ ആയിടെ അവിടേക്കു സ്ഥലംമാറിവന്ന വികാരിയച്ചൻെറ സന്ദർശനം അവളിൽ ചില പുതിയ പ്രകാശരശ്മികൾ വീശി. ദുഃഖത്തിലാണ്ട വ്യക്തികളോടു് ഇടപെടാനും അവരിലേക്കു് ആശ്വാസം പകരാനും അദ്ദേഹത്തിനുള്ള

കഴിവു് പ്രത്യേകമായിരുന്നു. ഒരുദിവസം അവൾ അച്ഛനോടു ചോദിച്ചു:

ലോല:-അച്ഛാ ദൈവം സ്നേഹമുള്ളവനെങ്കിൽ എന്നെ ഇത്ര ചൂടേറിയ ചൂളയിൽക്കൂടെ കടത്തുന്നതു് എന്തിനു്?

അച്ഛൻ:—മകളെ ഞാൻ പറയാം. നിനക്കു് എൻെറ ഇളയമകളുടെ പ്രായത്തിലെത്താൻ ഇനിയും വർഷങ്ങൾ കഴിയണം. എനിക്കു് അനുഭവത്തിൽനിന്നും പല കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞിട്ടുണ്ടു്.

ലോല:—അതാണു് എനിക്കു കേൾക്കേണ്ടതു്. തത്വമല്ല.

അച്ഛൻ:—എൻെറ ഇളയമകൾക്കു് കാലിൽ ഒരു മുറിവുണ്ടായി. അതു പഴുത്തു. അവൾ പല മരുന്നും പുരട്ടി. അതു സുഖമായില്ല. പഴുപ്പു വർദ്ധിച്ചു. ഞാൻ ഒരുദിവസം അവളുടെ വ്രണം തേച്ചുകഴുകി. അവൾ വേദനപ്പെട്ടു. വ്രണത്തിൻെറ തടിച്ചുകറുത്ത അരികുകൾ ഞാൻ കത്രിച്ചു. അവൾ അലറിക്കരഞ്ഞു. അവളുടെ അമ്മയും മൂത്ത സഹോദരിമാരും കൈകാലുകളിൽ ബലമായി പിടിച്ചു. ഞാൻ മുറിവിൽ മരുന്നു പുരട്ടി വച്ചുകെട്ടി. രണ്ടുമൂന്നു ദിവസങ്ങൾ അതു് ആവർത്തിച്ചു. ഒരുമാസമായി കരിയാതിരുന്ന വ്രണം ഒരാഴ്ചയ്ക്കുള്ളിൽ പൂർണ്ണസുഖമായി.

ലോല:—അതിനെന്താ അതു വേണ്ടതല്ലേ. പഴുപ്പിരുന്നാൽ സുഖമാകയില്ല

അച്ഛൻ:—മകളെ നീ പറഞ്ഞതു വളരെ ശരിതന്നെ. ഞാൻ വ്രണം കഴുകിയപ്പോഴും അരികുകൾ കത്രിച്ചപ്പോഴും നീറുന്ന മരുന്നു വച്ചുകെട്ടിയപ്പോഴും എൻെറ മകൾക്കു് ഞാൻ നിർദ്ദയനായി അനുഭവപ്പെട്ടു എന്നാൽ സുഖമായശേഷമാണു് എൻെറ നിർദ്ദയത്വം സ്നേഹത്തിൻെറ പ്രകടനമാണെന്നു മനസ്സിലാക്കാൻ അവൾക്കു കഴിഞ്ഞതു്.

ലോല:-അച്ഛാ മനസ്സിലായി. ആശയം ഞാൻ നല്ലവണ്ണം ഗ്രഹിച്ചു.

അച്ചൻ:—മകളെ—നീ വിദ്യാഭ്യാസവും ബുദ്ധിശക്തിയും ഉള്ളവളാണ്. ഒരു സൂചന കിട്ടിയാൽ നീ ഗ്രഹിപ്പാൻ കഴിവുള്ളവളാണെന്ന് എനിക്കറിയാം.

മറി:—അച്ചാ! എല്ലാം നേരാ. ഏതായാലും ഇങ്ങനൊക്കെ വന്നു. കൊല്ലം ഏഴെട്ടായി അവൻ പോയിട്ട്—ഇതിനോടകം ഒരു എഴുത്തുമില്ല, അനക്കോമില്ല, അറിവുമില്ല.

അച്ചൻ:—അതിനെന്തുവേണം. അവൻെറ വീട്ടിലേക്ക് എഴുത്തുവരുന്നുണ്ടോ.

മറി:—ആക്കറിയാം. ആരു തിരക്കുന്നു. പൊകഞ്ഞ കൊള്ളി പൊറത്ത്. തമ്പുരാനെ ഇവക്കിങ്ങനെ വന്നല്ലോ.

അച്ചൻ:—ദൈവം സകലവും നന്മയ്ക്കായി ചെയ്യും.

മറി:—എന്നാലും എവരം ഇങ്ങനെ നിന്നാ മതിയോ?

ലോല:—പോരാ, ഇരിക്കുകേം നടക്കുകേം, കെടക്കുകേം, ജോലിചെയ്യുകേം എല്ലാം വേണം. അതൊക്കെ ചെയ്യുന്നുമുണ്ട്.

മറി:—ഇവക്കൊരു തുണയ്ക്ക് ആരാ. എൻെറ കാലം കഴിഞ്ഞാലെവക്ക് ആരുണ്ട്. ഓർക്കുമ്പോഠം എൻെറ ഉള്ളം നീറുകയാണ്.

അച്ച:—അവഠംക്ക് ഒരു ദൈവമുണ്ട്. പ്രാത്ഥന കേഠംക്കുന്ന ദൈവം. ആ കരുണാനിധി സുകുവിനെ തിരിച്ചു കൊണ്ടുവരും. ഇല്ലെങ്കിലും നമ്മുടെ സഭയുടെ നിയമപ്രകാരം അയാഠം മരിച്ചെങ്കിലല്ലാതെ ഇവഠംക്ക് ഒരു പുനർ വിവാഹം അനുവദിക്കുന്നുമില്ല.

മറി:—അച്ചാ! സഭയങ്ങു മാറിയാലോ?

ലോല:—അമ്മ ഇത്തരം വേണ്ടാത്ത കാര്യങ്ങഠം ഇനി പറയരുത്. വന്നതുപോരെ. ഒരുവൻ എന്നെ വിവാഹം ചെയ്തു. ഈ ആയുസ്സിൽ എനിക്കിനി വിവാഹം വേണ്ടാ. അദ്ദേഹം ജീവനോടെ ഉണ്ടെങ്കിലും വേണ്ടാ—മരിച്ചാലും വേണ്ടാ.

അച്ചൻ പ്രാത്ഥനസ്സുശേഷം മടങ്ങിപ്പോയി. അദ്ദേഹത്തിൻെറ കൂടെക്കൂടെയുള്ള സന്ദർശനം ആ ഭവനത്തിൽ സമാധാനത്തിൻെറയും ആശ്വാസത്തിൻെറയും വെൺകതിർ പൂശി. ലോലമ്മ ഒരു തികഞ്ഞ ദൈവഭക്തയായി രൂപാന്തരപ്പെട്ടു. ആതുരസേവനം അവളുടെ ജീവിതലക്ഷ്യമായി തിരഞ്ഞെടുത്തു.

അന്നു് പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു പരസ്യം അവഠം ഇപ്രകാരം വായിച്ചു:—"ആതുരശുശ്രൂഷകഠംക്കായി സ്വയം പ്രതിഷ്ഠിക്കാൻ ഒരുക്കമുള്ള യുവതികളെ ആവശ്യമുണ്ടു്. നിസ്വാത്ഥസേവനത്തിനൊരുക്കമുള്ളവക്കു സുവണ്ണാവസരം."

ലോലമ്മ ആ പരസ്യം പലവുരു വായിച്ചു. അവളെ സേവനത്തിനായി ആരോ വിളിക്കുന്നതുപോലെ ഒരു ശബ്ദം മണിനാദംപോലെ അവളുടെ ഉള്ളിൽ മുഴങ്ങി. അമ്മയുടെ അനുവാദത്തോടെ ലോലമ്മ ഇടവക വികാരിയുടെ വീട്ടിലേക്കു നടന്നു. ഒരു മാസിക വായിച്ചുകൊണ്ടു് ഈസിചെയാറിൽ ചാരിക്കിടന്ന അച്ചൻ പടികടന്നു കയറിവരുന്ന ലോലമ്മയെ കണ്ടു.

അച്ചൻ:—എന്താ മകളെ! ഇങ്ങോട്ടു വന്നതു്? പ്രത്യേകാൽ വല്ല കാര്യവും ഉണ്ടോ?

ലോല:—ഉണ്ടു്–ഒരുകാര്യം അറിയണം. അച്ചനോടു് ഒരു പ്രത്യേകകാര്യത്തിനു് ആലോചന ചോദിക്കണം.

അച്ച:—പറഞ്ഞാട്ടെ–കേഠക്കട്ടെ.

ലോല:—അച്ചൻ ഈ പരസ്യം കണ്ടോ. അവഠം പത്രത്തിൽനിന്നു് അതു വായിച്ചു കേഠപ്പിച്ചു. ഇതുസംബന്ധിച്ചു് കൂടുതൽ വിവരങ്ങഠം വല്ലതും അച്ചനറിയാമോ?

അച്ചൻ:—അറിയാം. ഞാനും അതിൻെറ പ്രാദേശീക കമ്മററിയിലെ ഒരു മെമ്പറാണു്. ഞങ്ങളുടെ കമ്മററിയുടെ ആലോചനപ്രകാരമാണു് ഇതു പ്രസിദ്ധീകരിച്ചതു്.

ലോല:-എനിക്കു് ആ പ്രവൎത്തനത്തേപ്പററി കൂടുതൽ അറിയാൻ ആഗ്രഹമുണ്ടു്.

അച്ചൻ:-എന്തു വേണമെങ്കിലും പറഞ്ഞുതരാം. ചോദിച്ചുകൊള്ളൂ. നാളെ അതിൻെറ ഒരു കമ്മററിയുണ്ടു്. ഞാൻ പോകുന്നുണ്ടു്. വേണമെങ്കിൽ നമുക്കൊരുമിച്ചു പോകാം. ഇവിടെ വന്നാൽ നാളെ ഒൻപതരമണിക്കുള്ള ബസ്സിൽ നമുക്കു് മന്ദിരത്തിൻെറ വാതില്ക്കൽ ഇറങ്ങാം. അവരു തുടൎന്നു പലതും ചോദിച്ചു മനസ്സിലാക്കി.

ലോല: ശരി. ഞാൻ നാളെ വരാം. അച്ചൻ പ്രാൎത്ഥിച്ചു ലോലമ്മയെ മടക്കി അയച്ചു.

പറഞ്ഞൊത്തിരുന്നതുപോലെ തക്കസമയത്തുതന്നെ അച്ചനോടൊത്തു് ലോലമ്മ മന്ദിരത്തിൽ എത്തി. അവിടെ ചെന്നശേഷം മാത്രമാണു് അവിടുത്തെ പ്രവൎത്തകരിൽ ഒരാരു ലോലമ്മയുടെ പണ്ടത്തെ കൊച്ചുകൊച്ചാണു് എന്നവരു ഗ്രഹിച്ചതു്. ഇന്നു കൊച്ചുകൊച്ചു് മന്ദിരത്തിലെ കൊച്ചു കൊച്ചമ്മയായി. ലോലമ്മയുടെ ഹൃദയം സന്തോഷിച്ചു. മന്ദിരത്തിലെ ആതുരാലയങ്ങളും തൊഴിൽ പരിശീലനകേന്ദ്രങ്ങളും കുടിൽവ്യവസായശാലകളും അവരു ചുററിനടന്നു കണ്ടു. ലഘുനിക്ഷേപ പദ്ധതിയേയും, പാർട്ടു് ടൈം വേലകരു നടത്തി ആദായം വരുത്തി സാമൂഹ്യനിലവാരം ഉയൎത്തുന്ന വിധങ്ങളേയും കുറിച്ചു ലോലമ്മ കണ്ടും കേട്ടും മനസ്സിലാക്കി. അതിലെ ഒരു പ്രവൎത്തകയായിത്തീരുവാനുള്ള ആഗ്രഹം അവരു അവരെ അറിയിച്ചു.

സന്തോഷത്തോടെ കൊച്ചുകൊച്ചമ്മയും ലോലമ്മയും കൂടി തോമ്മസ്കുട്ടിയുടെ അടുത്തുചെന്നു. അവിടെ പൗലോസു് സാറും അമ്മിണിടീച്ചറും വന്നിട്ടുണ്ടായിരുന്നു. അവിടെ നടത്തുന്ന സേവനങ്ങളെക്കുറിച്ചു് ലോലമ്മ പലതും ചോദിച്ചു. അവളുടെ ആഗ്രഹം അവൎക്കെല്ലാം ഒന്നുപോലെ സന്തോഷകരമായിരുന്നു. അവർ ലോലമ്മയെക്കൂടെ മന്ദിരപ്രവൎത്തകയായി അംഗീകരിച്ചു. അധഃസ്ഥിതരായ സ്ത്രീജനങ്ങളുടെ ഇടയിൽ സംഗീതം, തയ്യൽ മുതലായവ പരിശീലിപ്പിക്കുകയും, വയോജനവിദ്യാ

ഭ്യാസം നടത്തുകയും ചെയ്യുന്ന ചുമതല ലോലമ്മ ഏറ്റെ ടുത്തു. ഇംഗ്ലീഷിൽ സാമാന്യജ്ഞാനം നേടുകയും അക്ഷ രാഭ്യാസം സിദ്ധിച്ചിട്ടില്ലാത്തവരെ എഴുത്തും വായനയും പരിശീലിപ്പിക്കുകയും ചെയ്യുന്നതിലും ലോലമ്മ ദത്ത ശ്രദ്ധയായിരുന്നു.

ലോലമ്മയുടെ സാന്നിദ്ധ്യം ആശ്രമത്തിൽ ഒരു നവ ചൈതന്യംഉളവാക്കി. അചിരേണ മന്ദിരത്തിലെ അന്തേ വാസികളുടെ കണ്ണിലുണ്ണിയായി ലോലമ്മ തീൎന്നു. നികൃ ഷ്ടരെന്നു താറടിച്ചു പുറംപന്തിയിൽ തള്ളപ്പെട്ട അനേക യുവതികൾ ജീവിതത്തിൽ ലക്ഷ്യമുള്ളവരായിത്തീർന്നു. ആ ശാഖയുടെ പ്രവൎത്തനം കുറേക്കൂടെ വികസിതമായി. അപകൃഷ്ടരായ സ്ത്രീകളെ മാത്രമല്ല, ആതുരരായ നിസ്സഹാ യകൾക്കും ആശ്രമം അഭയമരുളി. ആഴ്ചയിൽ മൂന്നുദിവസം അച്ചൻ ആ മന്ദിരത്തിൽ ചെല്ലുമായിരുന്നു. ഒരുദിവസം സ്ത്രീജനങ്ങൾക്കും മറെറാരുദിവസം കുടിൽവ്യവസായ ശാലയിലും, വേറൊരുദിവസം തൊഴിൽപരിശീലന കേന്ദ്രത്തിലും ചെന്നു് ആത്മികമായ പ്രബോധനങ്ങൾ നടത്തുകയായിരുന്നു അച്ചൻെറ സേവനം.

വൎഷങ്ങൾ പലതു മുമ്പോട്ടു നീങ്ങി. മന്ദിരപ്രവ ൎത്തനം നാൾക്കുനാൾ വളൎന്നു. അമ്മയുടെ മരണശേഷം ലോലമ്മയുടെ കുടുംബസ്വത്തും മന്ദിരത്തിൻെറ പ്രവൎത്തന ങ്ങൾക്കായി വേർതിരിച്ചു. അവൾ അവിടെ ഒരു വ്യാഴ വട്ടക്കാലം സേവനം അനുഷ്ഠിച്ചു.

നീണ്ട ഇരുപതിൽപരം വർഷങ്ങൾ ലോലമ്മയുടെ കണ്ണുകൾ കാത്തിരുന്നു, സുകുവിൻെറ ഒരെഴുത്തെങ്കിലും കാണാൻ. ഇനി സുകുവുമായി കാണാൻ സാധിക്കും എന്ന ആശ ലോലമ്മയ്ക്കു നഷ്ടപ്പെട്ടു. അവൾ ക്രമേണ സുകു വിൻെറ എഴുത്തിനുള്ള ആഗ്രഹവും കൈവെടിഞ്ഞു. ഒന്നു മാത്രം അവൾ മുടക്കിയില്ല. സുകുവിൻെറ രക്ഷയ്ക്കുവേണ്ടി ജഗന്നിയന്താവിൻെറ സന്നിധിയിലുള്ള പ്രാൎത്ഥന. ഉള്ളം തകർന്നു് അവൾ പ്രാൎത്ഥിച്ചു. സുകു ദുഷ്ടനും നീചനും ആണെങ്കിലും അവൾ അയാളെ സ്നേഹിച്ചു. ഒരുകാലത്തു്

സുകുവിനെ വെറുത്തിരുന്ന ലോലമ്മയുടെ ഹൃദയം ഏതു ശത്രുവിനെയും സ്നേഹിക്കത്തക്കവണ്ണം ഇതിനകം രൂപാന്തരപ്പെട്ടിരുന്നു. അവളുടെ കണ്ണ് സുകുവിനെ കാണാൻ ആകാംക്ഷയോടെ കാത്തിരുന്നു. ദീർഘവർഷങ്ങൾ കാണാതിരുന്നിട്ടും അവളിൽ അങ്കുരിച്ച സ്നേഹം വളന്നുവരികയല്ലാതെ കുറഞ്ഞില്ല.

ഒരുദിവസം ലോലമ്മയ്ക്കു് ഒരു എഴുത്തുകിട്ടി. നീണ്ട ഒരു കത്തു്. ചിരകാലമായി കാണാൻ കൊതിച്ചു് അവളുടെ കണ്ണുകൾ കാത്തിരുന്ന കത്തുതന്നെആയിരുന്നു അതു്. അവളുടെ സുകുവിൻെറ എഴുത്തു്. അതു കാണാനുള്ള ഭാഗ്യം ആലിശ്ശേരി മറിയാമ്മയ്ക്കും മാനംകോയിക്കൽ കുഞ്ചാണ്ടിച്ചനും ലഭിച്ചിരുന്നില്ല. അതിനു മുൻപു് അവർ ഇരുവരും ലോകത്തോടു യാത്രപറഞ്ഞിരുന്നു.

ലോലമ്മയ്ക്കു ലഭിച്ച കത്തു് തൻെറ സകല അപരാധങ്ങളും തുറന്നു സമ്മതിച്ചുകൊണ്ടുള്ളതായിരുന്നു. അനുതാപകണ്ണീരിനാൽ അതു നനഞ്ഞിരുന്നു. ലോലമ്മയോടു കാണിച്ച നിർദ്ദയപ്രവൎത്തനങ്ങൾക്കു് അയാൾ ഹൃദയപൂൎവ്വം മാപ്പിരന്നു. അയാൾ കടക്കേണ്ടിവന്ന വിവിധരംഗങ്ങൾ ഒന്നും മറയ്ക്കാതെ അതിൻെറ നീണ്ട താളുകളിൽ രേഖപ്പെടുത്തിയിരുന്നു. ആപത്തുകൾ ഒന്നിനു പുറകെ ഒന്നായി വന്നുചേൎന്നതും അതിൽനിന്നെല്ലാം രക്ഷനേടി സായ്പിൻെറ ബംഗ്ലാവിൽ താമസമാക്കിയ വിവരവും ആ എഴുത്തിൽ വിശദീകരിച്ചിരുന്നു. ലൂയീസ്കുട്ടി മുഖാന്തരം തൻെറ ജീവിതത്തിൽ ഉളവായ പുതിയ അനുഭവത്തെക്കുറിച്ചു് സുകു വളരെ വ്യക്തമായി എഴുതി. ആരും ഇല്ലെങ്കിലും സ്വന്തമായി ഒന്നും ഇല്ലെങ്കിലും എല്ലാം ഉള്ളവരേക്കാൾ ഇന്നു് താൻ സന്തുഷ്ടനാണെന്നും വസ്തുവകകൾക്കു തരാൻ കഴിയാത്ത ഒരു ദിവ്യസന്തോഷത്തിനും സമാധാനത്തിനും താൻ അർഹനായിത്തീൎന്നിരിക്കുന്നു എന്നും സുകു എഴുതി.

എഴുത്തു് ലോലമ്മയെ ആശ്വസിപ്പിച്ചു. അവൾ ആനന്ദക്കണ്ണീർ ഒഴുക്കി. ബാഷ്പകലുഷിതമായ കണ്ണുകൾ

കൂടെക്കൂടെ തുടച്ചുകൊണ്ടു് കരച്ചിലിൻെറയും വിങ്ങിപ്പൊട്ടലുകളുടെയും ഇടയ്ക്കു് അവരം ആ എഴുത്തു് രണ്ടുമൂന്നാവത്തി വായിച്ചു.

തോമ്മസ്കുട്ടിയേയും, ആലീസ്കുട്ടിയേയും. വല്യകൊച്ചമ്മയേയും, പൗലോസ് സാറിനേയും, അവരം പിതൃതുല്യം സ്നേഹിച്ചാദരിച്ച വികാരിയച്ചനേയും ക്ഷണിച്ചുവരുത്തി ഈ എഴുത്തു വായിച്ചു കേരംപ്പിച്ചു. അവർ ഒന്നടങ്കം സന്തോഷിച്ചു. കരുണാനിധിയും സവ്വശക്തനുമായ ദൈവത്തിങ്കൽ അവർ നന്ദിയുടെ കണ്ണീർ പൊഴിച്ചു. ലോലമ്മയുടെ കാത്തിരുന്ന കണ്ണുകരം സുകുവിൻെറ എഴുത്തുകളാൽ സംതൃപ്തമായി. അവളുടെ കണ്ണിൻെറ കൊതി തീൎന്നില്ല.

ലോലമ്മ വീണ്ടും എഴുതി: അവളുടെ സ്ഥിതിഗതികരം മുഴവൻ വിശദീകരിച്ച എഴുത്തായിരുന്നു അതു്. അതിൻെറ ഒരു കോപ്പി ലൂയീസ്കുട്ടിക്കും അയച്ചു. എഴുത്തിൽ അവരം പ്രത്യേകം അപേക്ഷിച്ചു. കണ്ണില്ലെങ്കിലും കയ്യില്ലെങ്കിലും എത്ര വിരൂപിയായിത്തീർന്നുപോയാലും തരക്കേടില്ല—ആ വൈരൂപ്യം എൻെറ സൗന്ദര്യധാമമായി ഞാൻ കണക്കാക്കും. ഒരു മടിയും പറയാതെ മടങ്ങി വരണം. ഇനിയെങ്കിലും എൻെറ കണ്ണു് തുവരട്ടെ. ഞാൻ ആശ്വസിക്കട്ടെ.

അവരം കാത്തുകാത്തിരുന്നു, സുകുവിൻെറ വരവിനെ പ്രതീക്ഷിച്ചു്. സുകു എഴുത്തു വായിച്ചു. ലൂയീസിനും ആ എഴുത്തു് സന്തോഷപ്രദമായിരുന്നു. അവർ ഇരുവരും എഴുതി: നാലുമാസങ്ങരംക്കകം അവർ നാട്ടിലേക്കു മടങ്ങിവരാം എന്നു്. ലോലമ്മ ദിവസങ്ങരം എണ്ണിയെണ്ണി കാത്തിരുന്നു. ഇന്നും അവളുടെ കണ്ണുകരം തോൎന്നിട്ടില്ല. ഒരുകാലത്തു് സന്താപകണ്ണീരിനാൽ തോരാതിരുന്ന കണ്ണുകരം ഇന്നു് ആനന്ദബാഷ്പത്താലാണു് തോരാത്തതു് എന്നൊരു വ്യത്യാസം മാത്രം.

തോട്ടത്തിൽ വേലചെയ്യുകാലത്തെ ചില ആനുകൂല്യങ്ങരം കണക്കാക്കി ഒരു നല്ലതുക സായിപ്പു് സുകുവിനു

നൽകി. അയാരം ലൂയീസിനോടൊത്തു് നാട്ടിൽ എത്തി. ഒരു കയ്യും ഒരു കണ്ണുംനഷ്ടപ്പെട്ടു് ശസ്ത്രക്രിയകരംമൂലം വിരൂപിയായിത്തീർന്നുപോയ സുകുവിനെ ഇരുപതിൽപരം വർഷങ്ങരംക്ക ശേഷം കണ്ട ആക്കും തന്നെ തിരിച്ചറിയാൻ കഴിഞ്ഞില്ല. പെററ അമ്മയ്ക്കുപോലും സുകുവിനെ തിരിച്ചറിയാൻ കഴിയുമായിരുന്നില്ല.

സുകു വന്നിറങ്ങിയ സമയം ആശ്രമംവക വാൻ തുറമുഖത്തെത്തിയിരുന്നു. കാത്തിരുന്ന കണ്ണുകരം സുകുവിനെ കണ്ടു. അവരം ആ വിരൂപിയെ ആലിംഗനം ചെയ്തു. അവർ പൊട്ടിക്കരഞ്ഞു. അതിനു മൂകസാക്ഷ്യം വഹിച്ചുകൊണ്ടു് പണ്ടത്തെ കൊച്ചുകൊച്ചു് നോക്കി നിന്നു. അവളുടെ കണ്ണിൽക്കൂടെയും മുത്തുമണികരം അടന്നടന്നു വീണു.

കപ്പൽയാത്രമൂലം പരിക്ഷീണനായി തിരിച്ചെത്തിയ സുകു ജ്വരബാധമൂലം കിടപ്പിലായി. നിരവധി ഉത്സവാദിതങ്ങരം ഉണ്ടായിരുന്നിട്ടും ലോലമ്മ മന്ദിരത്തിൽനിന്നു് അവധിയെടുത്തു സുകുവിനെ ശുശ്രൂഷിച്ചു. ഇരുപതിൽപരം വർഷങ്ങരംക്ക ശേഷം അയാരം മനം കുളർക്കെ സ്നേഹത്തിൻെറ ശുശ്രൂഷകരം അനുഭവിച്ചു. അവരം അതു പൂർണ്ണമനസ്സോടെ ചെയ്തു.

കൊച്ചേമാൻെറ വരവറിഞ്ഞു് പണ്ടത്തെ എത്തപ്പാനും തെററിയാപ്പെണ്ണും വന്നു. പൂർവ്വസ്മരണകളോടും പല പല പ്രതീക്ഷകളോടുംകൂടെ. രോഗിയായ കൊച്ചേമാനെ കണ്ടു് എത്തപ്പാനും ഭാര്യയും വാവിട്ടു കരഞ്ഞു. സുകു അവരെ ആശ്വസിപ്പിച്ചു. തന്നെ രൂപാന്തരപ്പെടുത്തിയ ദൈവസ്നേഹത്തേക്കുറിച്ചു്, സുകു അവരോടു പറഞ്ഞു. എത്തപ്പാനും തെററിയാപ്പെണ്ണും ശ്രദ്ധിച്ചു കേട്ടു. കൊച്ചേമാൻെറ ഗുണദോഷം അവരിൽ ഒരു വലിയ പരിവർത്തനം ഉളവാക്കി. അയാരം തൻെറപക്കൽ ഉണ്ടായിരുന്ന പണത്തിൽ നൂറുരൂപയുടെ അഞ്ചു നോട്ടുകരം എടുത്തു് എത്തപ്പാനെ ഏല്പിച്ചു. ഇതു നിനക്കു് ഒരു വീടുവയ്ക്കാനാണെന്നു പറഞ്ഞു. എത്തപ്പാൻ പാർത്തിരുന്ന അരയേക്കർ സ്ഥലം

KOTTAYAM PUBLIC LIBRARY KOTTAYAM

സ്കു അവരുടെപേക്ക് എഴുതിക്കൊടുത്തു. സ്കുവിൻെറ ശേഷിച്ച സകല സ്വത്തും ലോലമ്മയുടെപേക്കും അന്നു തന്നെ എഴുതി.

ക്രമേണ സ്കുവിൻെറ രോഗം വർദ്ധിച്ചു. ഡോക്ടറന്മാക്കോ ഔഷധങ്ങൾക്കോ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. ചില ദിവസങ്ങൾക്കകം അയാൾ ക്ഷീണിതനായി. അനവധി ആളുകൾ സന്ദർശകരായി വന്നുംപോയുംകൊണ്ടിരുന്നു. പലരും പല അഭിപ്രായങ്ങൾ പറഞ്ഞു. സ്കു തൻെറ അന്ത്യാഭിലാഷം അറിയിച്ചു. മന്ദിരത്തിൻെറ ശ്മശാനത്തിൽ അയാളുടെ ശവം സംസ്കരിക്കണമെന്നു്. സ്കുവിൻെറ ശക്തി ക്ഷയിച്ചു. അയാൾ ലോലമ്മയോടു പലതും മാപ്പിരന്നു. ഒരു ദിവ്യസന്തോഷം അവൻെറ കണ്ണുകളിൽ പ്രസരിച്ചു. പൊലിയാൻ തുടങ്ങുന്ന ദീപം ജ്വലിച്ചു പ്രകാശിക്കുന്നതുപോലെ ആ മുഖം പ്രകാശിച്ചു. അയാളുടെ കൈകൾ മേല്പോട്ടുയർന്നു.

സ്കുവിൻെറ നിർദ്ദേശപ്രകാരം ലോലമ്മ പാടി— ''എന്നെ എതിരേല്പാനായി ദൈവദൂതർ വരുന്നു.'' അതിൻെറ അടികൾ കൂടിനിന്നവർ ഏററുപാടി. സ്കുവിൻെറ ശ്വാസഗതി നിലച്ചു. അയാളുടെ ആത്മാവു് അനന്തതയിലേക്കു പറന്നകന്നു.

ആ ശരീരം മന്ദിരത്തിൻെറ ശ്മശാനത്തിൽ അടക്കം ചെയ്തു. സ്കുവിൻെറ ശവകുടീരം അവിടെ പണികഴിപ്പിച്ചു. അയാളുടെ ശരീരം മാത്രമല്ല, സകലസ്വത്തുക്കളും മന്ദിരത്തിൽ ലയിച്ചു. കാത്തിരുന്ന കണ്ണുകൾ ദുഃഖത്താൽ വീണ്ടും നനഞ്ഞു. കാത്തിരുന്ന കണ്ണുകൾ ആനന്ദത്താൽ നനഞ്ഞു. കാത്തിരുന്ന കണ്ണുകൾ പ്രത്യാശയോടെ നനഞ്ഞിരിക്കുന്നു. എന്നും എന്നേക്കുമുള്ള സ്നേഹത്തിൻെറ വെൺമുത്തുകൾ ആ കണ്ണിൽനിന്നു് കുഴിമാടത്തിൽ നിക്ഷേപിച്ചു.

good novel for all
including children

KOTTAYAM PUBLIC LIBRARY
KOTTAYAM

M 200

Cl. No. KUR-K Acc. No. 49964

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

028

M.200

49964.

Kur-K.

കുരുവിള . എൽ. കെ.

കാണാതിരുന്ന കണ്ണുകൾ.

Kur-K.

Indic Digital Archive Foundation
gpura.org